PRESIDENT: Mr. D. C. Joseph has put a paper into my hands asking for leave to move the adjournment of the House to consider the special cholera arrangements which he wishes to be made in future.

That again, it seems to me, is not a matter which comes within the purview of the provision relating to Adjournment motions. It is purely a hypothetical matter which he is seeking to raise. As for the past the matter is one that has been before the public and the Government during cholera epidemics for a long time. Therefore, I rule that the point raised is not a matter of urgent public importance under the provisions of the rule.

I disallow the motion.

LEGISLATION.

THE TRAVANCORE NAMPUTIRI BILL.

PRESIDENT: The House will now pass on to the consideration of the Namputiri Bill.

We are at Clause 2 of the Bill.

When the Bill was before the House on the last occasion the House decided that sub-clause (7) of Clause 2 should be considered after Clause 12. So the first amendment that is now before the House stands in the name of Mr. Jathavedan Namputiripad.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): നമ്പൂതിരിബില്ലിൽ ഉ-ാംവകുപ്പു ൈ-ാം ഉപവകുപ്പു വേണ്ടെന്നു വയ്ക്കണം എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

PRESIDENT: ഈ ഭാഗം ഫ ഉ 12ത്തെ ക്ലാസ്സ് കഴിഞ്ഞിട്ടു ആലോചിച്ചാൽ മതി എന്നു നീക്കി വച്ചിരിക്കയാണ്.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): രണ്ടാംവകുപ്പിനു മുന്നു വ്യാഖ്യാനം കൂടി ചേർക്കണമെന്നുള്ളതാണ് എന്റെ അടുത്ത ഭേദഗതി. അതായതു് അസ്സൽ ആദായം, പതിവുചിലവു്, മേൽചിലവു് ഇങ്ങിനെ മൂന്നുപദം കൂടി വിശേഷാൽ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇല്ലത്തിലെ അംഗങ്ങൾക്കു ചിലവിനുകൊടുക്കേണ്ട സംഗതിയിൽ ക്ലിപ്തപ്പെടുത്തി വയ്ക്കണ്ടതായിട്ടുണ്ടു്. അസ്സൽ ആദായം എന്താണു്, ആ അസ്സൽ ആദായത്തിന്റെ എത്ര അംശമാണു പതിവുചിലവിനും മേൽചിലവിനും കൊടുക്കേണ്ടതു എന്നുകൂടി വ്യവസ്ഥപ്പെടുത്തി വയ്ക്കണം.

MR. K. N. KESAVAN NAMPUTIRIPAD (*Ternmies*): ഈ വ്യാഖ്യാനങ്ങളെല്ലാം ആദ്യം അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നു എന്നും അതു സിലക്ട് കമ്മിറ്റി തള്ളിക്കളഞ്ഞതാണെന്നും മനസ്സിലാക്കിയാമൊ?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Sir, I rise to a point of order, whether this new provision can be brought in at this stage. It was not in the Bill when it was referred to the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

Page 1

PRESIDENT : ബില്ലിൽ ഏതു വകുപ്പിനെ ഉദ്ദേശിച്ചാണ് ഈ വ്യാഖ്യാനം വേണമെന്നു പറയുന്നതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ബില്ലിൽ പന്ത്രണ്ടാംവകുപ്പിൽ ഗൃഹസ്ഥനും ഭാര്യാസന്താനങ്ങൾക്കും പ്രത്യേകം ചിലവിനു തിരിച്ചുകൊടുക്കണമെന്നുപറഞ്ഞിട്ടുണ്ടു്. എന്നാൽ അങ്ങിനെ പ്രത്യേകം തിരിച്ചുകൊടുക്കയല്ല വേണ്ടതു്. എല്ലാ അംഗങ്ങൾക്കും ഒരു ക്ലിപ്തം വച്ചു പതിവുചിലവും മേൽചിലവും കൊടുക്കയാണു വേണ്ടതു്.

PRESIDENT : ൨-ാംവകുപ്പിനുള്ള ഭേദഗതിയാണൊ ഇതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : അതെ.

PRESIDENT: ൧൨-ാംവകുപ്പു കഴിഞ്ഞിട്ടു ൨-ാംവകുപ്പു ൭-ാം ഉപവകുപ്പു് ആലോചിച്ചാൽ മതി എന്നു വച്ചിട്ടുണ്ടു്. അപ്പോൾ ഇതാലോചിച്ചാൽ പോരെ?

MR. V. N. JATHAVEDAN NUMPUTIRIPAD (*Co-opted*) : മതി.

PRESIDENT : As it seems to be a consequential provision upon an amendment which he proposes to Clause 12 and as the House has already decided that sub-clause 7 may be considered after Clause 12, this amendment will also be considered after Clause 12.

There are no amendments to Clause 3 of the Bill. The question before the House is that Clause 3 do stand part of the Bill?

The motion was carried and the Clause added to the Bill.

Clause 4.

MR. A. G. MENON (*Parur*) : My amendment is that the whole of Clause 4 be deleted.

If I am permitted I may withdraw the amendment.

MR. K. P. NILAKANTA PILLAI (*Chirayinkil*) : The member is consulting with some other members in the back.

PRESIDENT : You do not move it ?

MR. A. G. MENON (*Parur*) : I do not move it.

PRESIDENT : The next amendment stands in the name of Mr. Jathavedan Namputiripad.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ബിൽ നാലാം വകുപ്പിനുള്ള എന്റെ ഭേദഗതിയെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഇല്ലത്തിലെ കണക്കു് എല്ലാഅംഗങ്ങൾക്കും പരിശോധിക്കുന്നതിനു സൌകര്യം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ദൂരദേശങ്ങളിൽ താമസിക്കുന്ന അംഗങ്ങൾക്കു് ഇല്ലത്തിൽവന്നു കണക്കുനോക്കാൻ സൌകര്യം ഉണ്ടായി എന്നു വരികയില്ല. അതുകൊണ്ടു് ഏതെങ്കിലും അംഗങ്ങൾ കണക്കിന്റെ പകർപ്പു് ആവശ്യപ്പെട്ടാൽ അവരുടെ ചിലവിന്മേൽ അതു് അയച്ചുകൊടുക്കണം. എന്റെ ഭേദഗതി ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ർ-ാംവകുപ്പിന്റെ ഒടുവിൽ "ഇല്ലത്തിലെ ഏതെങ്കിലും അംഗം കണക്കിനു പകർപ്പ് ആവശ്യപ്പെട്ടാൽ അയാളുടെ ചിലവിന്മേൽ പകർപ്പ് അയച്ചുകൊടുക്കേണ്ടതാണ്" എന്നു് ചേർക്കണം.

PRESIDENT: Is that amendment seconded?

MR. K. N. KESAVAN NAMPUTIRIPAD (*Jennies*). It is not seconded.

MR. V. CHELLAM PILLAI (*Tovala*) I second it.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സർ, കണക്കിന്റെ പകർപ്പ് അംഗങ്ങൾക്കയച്ചുകൊടുക്കണമെന്നുള്ള ഭേദഗതിയോടു ഞാൻ യോജിക്കുന്നില്ല. ഇല്ലത്തിൽ കാരണവൻ ശരിയായ ഒരു കണക്കു വച്ചിരിക്കണമെന്നും ആ കണക്കു് ഇല്ലത്തിലെ അംഗങ്ങൾ ആവശ്യപ്പെടുമ്പോൾ യാതൊരു പ്രതിബന്ധവും കൂടാതെ കാണിക്കണമെന്നും ബില്ലിൽനിബന്ധനചെയ്തിട്ടുണ്ടു്. എന്നാൽ ഈ കണക്കിന്റെ പകർപ്പ് അയച്ചുകൊടുക്കണമെന്നു പറയുന്നതു് അർത്ഥമില്ലാത്തതാണു്. കണക്കുപരിശോധനയ്ക്കു് ഇപ്പോൾതന്നെ ബില്ലിൽ വച്ചിട്ടുള്ള നിബന്ധന ധാരാളം മതിയാകും. കൂടാതെ ഈ കണക്കിന്റെ പകർപ്പ് അയച്ചുകൊടുക്കുന്നതിനുള്ള ചിലവു് ഇന്നതാണു് എന്നു് ഒരു ക്ലിപ്തം ചെയ്തിട്ടില്ല. മിക്കവാറും കുടുംബങ്ങളിൽ കണക്കുവയ്ക്കാൻ കായ്സ്ഥന്മാരെവച്ചു കാണുകയില്ല. ആ സ്ഥിതിക്കു് കണക്കിന്റെ പകർപ്പെഴുതാനും സാധിക്കുമൊ എന്നുള്ളതും സംശയമാണു്. പിന്നീടു് കുടുംബങ്ങളിൽ മിക്കവാറും രസീതുകൊടുത്തതിന്റെ ഡ്യൂപ്ലിക്കേറ്റുഫാറങ്ങൾ മാത്രമേകാണുകയുള്ളൂ. ഇതിനുംപുറമെ കണക്കിന്റെ പകർപ്പ് അയച്ചുകൊടുത്താൽതന്നെയും അതു് അംഗങ്ങൾ നിഷേധിക്കാനും ഇടയുണ്ടു്. അതുകൊണ്ടുകണക്കുപരിശോധനയെ സംബന്ധിച്ചു് ഇപ്പോൾ ബില്ലിൽ ഉള്ള വകുപ്പു ധാരാളം മതിയാകുമെന്നാണു് എന്റെ അഭിപ്രായം.

MR. K. N. KESAVAN NAMPUTIRIPAD (*Jennies*): I oppose the amendment. It will only add to the difficulty. As the Clause stands it is more convenient for the other members to look into the accounts.

MR. R. RAMAN PILLAI (*Kottayam*): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. കണക്കുപകർപ്പു് അയച്ചുകൊടുക്കുന്നതിനു് ആവശ്യമുള്ള ചിലവു് ഇളമുറക്കാരൻ കൊടുക്കാമെന്നു പറയുന്നപക്ഷം അതു് അയച്ചുകൊടുക്കുന്നതിൽ എന്താണു വിരോധമെന്നു മനസ്സിലാകുന്നില്ല. അതിലേക്കുള്ള ചിലവു് ഇന്നതാണെന്നു ക്ലിപ്തം ചെയ്തിട്ടില്ലാത്തതുകൊണ്ടു ബുദ്ധിമുട്ടുണ്ടെന്നു പറയുകയുണ്ടായി. ഇളമുറക്കാരൻ കണക്കു പകർപ്പിനു് അയയ്ക്കുന്ന തുക മതിയാകാതെവരുന്നപക്ഷം ആ വിവരം അറിയിച്ചാൽ കൂടുതൽ അയച്ചുകൊടുക്കും. ഇംഗ്ലണ്ടിൽ താമസിക്കുന്ന ഇളമുറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ക്കാരൻ മലയാളത്തിൽവന്നു കണക്കു പരിശോധിച്ചു പോകണമെന്നു പറയുന്നതു് ഒട്ടും ശരിയല്ല. അതുകൊണ്ടു കണക്കു പകർപ്പിനുള്ള ചിലവു് അയച്ചുകൊടുക്കുന്നപക്ഷം നിശ്ചയമായും പകർപ്പു കൊടുക്കുകതന്നെവേണം.

MR. R. KESAVA PILLAI (*Kottarakra cum Kunnattur*) : I oppose the amendment. The junior member of an Illom has to meet his maintenance from the Illom itself and if he is asked to give cost for obtaining the accounts he will have to demand the very same thing from the manager of the Illom. What is the meaning of it? On the face of it, it is meaningless. So I oppose the amendment.

MR. REVATI NAL RAMAVARMARAJA (*Edavagai*) : ബില്ലിൽ കണക്കുവയ്ക്കണമെന്നു നിർബന്ധം ചെയ്തിട്ടുണ്ടു്. ആ സ്ഥിതിക്കു കണക്കുകൊടുക്കുന്നതിൽ സ്വല്പം ശ്രമമുണ്ടെന്നു വിചാരിച്ചു കണക്കു കൊടുക്കണ്ടാ എന്നു നിശ്ചയിക്കുന്നതു് ന്യായമല്ലാ. ന്യായമായിട്ടു് അതു് ആവശ്യപ്പെട്ടാലും പകർപ്പുകൊടുക്കേണ്ടതാണു്. കണക്കു പകർത്തികൊടുക്കുന്നതിനുള്ള ചിലവു് ഇന്നതാണെന്നു ക്ലിപ്തംചെയ്യാത്തതുകൊണ്ടു വിഷമമുണ്ടെന്നു മി. ഇപ്പൻനമ്പൂതിരിപ്പാടു് അഭിപ്രായപ്പെടുകയുണ്ടായി. പകർപ്പുകൊടുക്കുന്ന സംഗതിയിൽ ഗവണ്മെൻറുതന്നെ ചില ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടു്. അതനുസരിച്ചു ഇവിടേയും ചെയ്യാം. അതുകൊണ്ടു ഞാൻ മി. ജാതവേദൻനമ്പൂതിരിയുടെ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): കാരണവന്മാരും കുടുംബാംഗങ്ങളും തമ്മിൽ രമ്യമായിരിക്കുന്നകാലത്തു് കണക്കുപരിശോധിക്കുന്നതിൽ യാതൊരു തടസ്സവും കാണുകയില്ല. എന്നാൽ കുടുംബത്തിൽ അന്തഃഛിദ്രങ്ങളുണ്ടായി കുടുംബാംഗങ്ങൾക്കും കാരണവന്മാരും തമ്മിൽ യോജിപ്പില്ലാതെവരുന്ന അവസരത്തിൽ കാരണവന്റെ കണക്കു് അനന്തിരവൻ നോക്കണമെന്നു് ആവശ്യപ്പെടുകയില്ല. ആവശ്യപ്പെട്ടാൽതന്നെയും കാരണവൻ തടസ്സംപറഞ്ഞെയ്ക്കാം. എന്നുമാത്രമല്ല ദൂരദേശങ്ങളിൽ താമസിക്കുന്നവർക്കു കണക്കു പരിശോധിക്കാൻ സൌകര്യമുണ്ടായി എന്നും വരികയില്ല. അതുകൊണ്ടു് ഒരു രജിസ്റ്റർനോട്ടീസ്മൂലം കണക്കിന്റെ പകർപ്പു് അയച്ചുതരണമെന്നും അതിലേക്കുള്ള ചിലവു് അയച്ചിരിക്കുന്നു എന്നും ആവശ്യപ്പെട്ടാൽ കണക്കിന്റെ പകർപ്പെഴുതി ആവശ്യപ്പെടുന്നആൾക്കു അയച്ചുകൊടുക്കേണ്ടതാണു്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : കണക്ക് ആവശ്യപ്പെടുന്നവർ പകർപ്പിനുള്ള ചിലവ് അയച്ചുകൊടുക്കാമെന്നു പറയുന്നുണ്ട്. കൂടുതൽ ചിലവു വേണ്ടിവന്നാൽ ആ കൂടുതൽതുകയും അവർ കൊടുക്കാൻ തയ്യാറാണ്. അതുകൊണ്ടു ബ്രഹ്മസ്വത്തിന് ഒരു നഷ്ടവും വരാനില്ല. ദൂരദേശത്തു താമസിക്കുന്നവർ ഇല്ലത്തുവന്നു കണക്കു പരിശോധിച്ചുകൊള്ളണമെന്നു പറയുന്നതു വലിയ അസൌകര്യമാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കണക്ക് ആവശ്യപ്പെടുമ്പോൾ അതിലേക്കുള്ള ചിലവ് എന്താണ് എന്നു ആദ്യമെതന്നെ എഴുതി ചോദിക്കണ്ടേ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : കണക്കയച്ചാൽ അതിന്റെ ചിലവുമുഴുവനും മണിയാർഡറായി അയച്ചുകൊടുക്കുമല്ലോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): വി. പി. അയച്ചാൽ മതിയൊ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): മതി. അല്ലെങ്കിൽ അയാൾക്ക് ഇല്ലത്തുനിന്നും ചിലവിന് അയച്ചുകൊടുക്കുന്ന സംഖ്യയിൽ ഈ പകർപ്പിന് ആവശ്യപ്പെടുന്ന തുക കുറച്ചു ബാക്കി അയച്ചുകൊടുക്കുന്നതിലും വിരോധമില്ല.

PRESIDENT. The amendment before theiHouse is that 'on demand copies of accounts shall be given to any member of the Illom at his cost.' Those who are in favour of the amendment, please raise hands.

17 members voted for and 11 against.

PRESIDENT: The amendment is passed.

The question before the House is that Clause 4 as amended do stand part of the Bill? I take it that it is passed?

The motion was carried and the Clause as amended was added to the Bill.

Clauses 5 and 6.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ബില്ലിൽ ഒന്നാം വകുപ്പുകൂടെ തമ്മിൽ യോജിപ്പിച്ചില്ലാതെ കാണുന്നു.

(ഗ) പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ആയിട്ടല്ലാതെയും ഇല്ലത്തെ പ്രായംചെന്നിട്ടുള്ള എല്ലാ അംഗങ്ങളുടേയും രേഖാമൂലമായ സമ്മതത്തോടുകൂടിയല്ലാതേയും, കാരണവനാകട്ടെ ഭരണംനടത്തുന്ന മറ്റു അംഗമാകട്ടെ, ഇല്ലംവക സ്ഥാവരവസ്തുവിൽക്കുകയൊ കാണമായി ചാർത്തിക്കൊടുക്കുകയൊ പന്ത്രണ്ടു വർഷത്തിലധികം കാലത്തേക്കു കൈവശത്തോടുകൂടി പണയപ്പെടുത്തുകയൊ, മുറായം വാങ്ങിയൊ, മുറായം വാങ്ങാതെയൊ പന്ത്രണ്ടുവർഷത്തിലധികം കാലത്തേക്ക് പാട്ടത്തിനു കൊടുക്കുകയൊ ചെയ്കൂടാത്തതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. N Jathavedan Namputiripad.]

(ഛ) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, മുൻപുതന്നെ എഴുതിക്കൊടുത്തിട്ടുള്ള കരണങ്ങളും താൻ തന്നെ പൊളിച്ചെഴുതിക്കൊടുക്കുന്നതിന് കാരണവന്മാരുടെ അധികാരത്തെ ബാധിക്കുന്നതല്ല.

ഇതാണ് ൪-ാം വകുപ്പ്.

ന) പത്തുണ്ടുവർഷത്തേക്കോ അതിൽ കുറഞ്ഞകാലത്തേക്കോ കൊടുക്കപ്പെടുന്ന കൈവശപ്പണയമോ ഒരു കൊല്ലത്തെ പാട്ടത്തിൽ കവിഞ്ഞ മാരായംചേർക്കൊണ്ടുള്ള പാട്ടമോ പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ഇല്ലാതെ, പ്രായംതികഞ്ഞ എല്ലാ അംഗങ്ങളുടേയും സമ്മതത്തോടുകൂടിയും അല്ലാതെ എഴുതിക്കൊടുക്കുന്നപക്ഷം സാധുവായിരിക്കുന്നതല്ല.

ഇല്ലംവക വസ്തുവിന്റെ ഒറിയോ പാട്ടമോ.

അപ്രകാരമുള്ള ഇടപാടിന്, കാരണവന്റെ ശാഖയിലേയും അകന്നശാഖകളും ഉണ്ടെങ്കിൽ അവയിൽ ഓരോന്നിലേയും മൂത്ത അനന്തരവകാശിയുടെ രേഖാമൂലമായ സമ്മതമുണ്ടെന്നുവരികിൽ, അങ്ങനേയുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു.

ഇതാണ് ന-ാം വകുപ്പ്. ൪-ാം വകുപ്പനുസരിച്ച് കൈവശത്തോടുകൂടിയിരിക്കുന്ന പണയമോ പാട്ടമോ എഴുതികൊടുക്കാൻ അധികാരമുണ്ട്. ന-ാം വകുപ്പു കൊണ്ട് ഛ കൊല്ലത്തേയ്ക്കോ അതിൽ കുറഞ്ഞ കാലത്തേയ്ക്കോ കൈവശത്തോടുകൂടി പണയം കൊടുക്കാൻ പാടില്ലന്നു പറയുന്നു. ഇങ്ങനെ ഈ രണ്ടു വകുപ്പിനും തമ്മിൽ യോജിപ്പില്ല.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഏതു ഭാഗത്താണ് യോജിപ്പില്ലെന്നു പറയുന്നത്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ഛ കൊല്ലത്തേയ്ക്കു കൈവശാനുഭവത്തോടുകൂടി പണയപ്പെടുത്താൻ കാരണവനു അധികാരമുണ്ടെന്ന് ൪-ാം വകുപ്പിലുണ്ട്. ന-ാം വകുപ്പിൽ ഛ-വർഷത്തേയ്ക്കോ അതിൽ കുറഞ്ഞകാലത്തേയ്ക്കോ കൈവശത്തോടുകൂടിയ പണയം കൊടുക്കാൻ പാടില്ലെന്നും പറയുന്നുണ്ട്. അതായത് ഒരു കൊല്ലത്തെപാട്ടത്തിനെ കൊടുക്കാൻ പാടൊള്ളു എന്നാണ് ന-ാം വകുപ്പ്. ഇങ്ങിനെ യോജിപ്പില്ലാതെയിരിയ്ക്കുന്നതിനാൽ എന്റെ ഭേഗതി ഇവിടെ വായിക്കാം.

ബിൽ ൪-ം ന-ം വകുപ്പുകൾ തമ്മിൽ അർത്ഥം യോജിക്കുന്നില്ലാത്തതിനാൽ ടി വകുപ്പുകളെ താഴേ വിവരിക്കും പ്രകാരം ഭേദപ്പെടുത്തിചേർക്കേണ്ടതാകുന്നു.

(ഫ) ഇല്ലത്തിലെ എല്ലാ മേജർപുരുഷന്മാരുടേയും രേഖാമൂലമായ സമ്മതം ഇല്ലാതെ ഇല്ലംവരണംനടത്തുന്ന കാരണവനൊ, മറ്റംഗമൊ ഇല്ലംവകവസ്തുക്കളെ തീറുകൊടുപ്പാൻ പാടില്ലാത്തതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) ഇല്ലവസ്തുക്കളെ സംബന്ധിച്ച് ഇല്ലത്തെ കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്നശാഖകളിലേയും വയസ്സുമൂത്തവരും ചേർന്ന് എഴുതീട്ടില്ലാത്തതായ യാതൊരു പുതുക്കാണാധാരവും ഇല്ലത്തെ ബന്ധിക്കുന്നതല്ല.

എന്നാൽ ഇല്ലത്തുനിന്നും എഴുതിക്കൊടുത്തിട്ടുള്ള പഴയ കാണാധാരങ്ങളെ അതേ രീതിയിൽ പുതുക്കിക്കൊടുക്കുന്നതിന്ന് കാരണവന്നുള്ള അധികാരം ഇതിനാൽ തടസ്സപ്പെടുന്നതുമല്ല.

(ന) ഇല്ലത്തിലെ കാരണവനും മൂത്ത അനന്തരവനും എല്ലാ അകന്നശാഖകളിലേയും വയസ്സുമൂത്തവരും ചേർന്ന് അല്ലാതെ ഇല്ലംവക വസ്തുക്കളെ സംബന്ധിച്ച് എഴുതിക്കൊടുക്കുന്ന യാതൊരു പുതുക്കുറി ആധാരവും ഇല്ലത്തേക്കു ബാധകമാകുന്നതല്ല.

(ര) മാരായപ്പണം പറഞ്ഞിയോ, പറയാതെയോ, ആറു കൊല്ലത്തിൽ കവിഞ്ഞകാലത്തേക്ക് ഇല്ലംവക വസ്തുക്കളെ സംബന്ധിച്ച് കാരണവനും മൂത്ത അനന്തരവനും എല്ലാ അകന്നശാഖകളിലേയും വയസ്സുമൂത്തവരും ചേരാതെ എഴുതിക്കൊടുക്കുന്ന യാതൊരു പാട്ടച്ചീട്ടുകളും ഇല്ലത്തെ ബന്ധിക്കുന്നതല്ല. മാരായപ്പണം ഒരുകൊല്ലത്തെ പാട്ട സംഖ്യയിൽ കൂടുതൽ വാങ്ങാൻ പാടില്ലാത്തതും ആകുന്നു.

MR. G. P. NILAKANTA PILLAI (*Karunagapalli*). വസ്തുക്കൾ ഇങ്ങനെ അന്യാധീനം ചെയ്യുമ്പോൾ തറവാട്ടാവശ്യവും പ്രതിഫലവും വേണമെന്നില്ലെ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഉണ്ട്.

MR. G. P. NILAKANTA PILLAI (*Karunagapalli*): അതു് ഭേദഗതിയിൽ പറഞ്ഞിട്ടില്ല.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : അതു താഴെ പറയുന്നുണ്ടു്. കാരണവനും മൂത്തിഅനന്തിരവനും മറുശാഖകളിലെ വയസ്സുമൂത്തയാളുകളും കൂടി ചേർന്നു എഴുതി കൊടുത്താൽ അതു് തറവാട്ടാവശ്യമാണെന്നു വേണം വിചാരിക്കാൻ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): തറവാട്ടാവശ്യം കൂടിയേ കഴിയൂ എന്നു ഈ വകുപ്പിലുണ്ടോ? തറവാട്ടാവശ്യമില്ലാതെ പ്രായപൂർത്തിയായ അംഗങ്ങൾ എഴുതികൊടുക്കുന്ന ആധാരം സാധുവാണോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): സാധുവാണു്. കാരണവനും മൂത്തഅനന്തിരവനും എല്ലാശാഖകളിലേയും വയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. N. Jathavedan Namputiripad.]

സ്സമുത്തയാളുകളും കൂടി ചേർന്ന് എഴുതി കൊടുത്താൽ അതു തറവാട്ടാവശ്യമാണെന്നു വേണം വിചാരിക്കാൻ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കാരണവന്മാരും മുത്തഅനന്തിരവന്മാരും കൂടി പ്രായപൂർത്തിയുള്ള അകന്ന ശാഖയിലെ എല്ലാപേരുടേയും സമ്മതം വാങ്ങി എഴുതികൊടുത്താൽ അതു തറവാട്ടാവശ്യമാകുമോ?

PRESIDENT: ബില്ലിൽ ഉള്ള നു-ാം വകുപ്പിൽ പറയുന്നതു് കാരണവന്മാരും, ഇല്ലത്തെ അടുത്ത മൂപ്പുസ്ഥാനമുള്ളയാളും കൂടിചേർന്ന് എഴുതികൊടുത്താൽ അതു് പ്രതിഫലവും ഇല്ലത്തെ ആവശ്യവും ഉള്ളതായി വിചാരിക്കണമെന്നാണു്. ആവകുപ്പു് എടുത്തുകളയാനാണു് ഇപ്പോഴത്തെ ഭേദഗതി. അതെടുത്തു കളഞ്ഞാൽ അങ്ങിനെ ഒന്നു വേണ്ട എന്നാണു് ചോദിക്കുന്നതു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ വകുപ്പില്ലാതെ ഇങ്ങനെ എഴുതി കൊടുത്താൽഇല്ലത്തിലെ പ്രായപൂർത്തിയാകാത്ത അംഗങ്ങൾക്കുഅവസ്ഥിരപ്പെടുത്താൻ അവകാശമില്ലേ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ആഭാഗം വിട്ടുപോയതാണു്, അതു ചേർക്കണം.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): No body has seconded the amendment.

PRESIDENT: Does any body second the amendment ?

MR. A. THANU PILLAI (*Trivandrum*): Sir, Are we to go by the English Version or the Malayalam Version ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If there is any difference between the two, we must go by the Malayalam print. The English is a translation prepared in the Legislative Council Secretary's Office.

MR. A. THANU PILLAI (*Trivandrum*): For the word പ്രായപൂർത്തിയാ in the Malayalam print it is translated as " the major member " in the English print.

PRESIDENT: I may say generally that the House will take note of the fact that the member who gave notice of the amendments is labouring under a disadvantage in two ways. (1) that he does not know English and (2) perhaps that he has no scientific knowledge of law and legislation. I trust that the members of the House who are perhaps more advantageously situated in this respect will help him to put his ideas in a proper form.

MR. A. THANU PILLAI (*Trivandrum*): Here in this case he is not responsible.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : In any case if any member finds that the English translation does not correspond with the original Malayalam that may be brought to the notice of the House and a correction will be allowed.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : In respect of the discussion on this Bill I wish to say one thing. The amendments brought forward by Mr. Jathavedan Namputiripad we have to support or oppose. We have to do that, in English which he could not understand. We are bound in fairness to convince Mr. Jathavedan Namputiripad as to the difficulties which will arise if his amendments are carried out. So, what I suggest is that if we are allowed to address the House in Malayalam it will be more advantageous for both parties.

PRESIDENT : As far as that is concerned, I may say I have no objection to any member of the House who thinks that by addressing the House in Malayalam he will be better able to appeal to Mr. Jathavedan Namputiripad, doing so. Is there a variation between the translation and the original? Mr. Jathavedan Namputiripad himself said something about it.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : We cannot be quite sure that there is any difference. The words വയസ്സുമുത്താൾ may mean Senior member or major member.

MR. A. G. MENON (*Parur*) : What is the difference between the original Clause and the amendment?

PRESIDENT : We are only at the wording. Mr. Jathavedan Namputiripad stated that there is a variation between the translation and the original amendment which he sent in Malayalam. If there is any variation we must correct the wording first and then go into the merits afterwards. Mr. Paramesvaran Pillai, will you please make the correction accordingly and then read it out?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I think we can put in 'senior most member of every one of the collateral branches'. But that again may create some difficulty. It may mean male or female. As the amendment stands in Malayalam it is *Vayassu Muttavar*.

MR. A. THANU PILLAI (*Trivandrum*) : what he means by that may be ascertained from him.

PRESIDENT : മറ്റു ശാഖയിലുള്ള വയസ്സു മൂത്ത ആൾ എന്ന പറഞ്ഞിട്ടുണ്ട്. വയസ്സു മൂത്ത എല്ലാ ആളുകളും എന്നാണോ ഉദ്ദേശം?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : പുരുഷന്മാർ എന്നാണ് അർത്ഥം.

PRESIDENT : പുരുഷന്മാരില്ലെങ്കിൽ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): വേണ്ടാ.

PRESIDENT : He wants only male members.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Then we may say seniormost male member.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*) : He has not stated that definitely.

PRESIDENT : I asked him and he says he means only males, and if there are no males, he does not want anybody to be included.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അകന്ന ശാഖയിൽ പുരുഷന്മാരില്ലാതെ സ്ത്രീകൾ മാത്രമെ ഒള്ളൂ എങ്കിലൊ?

PRESIDENT : സ്ത്രീകളാണെങ്കിൽ വേണ്ടാ എന്നാണു പറയുന്നതു്.

MR. V. N. JATHAVEDAN NAMPUTIRIPAD (*co-opted*) : സാധാരണ ഞങ്ങളുടെ എഴുത്തുകുത്തുകളിൽ സ്ത്രീകളെ ചേർക്കാറില്ല.

PRESIDENT : ഈ തജ്ജിമയിൽ എങ്ങിനെ തിരുത്തണം എന്നു തീർച്ചയാക്കിയ ശേഷം അതു പറഞ്ഞാൽ മതി.

Is that the only variation?

MR. A. THANU PILLAI (*Trivandrum*) : I think there are two or three more.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapilly*) കാരണവൻ ഒഴിച്ചു ഇല്ലത്തിലുള്ള മറ്റെല്ലാ അംഗങ്ങളും അനന്തിരവരാണു്. സ്ത്രീകളും വിവാഹം കഴിച്ചുകൊടുക്കുന്നതുവരെ അനന്തിരവർ എന്ന ഭാഗത്തിൽ ഉൾപ്പെടും. സീനിയർ അനന്തിരവൻ എന്നു പറയുന്നതു കാരണവൻ കഴിഞ്ഞാൽ അടുത്ത സ്ഥാനക്കാരൻ എന്നു് ഡെഫനിഷൻ കൊടുത്തിട്ടുണ്ടു്.

PRESIDENT : What I said was that we might first of all determine what the wording of his amendment is and then discuss it. We are now merely putting the words there because it was said that the translation was not correct.

Is that the only variation ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is the only variation. The Clause will now read as follows :

> "No new kanam deed shall bind the Illom unless it is executed jointly by the Karanavan of the Illom, the Senior Anantiravan and the Seniormost male member of each of the collateral branches :"

PRESIDENT : Mr. Paramesvaran Pillai, you remember that Mr. Jathavedan Namputiripad said that he omitted to put in some Clause about consideration and Illom necessity. It does not actually mean that that Clause should be deleted.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The other portions of the Namputiri law will not be affected. He only wants these things in the Bill. Without these the sales cannot be executed at all. That is what is meant. But it does not mean that *with* these things the sale can be executed.

MR. A. THANU PILLAI (*Trivandrum*) : May I suggest that the same may be substituted in Clauses 3 and 4 ?

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Yes.

MR. G. P. NILAKANTA PILLAI (*Karunagapalli*) : Then the senior Anantiravan will be one of the senior most Anantiravans of the collateral thavazhies.

PRESIDENT : Yes, it will mean that. I will just say one word. It struck me that the main point made by Mr. Jathavedan Namputiripad is that there is some apparent contradiction between Clause 5 and Clause 6. It struck me that there is something in it to this extent that so far as mortgages with possession are concerned there appears to be some reduplication. It would be found when Clauses 5 and 6 are taken together that no mortgages can be effected except with the consent of all the major members of the Illom.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The former Clause speaks of written consent and the latter Clause does not refer to *written* consent.

PRESIDENT : Yes. So then we have the amendment of Mr. Jathavedan Namputiripad in English. Does anybody second that amendment?

The amendment fell through for want of seconding.

The question that Clauses 5 and 6 do form part of the Bill was then put and carried.

The Clauses were added to the Bill.

Clause 7.

PRESIDENT : The next amendment stands in the name of Mr. Jathavedan Namputiripad. There again there is the difference between the original and the translation.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : There is a variation as in the former Clause. That also may be corrected. It ought to be "seniormost male member".

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ബിൽ ഏഴും എട്ടും വകുപ്പിലേക്കു താഴെപറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

൭-ാം വ-ാം വകുപ്പുകൾക്കു് പകരം താഴേ പറയുന്നവിധം ചേത്താൽ മതിയാകുന്നതാണു്.

(൭) ഒരു കാരണവനൊ, ഭരണംനടത്തുന്ന മറ്റംഗമൊ, ഇല്ലത്തിലെ ആവശ്യത്തിലേക്കല്ലാതെ ഉണ്ടാക്കുന്ന യാതൊരു കടവും ഇല്ലത്തെ ബന്ധിക്കുന്നതല്ല.

എന്നാൽ ഒരു കടം കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്നശാഖകളിലേയും വയസ്സുമൂത്തവരും രേഖാമൂലം സമ്മതിച്ചു വാങ്ങീട്ടുള്ളതായിരുന്നാൽ ആ കടം ഇല്ലംആവശ്യത്തിലെക്കാണെന്നു ഗണിക്കപ്പെടാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr V. N. Jathavedan Namputiripad.]

(ഛ) കാരണവനൊ, ഭരണംനടത്തുന്ന മറ്റംഗത്തിനൊ ഇല്ലം അവശ്യത്തിലേക്കുവേണ്ടി തനിച്ചു കടം വാങ്ങാവുന്നതും അങ്ങനെ വാങ്ങുന്ന കടം ഇല്ലംആവശ്യത്തിലേക്കാണെന്നു തെളിയിക്കേണ്ടഭാരം കടം കൊടുത്ത ആളിൽ ഇരിക്കുന്നതും ആകുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എട്ടാംവകുപ്പിൽ കാലാവധിയില്ലാത്ത ഒറിയെപ്പറ്റി പറയുന്നുണ്ട്. ഭേദഗതിയിൽ അതിനെപ്പറ്റി പറഞ്ഞിട്ടില്ല. കാലാവധിയില്ലാതെ കാരണവക്കു ഒറി എഴുതികൊടുക്കാമോ?

PRESIDENT: ഏഴാമത്തെ വകുപ്പ് ആദ്യമായിട്ട് ആലോചിക്കാം. പിന്നീടു എട്ടാമത്തെ വകുപ്പ് എടുത്താൽ മതി.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): We do not hear anything. The gentleman may be allowed to come to the front. It looks like private conversation between themselves.

PRESIDENT: He has moved his amendment. Is that amendment seconded?

MR. V. CHELLAM PILLAI (*Tovala*): I second it.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): May I speak in Malayalam?

PRESIDENT: Yes.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ സംഗതിനു-ാം വകുപ്പിൽ വളരെ വിശദമായിരിക്കേ ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യകതയില്ല. ആറാംവകുപ്പിന്റെ അവസാന ഭാഗത്തു് Such necessity and consent may be presumed to exist if the transaction has the written consent of the senior Anandiravans of the Karanavan's branch and of every collateral branch, if any. ആറാംവകുപ്പിന്റെ അവസാനഭാഗത്തു ഇങ്ങനെ പറഞ്ഞിരിക്കുന്നസ്ഥിതിക്കു് ഈ പ്രോവൈസോ ആവശ്യമില്ല, ഈ അർത്ഥം തന്നെ കിട്ടുന്നതാണു്.

PRESIDENT: Will that proviso apply to debts?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതു് കടത്തെ സംബന്ധിക്കുന്നതല്ലെങ്കിലും കൂടംബാവശ്യമുണ്ടെന്നു പ്രൊവൈസോകൊണ്ടു തെളിയുന്നുണ്ടു്.

PRESIDENT: If you are satisfied that that provision should apply to Clause 6, perhaps this proviso is necessary here also.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I do not think there is any necessity for such a proviso.

MR. R. KESAVA PILLAI (*Kottarakra cum Kunnattur*): ഞാൻ ഈ ഭേദഗതിയെ എതുക്കുന്നു. ഈ ഭേദഗതി അനുവദിക്കയാണെങ്കിൽ തറ

LIBRARY ARCHIVES Kerala Legislative Assembly

വാട്ടിലെ ചില്ലറ ആവശ്യത്തിന്നുപോലും കടം വാങ്ങിക്കുന്നതിന് അനന്തിരവന്മാരുടെ രേഖാമൂലമായ സമ്മതംവാങ്ങിക്കേണ്ടിവരും. ആ സ്ഥിതിക്കു തറവാട്ടുഭരണം നടത്താൻ വിഷമം നേരിട്ടേയ്ക്കും.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഞാൻ ഈ ഭേഗതിയെ എതുക്കുന്നു. വസ്തുവിൽ സ്ഥാപിക്കാത്തകടങ്ങൾ എത്രമാത്രം കുടുംബത്തെ കെട്ടുപെടുമെന്നാണ് ഏഴാമത്തെ വകുപ്പ് തറവാട്ടാവശ്യം ഇന്നതാണെന്ന് വ്യക്തമായിട്ട് അതിൽ പറയുന്നതുകൊണ്ട് ഈ ഭേഗതിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കുടുംബഭരണം നിയന്ത്രിക്ക, കുടുംബവസ്തുക്കളെ കാരണവർ തനിച്ച് കടംപെടുത്താതിരിക്ക, ഈ വക സംഗതികളെ ഉദ്ദേശിച്ചാണ് ഈ വകുപ്പ് ചേർത്തിട്ടുള്ളത്. ഇപ്പോൾ മിസ്റ്റർ ജാതവേദൻ നമ്പൂരിപ്പാടുകൊണ്ടുവന്നിട്ടുള്ള ഭേഗതി ഏഴും എട്ടും വകുപ്പുകൾക്കുള്ളതാണ്. കുടുംബത്തിലെ എല്ലാ അംഗങ്ങളും ചേർന്ന് വേണം ഇല്ലത്തിലെ ആവശ്യത്തിന് കടംവാങ്ങിക്കാൻ എന്നും പറയുന്നുണ്ട്. സ്ഥിരമായവസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതിന് കുടുംബത്തിലെ എല്ലാ അംഗങ്ങളും ചേരണമെന്ന് മുമ്പിലത്തെ വകുപ്പിൽ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭേഗതിയിൽ ഒരു ഭാഗം.

"ഒരു കാരണവനോ ഭരണം നടത്തുന്ന മറ്റംഗമോ ഇല്ലത്തിലെ ആവശ്യത്തിലേക്കല്ലാതെ ഉണ്ടാക്കുന്നയാതൊരു കടവും ഇല്ലത്തെ ബാധിക്കുന്നതല്ല" എന്നാണ്.

ഇല്ലത്തിലെ ആവശ്യമാണോ അല്ലയോ എന്നു കാണിക്കാനാണ് എട്ടാമത്തെ വകുപ്പു ചേർത്തിട്ടുള്ളത്.

വ: ഒരു കാരണവൻ ഇല്ലംവക ആവശ്യമുണ്ടെന്നു കാണിച്ച് ഇല്ലംവക വസ്തു കാലാവധികൂടാതെ ഒറിക്കൊടുക്കുകയൊ കടം ഉണ്ടാക്കുകയൊ ചെയ്യുമ്പോൾ ഒറിക്കാരനൊ കടംകൊടുത്തവനൊ ഒരുപക്ഷമായും അപ്രകാരമുള്ള ഒറിക്കൊ കടത്തിനൊ സമ്മതിച്ചിട്ടില്ലാത്ത ഇല്ലത്തെ അംഗങ്ങളും മറുപക്ഷമായും തക്കം നേരിട്ടുന്നതായാൽ, ഒറിക്കാരനൊ കടം കൊടുത്തവനൊ അപ്രകാരമുള്ള ഇല്ലംവക ആവശ്യമുണ്ടെന്ന് നിർണ്ണയിക്കുന്നതിന് ന്യായമായ അന്വേഷണം ചെയ്തതിന്റെശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിരുന്നാൽ അങ്ങനെയുള്ള ഇല്ലംവക ആവശ്യം ഉണ്ടായിരുന്നെന്ന് ഊഹിക്കേണ്ടതാകുന്നു. കാരണവന് ശരിയായ അവകാശങ്ങളൊന്നും ഇല്ലാതെയിരുന്നാൽ കുടുംബഭരണം നടത്തുക എന്നുള്ളതു വളരെ വൈഷമ്യമായ ഒന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr C. N. Tuppan Namputiripad.]

നിസ്സാരമായ സംഗതികൾക്കായിട്ടും അല്പസ്വല്പം കടം കാരണവക്കു വാങ്ങിക്കേണ്ടതായിട്ടുവന്നേക്കാം. കടം കൊടുക്കുന്നവർ ഇല്ലത്തെ ആവശ്യം ഉണ്ടോ എന്ന് അന്വേഷിച്ചറിഞ്ഞതിന്റെശേഷം മാത്രം കടം കൊടുത്താൽ മതിയാകുന്നതാണ്. ആ സ്ഥിതിക്കു ഈ ഭേദഗതി ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. മിസ്റ്റർ തുപ്പൻ നമ്പൂതിരിപ്പാട് പറഞ്ഞതു കുറച്ചുകടം വാങ്ങിക്കാനുള്ള അധികാരം കാരണവക്കു കൊടുക്കണമെന്നാണ്. ഇത്ര രൂപവരെ വാങ്ങിക്കാമെന്ന് അദ്ദേഹം കൃത്യപ്പെടുത്തി പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് ൪ ൦ ൦ ൦ രൂപായ്ക്കു പ്രാമിസറിനോട്ടെഴുതികൊടുത്തു കടം വാങ്ങിക്കാൻ കാരണവക്ക് തനിച്ചു അധികാരംകൊടുക്കണമെന്നും ൪ ൦ ൦ രൂപായ്ക്കു വസ്തു എഴുതികൊടുക്കാൻ അംഗങ്ങൾ എല്ലാം ചേരണമെന്നും പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. കുടുംബാവശ്യവും പ്രതിഫലവുമുണ്ടെങ്കിൽ കടം കൊടുത്ത ആർക്കും ഏതു വസ്തുവിലും പ്രവേശിക്കാം. കുടുംബാവശ്യമില്ലെങ്കിൽ ആ സമയത്തു തക്കീക്കയും ചെയ്യാമെല്ലോ. അതുകൊണ്ട് കടം വാങ്ങിക്കുന്നതിനെ നിയന്ത്രിക്കേണ്ട ആവശ്യം ഇല്ല എന്ന ഭാഗത്തോടു ഞാൻ യോജിക്കുന്നില്ല. മിസ്റ്റർ കേശവൻ നമ്പൂതിരിപ്പാട് പറഞ്ഞതു് ആറാം വകുപ്പിലെ പ്രൊവിസോ ഇതിനുംകൂടി ഉപയോഗപ്പെടും എന്നാണ്. തീർച്ചയായിട്ടും അങ്ങനെ ഉപയോഗപ്പെടുന്നതല്ല. ഇല്ലത്തിന്റെ ആവശ്യം എന്നു ഉദ്ദേഹിക്കണമെങ്കിൽ, ഇന്നാർ ചേരണം എന്നെല്ലാം ഈ പ്രൊവിസോവിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആറാംവകുപ്പിലെ പ്രൊവിസോ ഇതിനു് ഉപയോഗപ്പെടുന്നതല്ല.

ഇനി ഇതുകൊണ്ടു ദോഷം ഉണ്ടാകുമോ എന്നാണ് ആലോചിക്കേണ്ടതു്. ഇതുകൊണ്ടു ദോഷം ഒന്നും ഇല്ല. പണം കൊടുക്കുന്നയാൾ കുറെമുൻകരുതലോടുകൂടി പ്രവർത്തിച്ചാൽ കോടതിയിൽ തെളിവുഭാരം അയാൾക്കു ഇല്ലാതെ വന്നേക്കാം എന്നല്ലാതെ കാരണവർ വാങ്ങിച്ച കടം അസാധുവാണ് എന്ന് ഒരിക്കലും വരുന്നതല്ല. ഈ വകുപ്പു ഉണ്ടായിരുന്നാൽ, അതായതു് എല്ലാവരും കൂടിച്ചേർന്നുവേണം കടം വാങ്ങിക്കാൻ എന്നുള്ള വകുപ്പുണ്ടായിരുന്നാൽ, ഉർവ്യവഹാരം ഉണ്ടാകയില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഭേദഗതിയിൽ (൨) എന്നു അക്കമിട്ടിരിക്കുന്ന ഭാഗത്തെ കൂടി മെമ്പർ പിൻതാങ്ങുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): രണ്ടാമത്തെ ഭാഗത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഒന്നാമത്തെ ഭാഗത്തെപ്പറ്റിയാണ് പറയുന്നത്. ഒന്നാമത്തെ ഭാഗംമാത്രമേ ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നുള്ളൂ. ഏഴാമത്തെ വകുപ്പു വാദപ്രതിവാദത്തിന് വരുമ്പോൾ ഞാൻ ആ ഭാഗത്തെപ്പറ്റി പറയാം.

അതിനാൽ ഈ ഭേദഗതി വളരെ അത്യാവശ്യമാണ് എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അതിനെ അനുകൂലിക്കുന്നു.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. കാരണവന് ഇപ്പോൾതന്നെയുള്ള ചില അധികാരങ്ങളെ ഇല്ലാതെയാക്കുന്നതാണ് ഈ ഭേദഗതി നിമിത്തം സംഭവിക്കുന്നത്. ഒരു ഭാഗത്തിനു മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാട് തന്നെ മറുപടി പറഞ്ഞാൽ കൊള്ളാം. ഒരു കുടുംബത്തിൽ ഒരു കാരണവനും ബാക്കി പത്തു പന്ത്രണ്ടു മൈനർമാരും ഉണ്ടെന്നു വിചാരിക്കാം. കാരണവൻ ചെയ്തിട്ടുള്ള പ്രവൃത്തി മൈനർമാർ ഈ കാരണവന്റെ മക്കൾതന്നെയായിരുന്നാൽ ശരിയായിരുന്നു എന്നു വന്നേക്കാം. എന്നാൽ കാരണവർ അഛനായിരുന്നാൽ ഈ മൈനർമാരെ ദ്രോഹിക്കാൻ കഴിയും. അതിലേക്ക് ഒരു വഴികാണിച്ചുകൊടുക്കുകൂടിയാണ് ഈ ഭേദഗതി ചെയ്യുന്നത്. അതിനാൽ ഈ സമുദായത്തെ ഈ മാതിരിയുള്ള ആപൽഘട്ടത്തിലേക്കു നയിക്കരുതെന്നാണ് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ ദുഷ്യം ഇതിന്റെ മുൻപിലത്തെവകുപ്പിനേയും ബാധിക്കുന്നില്ലയോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): എല്ലാത്തിനേയും ബാധിക്കും. ഇപ്പോഴത്തെ പ്രൊവിസോ കൂടുതൽ അധികാരം കൊടുക്കുകയും അതിനു മുമ്പിലുള്ള പ്രൊവിസോ ഉള്ള അധികാരത്തെ നിയന്ത്രിക്കയും ആണ് ചെയ്യുന്നത്. ഈ ക്ലാസിനാൽ കാരണവൻ തനിച്ചു ചെയ്യുന്ന പ്രവൃത്തിക്കു സാധുത്വം കല്പിക്കയാണ് ചെയ്യുന്നത്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇല്ലത്തിലെക്കു ആവശ്യമില്ലാത്ത കടം ഇല്ലത്തെ ബന്ധിക്കയില്ല എന്നാണല്ലോ ഈ പ്രൊവിസോവിൽ പറയുന്നത്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ ഇംഗ്ലീഷിലെ വാചകത്തെ വച്ചും കൊണ്ടാണ് പറയുന്നത്. അതിൽ 'deemed' എന്നു കാണുന്നു. ഇതിന്റെ ലീഗലായ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. അതിനെ presumed എന്നാക്കിയാൽ നന്നായിരിക്കും എന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : There appears to be some misunderstanding with regard to that proviso. I fear that members who have spoken take this proviso to be a provision giving substantial rights to or taking away the substantial rights of, any party. As Mr. Damodaran Asan pointed out it is purely a rule of evidence and a question who should prove, when a debt has been incurred, that it is for Illom necessity.

MR. N. R. KRISHNAN (*Nominated*) : It is a written consent that is required.

PRESIDENT : If there is written consent then the onus of proof is on the other side and not on the creditor. It does not either add to or take away the rights of either the Karanavan or Anandiravan. It is purely a rule of evidence.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Mr. Raja Raja Varma Koil Tampuran pointed out that the word 'deemed' in the proviso will stand in the way of such an interpretation.

MR. N. R. KRISHNAN (*Nominated*): ഞാനും മിസ്റ്റർ ജാതവേദൻ നംപൂതിരിയുടെ ഭേദഗതിയെ എതിർക്കുന്നു. കുടുംബഭരണം നടത്തുന്ന കാരണവന്, അതിലേക്കാവശ്യമുള്ള പണം വേണം എന്നുള്ളതു് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. എന്നാൽ അതിലേക്കു കൊടുത്തിട്ടുള്ള അധികാരം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് വേണ്ടി കരുതൽ കയാണ് വേണ്ടതു്. നൂറോ ഇരുനൂറോ രൂപായ്ക്കു കാറി ആധാരം എഴുതികൊടുക്കാൻ കാരണവന് അധികാരമില്ല എന്നും അൻപതിനായിരം രൂപായ്ക്കു പ്രാമിസറി നോട്ടു എഴുതി കൊടുക്കാൻ കാരണവന് അധികാരമുണ്ടു് എന്നും ഈ വകുപ്പുകൊണ്ടു വരുന്നു എന്നു മിസ്റ്റർ ആശാൻ പറയുകയുണ്ടായി. മിസ്റ്റർ ആശാൻ വിചാരിക്കുന്നതു പോലെ ഇതു കുടുംബത്തിലേക്കു ഒരിക്കലും ദോഷമായി വരികയില്ല എന്നു മറ്റു ഭാഗങ്ങൾകൊണ്ടു തെളിയുന്നതാണ്. ഇതു മാതിരി വരുത്തി കൂട്ടുന്ന കടത്തെ സംബന്ധിച്ചു് ഒരു ഡിക്രി സമ്പാദിക്കാതെ കുടുംബ വസ്തുവിൽ പ്രവേശിക്കാൻ ആർക്കും സാധിക്കുന്നതല്ലല്ലോ. അതിലേക്കു വ്യവഹാരപ്പെടുമ്പോൾ കുടുംബാംഗങ്ങളെ കക്ഷി ചേർക്കാതെയും സാധിക്കയില്ല. അപ്പോൾ കുടുംബാവശ്യം ഇല്ലെന്നും പ്രതിഫലമില്ലെന്നും തെളിയിക്കാവുന്നതാണ്. അതിനാൽ മിസ്റ്റർ ആശാന്റെ ഭയപ്പാടു പോലെ ഇവിടെ ഭയപ്പെടേണ്ട ആവശ്യം ഒന്നും ഇല്ല. കാരണവന് ഇങ്ങനെ അധികാരം കൊടുക്കാതിരുന്നാൽ കുടുംബഭരണം നടത്താൻ പ്രയാസമായിത്തീരും. ഈ അഭിപ്രായത്തോടു കൂടി ഞാൻ മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാടിന്റെ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. N. JATHAVEDAN NAMPUTIRIPAD(*Co-opted*). മിസ്റ്റർ രാജരാജവ മ്മ കോയിത്തമ്പുരാൻ അഭിപ്രായപ്പെട്ട പോലെ "deemed" എന്നുള്ള പദത്തിനു പകരം "presumed" എന്ന പദം ഞാൻ സ്വീകരിക്കുന്നു.

PRESIDENT: Mr. Jathavedan Namputiripad accepts the amendment that the word 'presumed' may be inserted instead of the word 'deemed' in the proviso.

The motion before the House is that a proviso in the following terms be added to Clause 7.

"provided that a debt,if contracted with the written consent of the Karanavan the Senior Anandiravan and the Senior major male member of each of the collateral branchas may be presumed to be contracted for Illom necessity.

The amendment was put to the vote and was negatived 12 members voting for and 16 against.

PRESIDENT. The question before the House is that Clause 7 do stand part of the Bill?

The question was carried and the Clause was added to the Bill.

Clause 8.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഞാൻ താഴെ പറയുന്ന ഭേദഗതിയെ അവതരിപ്പിച്ചു കൊള്ളുന്നു.

"കാരണവനൊ, ഭരണം നടത്തുന്ന മറ്റംഗത്തിനൊ ഇല്ലം ആവശ്യത്തിലേക്കുവേണ്ടി തനിച്ചു കടം വാങ്ങാവുന്നതും അങ്ങനെ വാങ്ങുന്ന കടം ഇല്ലം ആവശ്യത്തിലേക്കാണെന്നു തെളിയിക്കേണ്ട ഭാരം കടം കൊടുത്ത ആളിൽ ഇരിക്കുന്നതും ആകുന്നു."

PRESIDENT: എട്ടാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഭാഗം സാധാരണ ഇപ്പോൾ കോടതിയിൽ നിന്നും സ്വീകരിക്കുന്ന രീതിയാണ്.

Does anybody second that amendment to Clause 8?

It has not been seconded. The amendment falls through.

The question is that Clause 8 do stand part of the Bill?

The question was carried and the Clause was added to the Bill.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): I have got an amendment to that Clause.

PRESIDENT: You ought to have moved your amendment before I put the question.

Clause 9.

PRESIDENT: There is no amendment to Clause 9.

The question is that Clause 9 do stand part of the Bill?

The question was carried and Clause 9 was added to the Bill.

Clause 10.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഞാൻ താഴെ പറയുന്ന ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് ക 0 –ാംവകുപ്പിനെ എടുത്തുകളഞ്ഞു് അതിനുപകരം താഴെ വിവരിക്കും പ്രകാരം ചേർക്കേണ്ടതാകുന്നു.

"(ക) ഒരു കാരണവന് തന്റെ ഭരണാധികാരം ഒരു രജിസ്റ്റർ രേഖാമൂലം ഒഴിയാവുന്നതാണു്. എന്നാൽ ഇല്ലത്തിലെ ഏതെങ്കിലും ഒരംഗത്തിനെ ഒഴിപ്പിച്ചുകൊടുപ്പാൻ പാടുള്ളതല്ല.

(ഖ) ഒരു കാരണവൻ ജാതിഭ്രഷ്ടുതയാലൊ, ദേഹസ്ഥിതികൊണ്ടൊ, ചിത്താവസ്ഥകൊണ്ടൊ, ഇല്ലകാര്യങ്ങൾ നോക്കാൻ അയോഗ്യനാണെന്നോ, ഇല്ലകാര്യങ്ങൾ സദാ കെടുതലായി നോക്കിവരുന്നു എന്നോ, ഇല്ലത്തിനു കാരണവന്റെ ഭരണം ഗുണകരമല്ലെന്നോ, കാണിക്കുവാൻ സാധിക്കുന്നപക്ഷം, ആ കാരണവനെ നീക്കംചെയ്യുകിട്ടാൻ ആവശ്യപ്പെട്ടുന്നതിനു് ഇല്ലത്തിലെ എല്ലാ അംഗങ്ങൾക്കും അവകാശമുണ്ടു്.

(ഗ) കാരണവൻ ഭരണാധികാരം ഒഴിയുകയൊ ഒഴിപ്പിക്കുകയൊ ചെയ്യുന്നപക്ഷം ഇല്ലഭരണം ഇല്ലത്തിലെ മറ്റംഗങ്ങളിൽ മൂപ്പുമുറയ്ക്കു മേജർപുരുഷന്മാർക്കും പുരുഷന്മാരില്ലെങ്കിൽ മേജർസ്ത്രീകൾക്കും സിദ്ധിക്കുന്നതും അവർ നടത്തിക്കൊള്ളേണ്ടതും ആണു്.

എന്നാൽ സ്ത്രീകളുടെ മൂപ്പവകാശം വയസ്സുമൂപ്പിനെ ആസ്പദമാക്കാതെ വിവാഹകാലത്തെ ആസ്പദമാക്കി സ്ഥാപിക്കേണ്ടതാകുന്നു.

(ഘ) ഒരില്ലത്തിൽ ഭരണംനടത്തുന്നതിനു് മേജർപുരുഷനൊ, മേജർസ്ത്രീയൊ ഇല്ലാതെപോയാൽ ആ ഇല്ലത്തിലൊ, ഇല്ലത്തിലെ അംഗങ്ങളിലൊ, താല്പര്യമുള്ള വല്ല ആളും ആ ഇല്ലം സ്ഥിതിചെയ്യുന്ന സ്ഥലത്തു് അദ്യവിചാരണക്കധികാരമുള്ള സിവിൽകോടതിയിൽ ഹാജികൊടുത്തു് കോടതിയിൽനിന്നും നിയമിക്കുന്ന മാനേജർമുഖാന്തിരം നിയമന ഉത്തരവിലെ താൽപര്യം അനുസരിച്ചു ഭരണം നടത്തിക്കാവുന്നതും ആകുന്നു."

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*) : ക്ലാസ് ക 0 എടുത്തുകളഞ്ഞു പകരം ഈ ഭേദഗതി ചേർക്കണമെന്നൊ അതല്ല ക്ലാസ് പത്തിനോടുകൂടിതന്നെ ഈ ഭേദഗതി ചേർക്കണമെന്നൊ എതാണു് മെമ്പറുടെ ഉദ്ദേശം?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : പത്താംവകുപ്പിനെ എടുത്തുകളഞ്ഞു് ഈ ഭേദഗതി പകരം ചേർക്കണമെന്നാണു്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*) : പത്താംവകുപ്പു് എടുത്തുകളയുന്നതിനും അതിനു പകരം

LIBRARY ARCHIVES Kerala Legislative Assembly

വേറൊന്നു ചേർക്കുന്നതിനും ആയിട്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഇതുരണ്ടും പ്രത്യേകം പ്രത്യേകംവോട്ടിനു ഇടുന്നതിനു് മെമ്പർക്കു സമ്മതമുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : വിരോധമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*) : ൻ-ാംവകുപ്പിനു ഭേദഗതി വേണ്ടാ എന്നു പറഞ്ഞു. ഇപ്പോൾ കാരണവനു ഭരണം ഒഴിഞ്ഞുകൊടുക്കാമെന്നു പറയുന്നുണ്ട്.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : കാരണവസ്ഥാനം മറ്റൊരാൾക്കു കൊടുക്കാൻ പാടില്ലാ എന്നേയുള്ളൂ.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : Does the member move to delete Clause 10 and substitute this amendment or to add this Clause to the existing Clause?

PRESIDENT : The motion is to substitute this for the existing Clause.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : കാരണവസ്ഥാനം മറ്റൊരാൾക്കു കൊടുക്കാൻ പാടില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : We may say then,

the first part of the amendment is "a Karanavan may give up his right of management by a registered instrument; but he shall not delegate his powers to any member of the Illom".

PRESIDENT : That relates to Clause 9. Mr. Jathavedan Namputiripad has put in Clauses 9 and 10 together and Clause 9 has been passed. The only portions now remaining are the provisions relating to Clause 10 of the Bill as revised by the Select Committee.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The amendment will then be :

"A Karanavan shall not delegate his powers to any member of the Illom"

The existing Clause 10 is :

"A Karanavan may delegate his powers only under aregistered instrument."

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Before we enter into the discussion, it would be better if it is known as to how these Clauses are to be put to vote.

PRESIDENT : We may have a joint discussion, but I shall put Clause 10 and the amendment to vote separately.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : What Mr. Damodaran Asan says is that members may support one or more of the Clauses but not all of them. In that case, each Clause will have to be put to vote separately.

PRESIDENT : What do you say, Mr. Kesavan Namputiripad?

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I oppose the whole amendment. The amendment does not make the Clause clear. On the other hand it confuses it.

MR. K. P. NILAKANTA PILLAI (*Chirayinkil*): Is it the opinion of the member that the Karanavan who relinquishes the management of the affairs of the Illom should be given freedom to delegate his power to any member at his discretion?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): He cannot relinquish it to any member except his next heir.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): If a Karanavan can relinquish his power of management the next senior man comes in as his successor.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): That could be done only by a registered deed.

PRESIDENT: That is provided for in Clause 9.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Clause 9 enables a Karanavan to relinquish his Karanavasthanam. Then, what is the object of having this Clause 10?

MR. A. THANU PILLAI (*Trivandrum*): We have done with Clause 9. Now are we at Clause 10?

PRESIDENT: Yes. Clause 9 was referred to to point out the object with which Mr. Jathavedan Namputiripad introduced his amendments to Clauses 9 and 10 together.

MR. K. P. NILAKANTA PILLAI (*Chirayinkil*): Has Mr. Kesavan Namputiripad any objection to the Karanavan's right to delegate the power of management to any other member being taken away?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): The power should not be taken away.

PRESIDENT: Then to whom should the power be delegated?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): That should be delegated to the next senior member.

PRESIDENT: Where is it said in the Clause?

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether he has any objection for the Karanavan to engage a manager?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I have no objection.

PRESIDENT: Are you prepared to delete Clause 10?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Yes, Sir.

MR. A. THANU PILLAI (*Trivandrum*): Does he support it or oppose it? I want to know his position?

PRESIDENT: I am sorry that some of the members are speaking in such a low tone that they are not audible to all the members of the House. I regret that that should be so. I have often requested the members to make themselves heard. But perhaps it is due to some constitutional incapacity to raise their voices and I can only say that we

LIBRARY ARCHIVES Kerala Legislative Assembly

must respect any such natural defect. Mr. Kesavan Namputiripad says that Clause 10 be deleted and that is a part of the amendment moved by Mr. Jathavedan Namputiripad. Mr. Jathavedan Namputiripad, no doubt, wants certain other Clauses to be substituted. But what he first wants is, that Clause 10 should be deleted. Mr. Kesavan Namputiripad is prepared to have it deleted. That is the present position.

MR. A. THANU PILLAI (*Trivandrum*): May I speak in Malayalam?

PRESIDENT: Yes.

MR. A. THANU PILLAI (*Trivandrum*): മിസ്റ്റർ ജാതവേദൻനമ്പൂതിരിപ്പാടിന്റെ ഭേഗതി കാരണവൻ തന്റെ അധികാരം വേറെ ഒരാൾക്കു കൊടുത്തുകൂടാ എന്നാണല്ലോ. ആ സ്ഥിതിക്ക് ഈ ക്ലാസു വേണ്ടാ എന്ന് വച്ചാൽ ആ ഉദ്ദേശം സാധിക്കുമോ?

PRESIDENT: When Clause 10 goes, that purpose is served.

MR. A. THANU PILLAI (*Trivandrum*): ഇപ്പോഴത്തെനിയമംകൊണ്ടതന്നെ കാരണവന് തന്റെ അധികാരം മറെറാരാൾക്കു കൊടുക്കാമെന്നുണ്ടെങ്കിൽ ഈ ഉദ്ദേശം സാധിക്കയില്ലല്ലോ.

PRESIDENT: The present Clause as it is may be deleted and Mr. Jathavedan Namputiripad has other Clauses to be substituted for Clause 10.

MR. A. THANU PILLAI (*Trivandrum*): അദ്ദേഹത്തിന്റെ അഭിപ്രായം ഇന്നതാണെന്നു കേൾക്കാൻ സാധിച്ചിട്ടില്ല. ഈ ക്ലാസ് നീക്കുകയും ഭേഗതിചേക്കുവാൻ സാധിക്കാതെവരികയും ചെയ്യുന്നു.

PRESIDENT: I am not putting the Clause to vote. I merely explain his position because you said that you could not hear him. Mr. Jathavedan Namputiripad's amendment consists of several parts. The first is that Clause 10 as it stands must be deleted and in its place certain others are to be put in. Whether the House agrees to the deletion of Clause 10 and then whether those substituted Clauses are necessary are the points that have arisen. All these would be taken together and discussed. When the time for voting comes they would be taken in such order, as after the discussion, it might appear proper. We are not at the voting stage now. I am saying this to you because you said that you were not able to find out the position of the mover of the Bill. After discussion, I want to make clear to the House once again what the present position is.

MR. A. THANU PILLAI (*Trivandrum*): ഇതിനെസംബന്ധിച്ച് എനിക്കുപറയാനുള്ളത് ഈ ക്ലാസ് നീക്കുകഎന്നുള്ളതു പ്രത്യേകമായിട്ടും വേറെ ഒന്നുചേക്കുകഎന്നതു പ്രത്യേകമായിട്ടും ആലോചിക്കുന്നതു ശരിയാകയില്ല എന്നുമാത്രമാണ്. അതിനാൽ ഇതുരണ്ടുംകൂടി ചേർത്തുതന്നെ വാദപ്രതിവാദം നടത്തിയാൽ കൊള്ളാമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Shall we say then, Mr. Kesavan Namputiripad, that you are prepared to have the following: "a karanavan shall not delegate his powers to anybody whether a member of the Illom or not." Is it sufficient?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): We can have it as "a karanavan shall not delegate his powers of management or Karanavasthanam to anybody."

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഡെലിഗേഷൻ എന്നുവച്ചാൽ എന്താണെന്ന് മനസ്സിലാകുന്നില്ല. കാരണവനായിരിക്കുന്ന ആളിനു തറവാട്ടുരേണം വേറെ ഒരാളിനെ ഏൽപ്പിക്കാൻ പാടില്ലാഎന്നാണോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): രജിസ്റ്റർ പ്രമാണത്തിന്മേലല്ലാതെ ഏൽപ്പിക്കാൻ പാടില്ല. കാരണവന്റെ ഗുമസ്തയിന്മേൽ വേലക്കാരെ വച്ചുനടത്താം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): അനന്തിരവന്മാരെ കൊണ്ടു നടത്താമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അനന്തിരവന്മാരെകൊണ്ടും വേലക്കാരൻ എന്നനിലയിൽ നടത്താം.

PRESIDENT: Or shall we say "delegate his *karanavasthanam* to anybody"?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether the word '*karanavasthanam*' includes the right of management also?

MR. MATTHEW MURIKKAN (*Vaikam*): Will the member please explain the necessity for that Clause?

MR. A. G. MENON (*Parur*): He will sometimes delegate his power of management.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I may refer to the corresponding Clause in the Nayar Regulation which is that a Karanavan may delegate his powers under a registered deed. Mr. Jathavedan Namputiripad wants that a karanavan shall not delegate his power at all.

PRESIDENT: Is there not a restriction as to the person to whom delegation has to be made?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): No. That is how the Clause in the Nayar Regulation stands.

"A karanavan may delegate his powers only under a registered instrument."

Mr. Jathavedan Namputiripad wants that that power should be taken away.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : കാരണവന്റെ ഭരണാധികാരം ഒഴിയുന്നതിനുള്ള അധികാരം ൻ-ാം വകുപ്പനുസരിച്ച് സിദ്ധിക്കുന്നുണ്ട്. എന്നാൽ സാധാരണ ഭരണനടത്തിപ്പിനു കാരണവനുള്ള ഏതാനും അധികാരം മാനേജർക്കു കൊടുക്കാതെ സാധിക്കയില്ല. അതായതു് പിരിവുമുതലായതു നടത്തുക കോടതികാര്യങ്ങൾ നിർവ്വഹിക്ക, മുതലായവകയ്ക്കുള്ള അധികാരം മാനേജർക്കു കൊടുക്കണം. ഇന്നു സാധാരണ ഇങ്ങിനെ ഒരു കാര്യസ്ഥനെ വയ്ക്കുന്നതു് രജിസ്റ്റർ ഉടമ്പടിപ്രകാരമല്ല. കാരണവൻ കാരണവസ്ഥാനം ഒഴിഞ്ഞാൽ ഉടനെ അടുത്ത ഇളമുറക്കാരനാണു് കുടുംബഭരണം നടത്തുക. എന്നാൽ ഇന്നു രജിസ്റ്റർ ഉടമ്പടിപ്രകാരമല്ലാതെ മാനേജർമാരെ നിയമിക്കുന്നതുകൊണ്ടു് പലനഷ്ടങ്ങളും വന്നുചേരുന്നുണ്ടു്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : മാനേജർ കാരണവന്റെ ഒരു സിൽബന്ധി എന്നല്ലാതെ കാരണവസ്ഥാനം മാനേജർക്കുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കാരണവസ്ഥാനം മാനേജർക്കില്ല.

സ്വയമേവ ഒരു കാരണവനു കാരണവസ്ഥാനം വേണ്ടെന്നുവയ്ക്കുന്നതിനുള്ള അവകാശം ൻ-ാം വകുപ്പനുസരിച്ചു നൽകുന്നുണ്ടു്. അതുകഴിഞ്ഞാൽ അടുത്തസ്ഥാനം അടുത്ത ഇളമുറക്കാരനാണു്.

MR. A. C. KURIAKOSE (*Minachil cum Devicolam*) : "൧൦-ാംവകുപ്പിൽ ഒരു കാരണവനുതന്റെ അധികാരം മറെറാരാൾക്കു കൊടുക്കാൻ പാടില്ലാഎന്നുപറയുന്നു. കാരണവന്റെ അധികാരം എന്നുപറയുന്നതു് മാനേജരെ നിയമിക്കയെന്നുള്ളതാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : കാരണവന്റെ ഭരണം നടത്താനുള്ള അധികാരങ്ങളിൽ ചിലതാണു് അതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*) : "൧൦-ാംവകുപ്പു് രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിൻപടിയല്ലാതെ, ഒരു കാരണവനു തന്റെ അധികാരങ്ങളെ മറെറാരാൾക്കു ഏല്പിച്ചുകൊടുത്തുകൂടുന്നതല്ല" എന്നാണു്; ഇപ്പോൾ രജിസ്റ്റർചെയ്ത ഉടമ്പടിപ്രകാരം മറെറാരാൾക്കു കൊടുക്കാൻ കാരണവനു് അധികാരമുണ്ടെന്നു വരുന്നില്ലേ;

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതല്ല. രജിസ്റ്റർ പ്രമാണപ്രകാരമായിരുന്നാൽ ഇന്നയിന്ന അധികാരം ഇന്നാൾക്കു കൊടുത്തുഎന്നു രേഖാമൂലം തെളിയിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: കാരണവന്റെ സകലഅധികാരവും ഏതെങ്കിലും ഒരാൾക്ക് രജിസ്റ്റർ പ്രമാണംമൂലം എഴുതികൊടുക്കാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*). അങ്ങിനെ വരുമ്പോൾ കാരണവസ്ഥാനം ഒഴിയുക എന്നനിലയിൽ വരുന്നതാണു്. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നതു് കുടുംബഭരണത്തിനു ഏതാനും ചില അധികാരങ്ങൾ മറെറാരാൾക്കു വിട്ടുകൊടുക്കുവെന്നുള്ളതാണു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): കാരണവൻ ജീവിച്ചിരിക്കുന്നസമയത്തു് അടുത്തഅനന്തിരവൻ കാര്യങ്ങൾ അന്വേഷിക്കാൻ ഇടകൊടുക്കാതിരിക്കാൻവേണ്ടി സകല അധികാരവും വേറെ ഒരാൾക്കു് കൊടുക്കാൻ പാടില്ലെന്നാണു് മി. ജാതവേദൻ നമ്പൂതിരിപ്പാടു പറയുന്നതു് എന്നതോന്നുന്നു. ആഭാഗം ഇതിൽനിന്നും വ്യക്തമാകുന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതിനു വ്യക്തതപോര എങ്കിൽ അതു ഭേദപ്പെടുത്താമല്ലൊ. കാരണവൻ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ആ കാരണവന്റെ അധികാരം നടത്താൻ ഒരു കാര്യസ്ഥനെ വയ്ക്കുന്നതിനു തടസ്ഥമുണ്ടാകരുതെന്നു മാത്രമേ അർത്ഥമൊള്ളു.

MR. REVATI NAL RAMA VARMA RAJA (*Edavagai*): കാരണവന്റെ അധികാരം മുഴുവനും ഒരാൾക്കു ഒഴിഞ്ഞുകൊടുക്കാമെന്നു പറയുന്നുണ്ടു്. ആസ്ഥിതിക്കു ഒരു മാനേജരെ ആക്കേണ്ട സംഗതി പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല.

MR. A. THANU PILLAI (*Trivandrum*): പത്താംവകുപ്പു് ആവശ്യമാണെന്നാണു് എനിക്കുതോന്നുന്നതു്. അതുകൊണ്ടുദ്ദേശിക്കുന്നതു് കാരണവന്റെ സകലഅവകാശങ്ങളും ഒഴിഞ്ഞുകൊടുക്കുവെന്നുള്ളതല്ല. അതിനെപ്പററി ൻ-ാമത്തെ ക്ലാസിൽ പറഞ്ഞിട്ടുണ്ടു്. ഒരിക്കൽ കാരണവസ്ഥാനം ഒഴിഞ്ഞുകൊടുത്തു കഴിഞ്ഞാൽ പിന്നീടു് തിരിയ്ക്കു കാരണവനാകുന്ന കാര്യം വളരെ വിഷമമാണു്. ആസ്ഥിതിക്കു കാരണവനായിരിക്കുന്ന ഒരാളിനു ഭരണം നടത്തുന്നതിനെ സംബന്ധിച്ചുള്ള തന്റെ അധികാരങ്ങളെ വെറെഒരു കുടുംബാംഗത്തെ ഏല്പിക്കുന്നതിനെ സംബന്ധിച്ചാണു് നോക്കേണ്ടതു്. സാധാരണ നമ്പൂതിരികുടുംബങ്ങളിലെ കാരണവന്മാക്കു ക്ഷേത്രസംബന്ധമായും മറും ദൂരദേശങ്ങളിൽപോയി താമസിക്കേണ്ടിവന്നേയ്ക്കാം. അപ്പോൾ ശരിയായ വ്യവസ്ഥ ചെയ്തില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ കുടുംബഭരണം നടത്തുന്നതിൽ കുഴപ്പങ്ങളുണ്ടാകും. അങ്ങിനെ വരുന്ന സന്ദർഭത്തിൽ കാരണവസ്ഥാനം ഒഴിഞ്ഞുപോകണം എന്നു പറയുന്നതു് ഒരിക്കലും ന്യായമായിരിക്കയില്ല. ഒരു കുടുംബാംഗത്തെ തന്റെ അധികാരങ്ങൾ എല്പിച്ചുപോകാനെ തരമൊള്ളൂ. അതുകൂടാതെ ഒരു കുടുംബത്തിലേക്കുതന്നെ പലസ്ഥലങ്ങളിലും വസ്തുക്കളുണ്ടായിഎന്നുവരാം. ഓരോസ്ഥലത്തേയും കായ്യാദികൾ അന്വേഷിക്കുന്നതിനായിട്ടും മറ്റൊരാളെ ചുമതലപ്പെടുത്തേണ്ടതായിവരാം.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): കാരണവൻ അഞ്ചോ ആറോ ദിവസം കുടുംബത്തിൽ ഇല്ലാതിരിക്കുമ്പോഴാണോ കുടുംബഭരണത്തിലേക്കു വ്യവസ്ഥ ചെയ്യേണ്ടതു്?

MR. A. THANU PILLAI (*Trivandrum*): അഞ്ചോ ആറോ ദിവസമല്ല. അഞ്ചോ ആറോ മാസം തന്നെ ആയേക്കാം. ചിലപ്പോൾ അതുമുഴുവനും കൊല്ലം തന്നെ കാരണവനു വെളിയിൽ താമസിക്കേണ്ടതായി വന്നു എന്നും വന്നേയ്ക്കാം.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): അങ്ങിനെ വരുമ്പോൾ കാരണവസ്ഥാനം പോകുമോ?

MR. A. THANU PILLAI (*Trivandrum*): സ്ഥാനം പോകയില്ല, അതിലേക്കു വേറെ ഒരാളിനെ ചുമതലപ്പെടുത്തേണ്ടിവരും.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മാനേജരെ വച്ചിട്ടുള്ള ഒരു കാരണവൻ അഞ്ചോ ആറോ മാസം ഇല്ലംവിട്ടു വെളിയിൽ താമസിച്ചാലും, ഇല്ലകായ്യങ്ങൾ അന്വേഷിക്കുന്ന ആ മാനേജർ പോരാ എന്നുണ്ടോ?

MR. A. THANU PILLAI (*Trivandrum*): കാരണവൻ തന്റെ ചുമതലയോടുകൂടിതന്നെ ഭരണം നടത്തുന്നതിനു കുടുംബാംഗങ്ങളിൽ ഒരാളെ ചുമതലപ്പെടുത്തുന്നതിനാണു് ഈ ക്ലാസ് കൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് എന്നതോന്നുന്നു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കുടുംബാംഗങ്ങളിൽ ഒരാളെ ചുമതലപ്പെടുത്തുന്നതിനു രജിസ്റ്റർ ഉടമ്പടി എന്തിനാണു്?

MR. A. THANU PILLAI (*Trivandrum*): സാധാരണ ഒരു പ്രമാണം എന്തുദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യുന്നുവോ ആ ഉദ്ദേശം തന്നെയാണു് ഇതിനും ഉള്ളതു്. രജിസ്റ്റർചെയ്യുന്നു അധികാരം കൊടുത്തുകഴിഞ്ഞാൽ മറ്റാളുകൾക്കു ധൈര്യമായിട്ടു ഈ ആളുമായി ഇടപാടുകൾ നടത്താൻകഴിയും.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Aluvelikara cum Karthikapalli*): കാരണവന്റെ പ്രധാനാധികാരവും വേറെ ഒരാളിനെ ഏല്പിക്കാൻ രജിസ്റ്റർ ഉടമ്പടി വേണമെന്നാണ് മെമ്പരുടെ അഭിപ്രായം. എന്നാൽ കുടുംബഭരണത്തിന്നാവശ്യമുള്ള അധികാരം ഒരു കുടുംബാംഗത്തെതന്നെ ഏല്പിക്കുന്നതിന് രജിസ്റ്റർ ഉടമ്പടി വേണമെന്നു പറയുന്നതെന്തിനാണ്?

MR. A. THANU PILLAI (*Trivandrum*): കാരണവന്റെ നിലയ്ക്കു ഉപയോഗിക്കപ്പെടേണ്ട അധികാരമാണെങ്കിൽ രജിസ്റ്റർ ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. ഇതു് ആവശ്യമാണോ എന്നു ചോദിക്കുന്നപക്ഷം ഇന്നു രജിസ്റ്റർചെയ്യുന്ന പല പ്രമാണങ്ങളും രജിസ്റ്റർ ചെയ്യാനുള്ള ആവശ്യം ഇതിനുമുണ്ട്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Feermade*): പത്താമത്തെ ക്ലാസ് വേണ്ടെന്നുവയ്ക്കുന്നതിൽ വല്ല തടസ്ഥവുമുണ്ടോ?

MR. A. THANU PILLAI (*Trivandrum*): പത്താമത്തെ ക്ലാസ് ഇല്ലെങ്കിൽ രജിസ്റ്റർ ചെയ്യണ്ടാ എന്നുവരും. അതുകൊണ്ടു കുഴപ്പങ്ങൾ ഉണ്ടാകും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കുടുംബഭരണം അന്യസമുദായത്തിൽപ്പെട്ട ഒരാളിനെ ഏല്പിക്കാമോ?

MR. A. THANU PILLAI (*Trivandrum*): പാടില്ല. ഒരു മലയാളബ്രാഹ്മണന്റെ ഇല്ലത്തിൽ ഒരു അന്യസമുദായക്കാരൻ ചെന്നു ഭരണം നടത്തുന്നതു ശരിയല്ല. Delegation of Power ഒരു ഏജൻസിയാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ഒരു ഏജൻസി അധികാരം കൊടുത്താൽപോരെ?

MR. A. THANU PILLAI (*Trivandrum*): ഇപ്പോൾ നടപ്പിലിരിക്കുന്ന വഴക്കത്തെ ഭേദപ്പെടുത്തുകയല്ല ചെയ്യുന്നതു്. ഇങ്ങനെ ഒരു ഏജൻസി അധികാരപ്പെടുത്തുന്നതു് ഒരു രജിസ്റ്റർ പ്രമാണംമൂലം വേണമെന്നാണ് പറയുന്നതു്.

MR. REVATI NAL RAMA VARMA RAJA (*Edavalai*): ഈ ഏജൻസി ഏതു ജാതിക്കാർക്കും കൊടുക്കാം എന്നാണോ പറയുന്നതു്?

MR. A. THANU PILLAI (*Trivandrum*): അല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*) : അന്യകുടുംബത്തിൽപ്പെട്ട ആ ക്കെങ്കിലും കൊടുക്കാം എന്ന് ഇതുകൊണ്ടുവരുന്നില്ലേ?

MR. A. THANU PILLAI (*Trivandrum*) : വരുന്നില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അപ്പോൾ കാരണവൻ അന്യസ്ഥലത്തുപോയില്ലെങ്കിലും അധികാരം ഡെലിഗേറ്റ് ചെയ്യാമോ?

MR. A. THANU PILLAI (*Trivandrum*) : ചെയ്യാം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അപ്പോൾ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ സംശയത്തിനു് ഇതു മാധാനമാകുന്നില്ല. കാരണവർ കുടുംബാംഗങ്ങളെ ദ്രോഹിക്കാൻവേണ്ടി അധികാരം വേറൊരാൾക്കു കൊടുത്തു എന്നും വരാമെല്ലോ?

MR. A. THANU PILLAI (*Trivandrum*) : കുടുംബാംഗങ്ങളെ ദ്രോഹിക്കുന്നതിനു് കാരണവനു തന്നത്താനെയായാലും സാധിക്കും. ഭരണസൗകര്യത്തിനുവേണ്ടിയുള്ള ഈ ക്ലാസിൽ ഡെലിഗേറ്റുചെയ്യാൻ പാടില്ലാ എന്നുള്ള ഭേദഗതി സ്വീകരിക്കത്തക്കതല്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*) : ഈ ക്ലാസ് ഇരിക്കുന്നനിലയിൽ കാരണവൻ കാരണവസ്ഥാനം ഉപേക്ഷിച്ചാൽ ഉടനെതന്നെ കാരണവന്റെ ഇഷ്ടംപോലെ വേറെ ഒരാൾക്കു് ആ സ്ഥാനം കൊടുക്കാൻ സാധിക്കുകയില്ലയോ?

MR. A. THANU PILLAI (*Trivandrum*) : ഉപേക്ഷിച്ചാൽ ഉടനെ വേറെ ഒരാൾക്കു കൊടുക്കാൻപാടില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഒൻപതാമത്തെ വകുപ്പിൽ കാരണവൻ തന്നത്താനെ ഒരു രജിസ്റ്റർ ഉടമ്പടിപ്രകാരം കാരണവസ്ഥാനം ഒഴിയാമെന്നു് പറഞ്ഞിട്ടില്ലേ? വേറെ ഒരാൾക്കു കൊടുത്തുകൂടാ എന്നുകൂടി അതിൽ പറഞ്ഞിട്ടുണ്ടോ?

MR. A. THANU PILLAI (*Trivandrum*) : ഇപ്പോൾ നടപ്പില്ലിരിക്കുന്ന നിയമംകൊണ്ടുതന്നെ കാരണവസ്ഥാനം വേറെ ഒരാൾക്കു കൊടുക്കാൻ കാരണവന് അധികാരമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : പത്താംവകുപ്പിരുന്നാൽ അങ്ങനെ കൊടുക്കാം എന്നു് ഊഹിക്കരുതോ?

MR. A. THANU PILLAI (*Trivandrum*) : അങ്ങനെ ഊഹിക്കാൻപാടില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഡെലിഗേഷൻ കൊടുത്താൽ കൊടുത്തിരിക്കുന്ന ആൾ കാരണവനോ അതു വാങ്ങിക്കുന്ന ആൾ കാരണവനോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*) : കാരണവൻ ഡെലിഗേഷൻ കൊടുത്തിരിക്കുന്നതുകൊണ്ടായിട്ടുവേണം വിചാരിക്കാൻ. അതുകൊണ്ട് ഈ ക്ലാസിൽ ഒന്നും ഭേദഗതി ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ക്ലാസ് പത്തു് ആവശ്യമില്ല. അതു പിൻവലിച്ചുകളയാമെന്നു ബിൽ പ്രയോക്താവുതന്നെ സമ്മതിച്ചുകഴിഞ്ഞു. എന്നാൽ മി. ജാതവേദൻനമ്പൂതിരിപ്പാട്ടിലെ ഭേദഗതി ൻ-ം ഫ ം-ം ക്ലാസുകൾക്കാണ്. കാരണവന്റെ അക്രമപ്രവൃത്തികൾ കാണുമ്പോൾ തറവാട്ടിലുള്ള മറ്റംഗങ്ങൾക്കു കാരണവനെ മാറ്റാനുള്ള അധികാരംകൂടി ആവശ്യമായതുകൊണ്ട് ഈ ഭേദഗതി അംഗീകരിച്ചു പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. R. RAMAN PILLAI (*Kottayam*) : പത്താം വകുപ്പ് അതേമാതിരി ഇരുന്നാൽ മിസ്റ്റർ ജാതവേദൻ നമ്പൂതിരിയുടെ ഭേദഗതിയെ അനുകൂലിക്കണമെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ ആ ബിൽ പ്രയോക്താവുതന്നെ പത്താമതു വകുപ്പിനെ പിൻവലിച്ചിരിക്കുന്ന സ്ഥിതിക്കു ഭേദഗതിയെ അനുകൂലിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്രകാരം പിൻവലിക്കപ്പെട്ട ഒരു ക്ലാസിനെപ്പറ്റിയാണു് ഇപ്പോൾ ഇവിടെ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുന്നതു്.

PRESIDENT : The Bill is before the House and the House may deal with it as it chooses.

MR. R. RAMAN PILLAI (*Kottayam*): എന്തായാലും ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നില്ല. ഒൻപതാമത്തെ വകുപ്പു് ഇവിടെ പാസായിക്കഴിഞ്ഞു. അതനുസരിച്ചു കാരണവനു കാരണവസ്ഥാനം ഒഴിയുകയും ചെയ്യാം. എന്നാൽ ഇന്നാൾക്കു കൊടുക്കാം എന്നു് അതിൽ പറഞ്ഞിട്ടില്ല. പത്താമത്തെ ക്ലാസ് അനുസരിച്ചു നോക്കുമ്പോൾ വേറെ ഒരു ന്യൂനത കൂടിയുണ്ട്. അതായതു് ഒരു നായർ കുടുംബത്തിൽ വിവാഹം ചെയ്തിട്ടുള്ള ഒരാൾ കാരണവനായി വന്നു എന്നു വയ്ക്കുക. ഏതെങ്കിലും ഒരു ഇളമുറക്കാരനു് ആ കുടുംബത്തിൽതന്നെ ബാന്ധവവും ഉണ്ടായിരിക്കും. ആ ഇളമുറക്കാരനെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കാരണവൻ തന്റെ സ്ഥാനം അയാൾക്കു കൊടുത്തു എന്നു വന്നേക്കാൻ എളുപ്പമുണ്ടു്. അതുകൊണ്ടു് കാരണവനു് അങ്ങിനെ അധികാരം കൊടുക്കാൻ പാടില്ല. ഇങ്ങനെ ആവശ്യമില്ലാത്ത ഒരു വകുപ്പു് ഇവിടെ കൊണ്ടുവന്നതുകൊണ്ടാണു് ഒരു ഭേദഗതിയുടെ ആവശ്യമുണ്ടായതു്. കുടുംബത്തിലെ മറ്റംഗങ്ങൾക്കു ഉപദ്രവും മനസ്സിനു് വേദനയും ഉണ്ടാകുന്നതുകൊണ്ടു കാരണവസ്ഥാനം ആകുടുംബത്തിൽ ആൾക്കു കൊടുക്കാം എന്നു വയ്ക്കുന്നതു് വളരെ കഠിനമായൊന്നാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The Council will now adjourn and meet again at 2-45 P. M.

The Council adjourned for lunch at 2 P. M. and reassembled at 2-45 P. M.

PRESIDENT: The House will now continue the discussion on the amendment to Clause 10.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഇപ്പോൾ വലിയ വാദപ്രതിവാദത്തിന് ഇടയായതു പത്താമത്തെ വകുപ്പാണ്. അതിനെ ഇങ്ങിനെ ഭേദപ്പെടുത്തിയാൽ നന്നായിരിക്കുമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

"No karanavan shall appoint any agent for the management of the Illom property except by a duly registered instrument and no karanavan shall delegate his karanavasthanam to any body"

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I think that what both parties mean is this:

"No Karanavan shall have the power or right to delegate his Karanavasthanam to a junior member of the family".

On this they are agreed. At the same time Mr. Kesavan Namputiripad wants—I think Mr. Jathavedan Namputiripad also has agreed to this—a provision to the effect that no Karanavan shall have the power to appoint a kariasthan or vicharippukaran except by a duly registered instrument.

PRESIDENT: Shall we provide for carrying that into effect? What is it exactly that Mr. Kesavan Namputiripad wants to do in regard to Clause 10?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): His idea is that no karanavan should have power to appoint a kariasthan or vicharippukaran except by a duly registered instrument.

PRESIDENT: What becomes of Mr. Jathavedan Namputiripad's amendment? Does Mr. Jathavedan Namputiripad withdraw the amendments he proposed to Clause 10?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): He also agrees to the amendment suggested by Mr Kesavan Namputiripad.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): He is amenable to that.

PRESIDENT: So, let us have it put in proper form.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): No Karanavan shall appoint any agent for the management of the Illom property except by a duly registered instrument and no karanavan shall delegate his karanavasthanam to any person other than the senior ananthiravan.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Suppose the senior ananthiravan becomes incompetent?

PRESIDENT: Do you think the last words are necessary?

MR. L. R. RAJA RAJ VARMA KOIL TAMPURAN (*Changanachery* cum *Peermade*): We want to hear it once more.

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Ponnies*): No karanavan shall appoint any agent for the management of the Illom property except by a duly registered instrument and no karanavan shall delegate his karanavasthanam in favour of anybody.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): 'No karanavan shall delegate his karanavasthanam to anybody'. Is it what he means?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It is a substitution for Clause 10.

PRESIDENT: Mr. Kesavan Namputiripad has read his amendment. Mr. Paramesvaran Pillai please see if the wording is correct.

MR. A. G. MENON (*Parur*): Even under the existing law or under any other law, can anybody delegate his karanavasthanam?

PRESIDENT: There seems to be some misunderstanding as to the scope of Clause 10 and the amendment as proposed by Mr. Jathavedan Namputiripad. To make the position quite clear this wording might be adopted, because on the two branches of the Clause as now worded, there seems to be agreement between both the parties. That is as to the necessity for a duly registered instrument for the appointment of a *Kariasthan* or manager and as to the incapacity of a karanavan to delegate his karanavasthanam. On these two points there seems to be agreement. The question is whether this provision may not be so worded as to make both these points clear.

MR. K. P. NILAKANTA PILLAI (*Chirayinkil*): Even by the mere deletion of Clause 10 the purpose will be served and we need not substitute anything.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If so, a manager can be appointed without a registered instrument.

MR. K. P. NILAKANTA PILLAI (*Chirayinkil*): That is now being done.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is done now without a registered instrument. They say that there should be a registered instrument.

MR. K. P. NILAKANTA PILLAI (*Chirayinkil*): If that is so, the wording is not clear.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): 'For the management of the Illom property except by a registered instrument'. It seems to be clear.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Suppose Clause 10 is deleted. Then a question may arise whether the karanavasthanam may be delegated.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes.

PRESIDENT: As I once said the House may take up the question of voting after the whole Clause has been dealt with. There are one or two other Clauses in the amendment proposed by Mr. Jathavedan Namputiripad which the House may now consider.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): What Mr. Kesavan Namputiripad just read will be sub-clause (1) of Clause 10.

PRESIDENT: According to him it would be the whole of Clause 10. There are amendments proposed and the House will now consider them. The whole amendment has been proposed and seconded. What is now to be done is to discuss the other parts of the amendments, parts 2, 3 and 4.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): കാരണവൻ ശരിയായിരുന്നില്ലെങ്കിൽ ഒഴിപ്പിക്കാനുള്ള അധികാരം ഉള്ളതായി ബില്ലിൽ കാണുന്നില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതു് മിസ്റ്റർ ചെല്ലംപിള്ള സെക്കൻഡു ചെയ്തു, ഇപ്പോൾ വാദത്തിലിരിക്കയാണു്.

PRESIDENT: വാദമായിട്ടു വല്ലതും ഉണ്ടെങ്കിൽ പറയുക.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ആ ഭാഗംക്കൂടി ചേർക്കേണ്ടതാണു് എന്നാണു് എനിക്കു പറയുവാനുള്ളതു്.

PRESIDENT: What is your position in regard to parts 2, 3 and 4 of the amendment, Mr. Namputiripad? You may deal with them one by one.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): രണ്ടാമത്തെ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ കാരണവനെ മാറ്റുന്നതിനു് അധികാരം ഉള്ളതുകൊണ്ടു് അതു കൂടിയേ തീരു എന്നില്ല.

MR. A. THANU PILLAI (*Trivandrum*): ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമംകൊണ്ടു് ഇതിൽപറയുന്ന കാരണങ്ങളാൽ കാരണവനെ മാറ്റുന്നതിനു കുടുംബാംഗങ്ങൾക്കു അവകാശമില്ലേ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഉണ്ടു്. മൂന്നാമത്തെ ഉപവകുപ്പിലുള്ള വ്യവസ്ഥ പ്രത്യേകം എടുത്തുപറയാതെതന്നെ സ്വാഭാവികമായി അധികാരം അടുത്ത അനന്തിരവനു് ചെന്നു ചേരുന്നുണ്ടു്. അതുകൊണ്ടു് അതിന്റെ ആവശ്യമില്ല.

MR. A. THANU PILLAI (*Trivandrum*): Shall we not discuss part 2 of the amendment alone?

PRESIDENT: I said he may deal with parts 2, 3 and 4 as he chooses. We are merely discussing them and the discussion may relate to all the three together. What do you say about the fourth Clause?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): നാലാമത്തെ വകുപ്പു സ്വീകരിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ അതു സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*) : ഔട്ട് കാസ്റ്റ് എന്നൊരു പദം ഉപയോഗിച്ച കാണുന്നു. അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഔട്ട് കാസ്റ്റാണെന്നു നിശ്ചയിക്കുന്നതാരാണ്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): രണ്ടാമത്തെക്ലാസിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഇപ്പോഴും നിലവിലിരിക്കുന്ന ചട്ടപ്രകാരം ഒരു കാരണവനെ നീക്കുന്നതിനു് അധികാരം ഉണ്ടു്. അതിന്റെ അർത്ഥം ഏകദേശം അതിൽ പൂർത്തിയായിട്ടു വന്നിട്ടുണ്ടു്. അതുകൊണ്ടു് ഈവകുപ്പു് വേണമോ എന്നു് സംശയമാണു്. കാരണവസ്ഥാനത്തു് ആക്കേണ്ട സംഗതിയെപ്പറ്റി പറയുന്നതിൽ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇരിക്കുന്നതുപോലെയാണു്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിവാഹം ചെയ്തു കുടുംബത്തിൽ കയറിയതീയതി മുതൽക്കാണു് മൂപ്പു് നിശ്ചയിക്കേണ്ടതു് എന്നാണു് പറയുന്നതു്. അതു് സഭനിശ്ചയിക്കേണ്ടതാണു്.

PRESIDENT: You find that in part 3. You have not finished Part 2.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes, Sir.

PRESIDENT: We are now at part 2.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*). ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടപ്രകാരം അതു് വന്നിട്ടുള്ളതു കൊണ്ടു് അതു് കൂടിയേതീരൂ എന്നില്ല. ഭേദഗതിയിൽ രണ്ടാം ഭാഗം വേണ്ടാ എന്നുവയ്ക്കാം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): വിവാഹം കഴിഞ്ഞ മുറയ്ക്കാണു് മൂപ്പുകിട്ടേണ്ടതു് എന്നാണോ പറയുന്നതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അതേ.

MR. R. RAMAN PILLAI (*Kottayam*): വിവാഹം കഴിയാത്ത ഒരു സ്ത്രീ കുടുംബത്തിൽ ഇരിപ്പുണ്ടു്. അവൾക്കു് അറുപതു വയസ്സുമായി. ആ സ്ത്രീക്കു വല്ല അവകാശവും ആ കുടുംബത്തിലുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഇന്ന വയസ്സിനു മുമ്പു വിവാഹം ചെയ്തു കൊടുക്കണം എന്നു ഭേദഗതിയിൽ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അങ്ങനെവരികയില്ല.

MR. R. RAMAN PILLAI (*Kottayam*): അങ്ങനെ വിവാഹം ചെയ്തു കൊടുത്തില്ലെങ്കിൽ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): വിവാഹം കഴിക്കാതിരിക്കുന്നിടത്തോളം മൈനറായിട്ടു് ഗണിയ്ക്കാനേ തരമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: That is in the definition. In Clause 2 you have got the explanation to sub-clause (3) about the seniority of females. When we are discussing that Clause, the definition proposed will come up again. The whole of Clause 2 has to be considered after Clause 12.

MR. K. P. NILAKANTA PILLAI (*Chirayinkil*): There are many amendments to Clause 2. When these amendments are settled, there may not be any necessity for this Clause.

PRESIDENT: Have you anything to say with regard to part 4 of the amendment, Mr. Paramesvaran Pillai?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ഭാഗം ചേർക്കുന്നതുകൊണ്ടു വിരോധമൊന്നുമില്ല. മൈനർ മാത്രമുള്ള പ്പോഴാണ് കോർട്ടിൽ അപേക്ഷിക്കണമെന്നു പറയുന്നതു്.

PRESIDENT: Yes. That is what he says. Mr. Kesavan Namputiripad has said that he has no objection to accepting that.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): What I want to say is that under the Guardian and Wards Regulation he may get it if there is one minor member. But if there are a group of minors, then there is some difficulty. It is better to have this Clause if they want it.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ക്ലാസ് മൂന്നിനെ സംബന്ധിച്ചിടത്തോളം പറയുന്നതു്:

"Where the Karanavan has relinquished the management, or has been removed from the same, the management of the Illom will devolve on the major male members, and in the absence of such male members on the major female members of the Illom in order of seniority and the same shall be taken up by them."

എന്നാണ്. അപ്പോൾ major male members എന്നാണോ വരുന്നതു്.

PRESIDENT: That is not correctly worded.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It must go to the male members and in their absence to the female members in the order of seniority.

MR. A. THANU PILLAI (*Trivandrum*): Is it the same when the vacancy may occur by death also.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes.

PRESIDENT: Then there will be no difficulty at all. When one man dies the next senior member becomes the Karanavan.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വിവാഹം കഴിച്ചിട്ടില്ലാത്ത സ്ത്രീകൾക്കു എത്ര വയസ്സായാലും അവരെ ശമനരായിട്ടു ഗണിക്കാനെ പാടുള്ളോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That may be taken up for consideration when we come to Clause 2.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: What the Law Member suggested was that this Explanation need not be taken up and that it might be deleted because it comes under Clause 2.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): We can delete parts 2 and 3 and part 4 alone will remain for discussion.

PRESIDENT: Is he prepared to delete part 4 also?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതു ഡെലീറ്റ് ചെയ്താൽ മതി.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): മൂന്നാമത്തെ ക്ലാസിൽ പറയുന്നതു് കാരണവസ്ഥാനം വയസ്സുമുറയ്ക്കു കിട്ടുമെന്നാണു്. എന്നാൽ സ്ത്രീയുടെ വിവാഹം കഴിഞ്ഞുമുറയ്ക്കു കിട്ടണം എന്നും പറയുന്നുണ്ടു്. രണ്ടാമത്തെ ക്ലാസിൽ കാരണവന്റെ വിവരണം പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു കാരണവനെപ്പറ്റി എന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അതു് അവിടെ ചേർത്താൽ മതി.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): രണ്ടും മൂന്നും ഭാഗം ഞാൻ പിൻവലിക്കാം.

PRESIDENT: Part 4 is accepted by Mr. Kesavan Namputiripad.

Does the House allow Mr. Jathavedan Namputiripad to withdraw his amendment?

(The amendment was, by leave withdrawn.)

The only two points for voting are Clause 10 as modified by the mover himself and Part 4 of the amendment proposed by Mr. Jathavedan Namputiripad.

Clause 10 as amended reads thus:

"(1) (*a*) No Karanavan shall appoint any agent for managing the Illom properties except by a duly registered instrument; and

(*b*) No Karanavan shall delegate his Karanavasthanam in favour of any person.

(2) Where there is no major male or major female member in an Illom to carry on the management, any person interested in the Illom or its members may, on an application made to the Civil Court of original jurisdiction within whose limits the Illom is situated, have the affairs conducted through the manager appointed by the Court as per the order of the Court making such appointment."

The question is that the Clause as thus amended do stand part of the Bill?

The question was carried and the Clause was added to the Bill.

PRESIDENT: The next amendment before the House is the new Clause proposed by Mr. Jathavedan Namputiripad.

LIBRARY ARCHIVES Kerala Legislative Assembly

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : ബില്ലിൽ ചേ ക്കേണ്ട പുതിയവകുപ്പ് ഞാൻ ഇവിടെ അവതരിപ്പിക്കാം.

(ക) ഇല്ലത്തിലെ ഒരു കന്യകയ്ക്ക് പന്ത്രണ്ട് വയസ്സ് തികഞ്ഞതിന്റെശേഷവും വിവാഹം കഴിപ്പിച്ചുകൊടുപ്പാൻ കാരണവൻ ഉദാസീനത കാണിക്കുന്നുവെങ്കിൽ ഇല്ലത്തിലെ മറ്റേതെങ്കിലും അംഗത്തിന് ആ കന്യകയെ വിവാഹം കഴിപ്പിച്ചുകൊടുപ്പാൻ അധികാരമുള്ളതും ആ വകയ്ക്ക് ചിലവിനു വേണ്ടിവരുന്ന സംഖ്യ ഇല്ലസ്വത്തിൽനിന്നും വസൂലാക്കി എടുപ്പാൻ അയാൾക്ക് അവകാശമുള്ളതും ആകുന്നു.

എന്നാൽ വിവാഹത്തിനു സ്ത്രീധനം കൊടുക്കേണ്ട സംഖ്യ ഇല്ലസ്വത്തു മുതലോഹരിഭാഗിച്ചാൽ ആ കന്യകയ്ക്കു കിട്ടാവുന്ന സ്വത്തിന്റെ വിലയായിരിക്കേണ്ടതും, അങ്ങനെയുള്ള സംഖ്യ ഒരിക്കലും ൫൦,൦൦൦ രൂപായിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*) : ഇപ്പോഴത്തെ നിലവിലിരിക്കുന്ന ചട്ടമനുസരിച്ചു വിവാഹം ചെയ്തുകൊടുക്കാതെ മനഃപൂർവ്വം പ്രവർത്തിക്കുന്ന കാരണവന്മാരുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : മനഃപൂർവം പ്രവർത്തിക്കുന്നു എന്ന് അർത്ഥമില്ല. കാരണവരുടെ ഉദാസീനതകൊണ്ട് നടത്താതിരിക്കുന്നു എങ്കിൽ അത് മറ്റുള്ളവർക്കു നടത്താമെന്നാണ്.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഇപ്പോഴത്തെ ചട്ടം അനുസരിച്ച് സ്ത്രീധനം മേടിക്കുന്ന പണം ഇല്ലത്തിലേക്ക് തന്നെയാണോ ചേരുന്നത്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*) : അങ്ങനെ അല്ല.

PRESIDENT : Is that amendment seconded ?

MR. V. CHELLAM PILLAI (*Tovala*) : Yes, Sir, I second it.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഒരു ഇല്ലത്തിൽ പന്ത്രണ്ടു വയസ്സു കഴിഞ്ഞശേഷം വിവാഹംകഴിച്ചു കൊടുക്കാത്ത ഒരു പെൺകുട്ടി ഇരുന്നാൽ ആ കുടുംബത്തിലെ മറ്റേതെങ്കിലും അംഗങ്ങൾക്കു ആ പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുക്കാമെന്നാണ് ഭേദഗതി. അതുകൊണ്ടു പലദോഷവും സംഭവിക്കുന്നതാണ്. ഒരു പെൺകുട്ടിയുടെ അച്ഛൻ ഉണ്ടായിരിക്കും. ആ ഭദ്രേഹത്തിനു പുതിയെ നല്ലസ്ഥിതിയിലുള്ള ഒരാളിനു വിവാഹംകഴിച്ചുകൊടുക്കണമെന്നു വിചാരമുണ്ടായിരിക്കും. അതിലേക്ക ഒരു വരനെ അന്വേഷിച്ചു തിരിഞ്ഞെടുക്കുന്നതിന് കുറെ സമയം വേണം. ഈ വ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

കൂപ്പ് പസ്സായികഴിഞ്ഞാൽ കാരണവനോട് ദ്വേഷമുള്ള മറ്റുള്ള അംഗങ്ങൾ ഫസ്റ്റ് വയസ്സ് തികയുന്നതു നോക്കിക്കൊണ്ടിരിക്കും. പെട്ടെന്ന് ൧൦ വയസ്സായ ആളിന് അവർ ആ കുട്ടിയെ കല്യാണം കഴിച്ചുകൊടുത്തേക്കും. അച്ഛൻ പുത്രിയെ ചെറുപ്പക്കാരനായിട്ടുള്ള ഒരാളിനു കൊടുക്കണമെന്ന് ആഗ്രഹിച്ചിരിക്കുന്ന അവസരത്തിലാണ് യാതൊരു യോഗ്യതയും ഇല്ലാത്ത ആളുകൾക്ക് പണത്തിന്റെ ലാഭത്തെ ഉദ്ദേശിച്ച് കൊടുക്കാൻ ഇടവരുന്നത്. ഇങ്ങിനെ ൮ ൦ - ന്നു ൦ - ൧൦ വയസ്സായ ആളുകൾക്ക് യാതൊരു മടിയുംകൂടാതെ കന്യകകളെ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നു. ഈ ഭേദഗതി അതിനു് ഒന്നുകൂടി സഹായമായിത്തീരുന്നതാണ്. പിതാവിനു് സ്നേഹമില്ലാതെവരികയില്ല. ഈ പ്രവർത്തി സ്നേഹംവിട്ട് ധനത്തിന്റെ ലാഭംമാത്രം കരുതി ചെയ്യുന്നതാണ്. അതു് ഒരിക്കലും നല്ലതല്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : അച്ഛൻ ഇല്ലാത്ത കന്യകയാണെങ്കിൽ കാരണവർക്കു വിവാഹത്തെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഈ സമുദായത്തിലുള്ള പെൺകുട്ടികളെ വിവാഹംകഴിപ്പിച്ചു കൊടുക്കുന്നതിനു് കുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും സ്വാതന്ത്ര്യമുണ്ട്. സ്ത്രീകളെ വിവാഹംകഴിച്ചുകൊടുക്കുന്നതിനുതന്നെയാണ് അവർ ശ്രമം ചെയ്തുകൊണ്ടിരിക്കുന്നതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*) : നംപൂതിരി സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ധാരാളമായിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇപ്പോൾ ൨൦-൦ ൨൫-൦ വയസ്സുവരെ വിവാഹം കഴിക്കാത്തവരായി ഇരിക്കുന്നുണ്ട്.

MR. A. C. KURIAKOSE (*Minachil cum Devicolam*): അങ്ങിനെ അവിവാഹിതകളായ സ്ത്രീകൾ ധാരാളം ഉള്ള സ്ഥിതിക്ക് അവരെ വിവാഹം കഴിപ്പിക്കാതെ വച്ചുകൊണ്ടിരിക്കുന്നതിനു കാരണമെന്തു്?

MR C. N. TUPPAN NAMPUTIRIPAD (*Co-opted*) : വിവാഹം കഴിച്ചിട്ടുള്ള സ്ത്രീകളുടെ കഥ ആലോചിച്ചാൽ അതിലും കഷ്ടമാണ്. ഇപ്പോൾ ൫൦ , ൬൦ വയസ്സായ പുരുഷന്മാർക്കു വിവാഹംചെയ്തു കൊടുക്കുന്നുണ്ട്.

MR. A C. KURIAKOSE (*Minachil cum Devicolam*) : അങ്ങിനെ അവിവാഹിതകളായിരിക്കുന്നതു് നല്ലതാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : നല്ലതല്ല. അവരെ വിവാഹം കഴിച്ചുകൊടുക്കുന്നതിന് സമുദായം സഭാശ്രമംചെയ്തുകൊണ്ടിരിക്കയാണ്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : കുടുംബത്തിലെ കാരണവന്റെ വീഴ്ചകൊണ്ടാണോ സ്ത്രീകൾ അവിവാഹിതകളായിരിക്കുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതല്ല. സാധാരണ പുരുഷന്മാരെ വിവാഹം കഴിക്കുന്നതിനു കിട്ടുന്നില്ലാത്തതുകൊണ്ടാണ്. ഒരു കന്യക ഒരു കുടുംബത്തിൽ ഉണ്ടെങ്കിൽ അഞ്ചും എട്ടും വയസ്സാകുന്നതുമുതൽ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളും ആ കന്യകയെ വിവാഹംകഴിച്ചു കൊടുക്കുന്നതിന് ശ്രമം ചെയ്തുകൊണ്ടാണിരിക്കുന്നത്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കാരണവൻ ഉദാസീനതകാണിച്ചാൽമാത്രമെ മറുള്ളവക്ക് വിവാഹംകഴിച്ചുകൊടുക്കാൻ അവകാശമുള്ളു എന്നല്ലെ പറയുന്നത്. കാരണവൻ ഉദാസീനൻ അല്ലാതിരിക്കുമ്പോൾ മറുള്ളവക്ക് ഈ അവകാശം കിട്ടുന്നില്ല. അതുകൊണ്ട് കാരണവൻ ഉദാസീനൻ ആയിരിക്കുമ്പോൾ മറുള്ളവക്ക് ഇതിലേക്ക് അവകാശം കൊടുക്കുന്നതുകൊണ്ട് ദോഷം ഉണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതുകൊണ്ട് ദോഷമില്ല. പക്ഷേ മറുള്ളവർ വിവാഹം കഴിച്ചുകൊടുക്കുന്നത് ധനത്തെമാത്രം ആഗ്രഹിച്ചുകൊണ്ടാണ്. അതുകൊണ്ട് ഒരു തരത്തിലും യോജിപ്പില്ലാത്തനിലയിൽ വിവാഹം കഴിച്ചുകൊടുക്കാൻ ഇടവന്നേയ്ക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : സാധാരണയായി അച്ഛനൊ കാരണവനൊ ഉണ്ടായിരുന്നാൽ വിവാഹകാര്യത്തെപ്പറ്റി ശ്രമിച്ചുകൊണ്ടിരിക്കും. സ്ത്രീയുടെ അച്ഛൻ മരിച്ചുപോകുന്നു. അഛൻ ഇരിക്കുന്നുണ്ട്. ആ അഛന് ഇതിൽ താല്പര്യമില്ല. എന്നാൽ അതിലേക്കു പ്രാപ്തിയുള്ള സഹോദരന്മാരുണ്ട്. അവർക്കു ഈ വിവാഹം നടത്താൻ അധികാരം കൊടുക്കണമെന്ന് മാത്രമേ ഈ വകുപ്പിൽ പറയുന്നുള്ളു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കല്യാണം കഴിക്കുന്നത് കന്യകയുടെ സമ്മതത്തോടുകൂടിമാത്രമേ പാടുള്ളു എന്നും ചേർത്താൽ ആക്ഷേപമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : യാതൊരാക്ഷേപവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അങ്ങനെയാണെങ്കിൽ മിസ്റ്റർ ജാതവേദൻനമ്പൂതിരിപ്പാട പറഞ്ഞിട്ടുള്ള പതിനാറുവയസ്സ് എന്നുള്ളതിനെ ഫ്രൂ എന്നാക്കി സ്ത്രീയുടെ സമ്മതത്തോടുകൂടി എന്നാക്കിയാൽ മതിയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതിന് വിരോധമില്ല.

PRESIDENT : Mr. Paramesvaran Pillai, will you kindly make it clear what it is that they are agreed upon?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Mr. Jathavedan Namputiripad has brought in an amendment to the effect that where the *Karanavan* neglects to give a girl in the Illom in marriage before she completes her sixteenth year of age, any other member should have the power to give that girl in marriage and the right to realise the required money out of the Illom funds. Mr. Tuppan Namputiripad objects to the amendment on the ground that the provision is likely to be exploited to the prejudice of the girl out of mercenary or other ulterior motives. I therefore suggested that the age-limit of 16 in the amendment of Mr. Jathavedan Namputiripad might be raised to 18 and that a provision might be added that the girl should consent to the marriage.

MR. V. J. OOMMEN (*Commerce and Industry, North*) : ഈ 'സമ്മതം' എന്നു പറയുന്നതു് രേഖാമൂലമായ സമ്മതമോ വാക്കാലുള്ള സമ്മതമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഞാൻ ഉദ്ദേശിച്ചു പറഞ്ഞതു് വാക്കാൽ എന്നുള്ള അർത്ഥത്തിലാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതു് സമ്മതം കിട്ടിയിട്ടു് നിശ്ചയിച്ചാൽ കൊള്ളാം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവരുടെ സമ്മതം ചോദിക്കുന്നതു് ആരാണു്? വല്ലവർത്തമാനപത്രങ്ങൾ വഴിയായിട്ടും മതിയോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): സ്ത്രീയുടെ സമ്മതം കിട്ടിയാൽമതി.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): She has to take part in the ceremony. She would not do it unless she consents to the marriage. She is a major and therefore consent given by her would be a valid consent.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : Yes.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: How is it to be worded, Mr. Parameswaran Pillai. Please write it down and read it.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഈസ്ത്രീധനസംഖ്യ ഇല്ലം വക സ്വത്തായിട്ട് പരിഗണിക്കാമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആ സംഗതി വരുന്നേയുള്ളൂ.

MR. R. KESAVA PILLAI (*Kottarakara* cum *Kunnathur*): ഇപ്പോൾ ചേത്തിരിക്കുന്നത് ചട്ടപ്രകാരംതന്നെയും ... ...

PRESIDENT: Please wait, Mr. Kesava Pillai. Let us first have it in black and white.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): This is how I would word it:

'Where the *Karanavan* neglects to give a girl of the Illom in marriage even after her having completed her 18th year of age, any other member of the Illom shall have the right to give her in marriage with her consent, and he shall be entitled to realise, from the Illom funds, the money required for the purpose.'

MR. A. THANU PILLAI (*Trivandrum*): What is the age-limit at which the guardian's consent is dispensed with, in the case of a Nayar girl?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I think it is 16.

MR. A. THANU PILLAI (*Trivandrum*): Then, why not have the same limit here also?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Having regard to the observations made by Mr. Tuppan Namputiripad that the provision is likely to be exploited, I put it as 18 at which age the girl would be a major.

MR. N. R. KRISHNAN (*Nominated*): മിസ്റ്റർ തുപ്പൻ നമ്പൂതിരിപ്പാട്, അച്ഛനല്ലാതെ വേറെ ആരെങ്കിലും കല്യാണം കഴിച്ചുകൊടുത്താൽ സങ്കടമുണ്ടെന്നാണ് പറയുന്നത്. അതിനാൽ 'Where the Karanavan, *other than the father of the girl*, neglects to.....എന്ന് ചേത്താൽ സങ്കടം വരുന്നതല്ലെല്ലോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതുകൊണ്ട് എല്ലാ ഭാഗവും സാധിക്കയില്ല. 18 വയസ്സായ സ്ത്രീയുടെ സമ്മതംകൂടി വാങ്ങിക്കണമെന്ന വച്ചാൽ കുറെ കൂടി നല്ലതുമാണല്ലോ. അപ്രകാരമുണ്ടെങ്കിൽ അപ്രകാരൻ തന്നെ ശരിയായി ആലോചിച്ചു ചെയ്യുകയും വേണ്ടും.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : ആരുടേയും സമ്മതംകൂടാതെ ഒരു സ്ത്രീയെ ചട്ടത്തിൽ ഉൾപ്പെടാത്ത ഒരു കല്യാണം കഴിപ്പിച്ചാൽ അതു വാലിഡാണോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു് ഒരു ഹൈപ്പോത്തെറിക്കൽ ചോദ്യമാണു്.

MR. K MADHAVAN PILLAI (*Trivandrum* cum *Neduvangad*) : സമ്മതം വേണം.

MR. A. THANU PILLAI (*Trivandrum*) : Is there not some awkwardness in a Statute providing that another person should act on behalf of a person who has attained majority ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The main point is that there should be the right to realise, the money required for the marriage, from the Illom funds.

MR. A. THANU PILLAI (*Trivandrum*) : But, is there not some awkwardness in a Statute providing for a third party to act on behalf of a major, and then claim money ? Is it not better that the major herself is legally authorised to do it ? No doubt she may have her own agent for the purpose.

PRESIDENT : Under the Hindu Law, Mr. Thanu Pillai, some male relation has to give the girl in marriage.

MR. K. P. NILAKANTA PILLAI (*Chirayinkil*) : I beg to oppose this new Clause. On several grounds it is not very advisable to adopt it.

First of all, we have to note, that the Namputiri Illom has got certain traditions ; and these traditions we cannot all on a sudden forget and enact a provision like the one now proposed. Under the proposed provision, if a girl is not married till her sixteenth year of age, any other member of the Illom would be entitled to give her in marriage.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : That has been modified. Eighteen has been fixed as the age-limit, and a condition has been added that the girl should consent to the marriage.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Anyhow, a male member is necessary to give her in marriage and it has not been definitely stated who is the male member in the family entitled to give her in marriage in case she is not given in marriage till she attains the prescribed age limit. Let us take the case of a family where there are 12 male members of whom 11 are on one side and do not want to give her in marriage to a particular individual. If the proposed provision is accepted, the 12th member would be entitled to give her in marriage to that person against the wishes of the other 11 members of the family. It is very easy to say that as the girl has completed 18 years, she has become a major and therefore is in a position to give her consent for the marriage. But we have to bear in mind the traditions of the Namputiri illom and

LIBRARY ARCHIVES Kerala Legislative Assembly

realise how difficult it is to get access to the inner apartments of the Illom to get the consent of the girl, or, for that matter, to ascertain from the girl whether she has really given her consent or whether it is all the false allegation of some interested male member of the Illom taking advantage of the provision now under consideration. I do not think, considering the present condition of the Namputiri community and the advancement that the Namputiries have made, that we can act upon the assurance that the girl has given her consent to the marriage.

And then, certain amendments have been proposed which compel the Karanavan to give maintenance to every major member of the Illom If the provision now proposed is adopted, then it may not be to the interest of the managing member himself to retain the girls of the Illom unmarried. He will certainly be very anxious to get them married as early as possible to the available candidates. Therefore, there seems to be no difficulty in regard to the marriage of Namputiri girls in future.

We have also, Sir, to respect the feelings and sentiment of the Karanavan or the man in authority who is now entitled to give girls in marriage. And, in that connection, the arguments advanced by Mr. Tuppan Namputiripad have to be carefully considered.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : With reference to the illustration given by Mr. K. P. Nilakanta Pillai, of a family with 12 male members, supposing the girl is willing to marry a particular individual, but only one of the 12 male members is agreeable to the proposal, is it not desirable that the girl is helped in such a case ?

MR. K. P. NILAKANTA PILLAI (*Chirayinkil*) : Or, the 12th member may somehow obtain the consent of the girl in his own interests and precipitate the marriage.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Considering the fact that there are many un-married girls in the Namputiri community, does not the member think that it is desirable to have the provision now under consideration ?

MR. K. P. NLAKANTA PILLAI (*Chirayinkil*) : The very object of the present Bill is to give an impetus to the marriage of Namputiri girls; and the several provisions of the Bill have been so framed as to see that no Namputiri girl remains unmarried in future.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ഭേദഗതിയിൽ അല്പം ചിലദുഷ്യങ്ങൾ ഉണ്ടെങ്കിലും അതുകൊണ്ട് സമുദായത്തിന് കൂടുതൽ ഗുണം സിദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. കൊച്ചി നിയമസഭയിൽ ഹാജരാക്കിയ ബില്ലിൽ ഉൾപ്പെട്ട വകുപ്പാണ്. അവിടെ എല്ലാ അളുകളുടേയും പരിപൂർണ്ണമായ അനുകൂല്യം ഈ ബില്ലിനു സിദ്ധിച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഒരു സ്ത്രീയെ വിവാഹം കഴിച്ചു കൊടുക്കുന്നതിൽ കാരണവൻ ഉദാസീനത കാണിച്ചു എന്നു വിചാരിക്കുക. ഈ അവസരത്തിൽ സ്ത്രീയുടെ സഹോദരനും സഹോദരനല്ലാത്ത ആളും ഉണ്ടെന്നു വിചാരിക്കുക. സഹോദരന്റെ ഉദ്ദേശം വേറെ ഒരാളിന് കല്യാണം കഴിച്ചു കൊടുക്കണമെന്നാണ്. ഈ അവസരത്തിൽ ആ സഹോദരന്റേയും അച്ഛന്റേയും സമ്മതം ഇല്ലെങ്കിൽ മറ്റുള്ളവർ വിചാരിച്ചാൽ കല്യാണം കഴിച്ചു കൊടുക്കാൻ സാധിക്കയില്ലേ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതിന് സ്ത്രീയുടെ സമ്മതംകൂടി വേണം.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അങ്ങനെ ആണെങ്കിൽ അച്ഛന്റേയും സഹോദരന്റേയും സമ്മതം കൂടാതെ വിവാഹക്രിയ നടത്താൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതു സാധിക്കുകയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഉടമ്പടിയും ചെയ്യേണ്ടതാരാണ്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഇന്നത്തെ ആചാരപ്രകാരം അച്ഛനൊ സഹോദരനൊ ആണ്.

MR. V. CHELLAM PILLAI (*Tovala*): ഉടമ്പടിയും ചെയ്യാതെ കല്യാണം കഴിച്ചുകൊണ്ടു പോകുന്നതിന് ആർക്കും ഉണ്ടെങ്കിലോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു സമുദായാചാരപ്രകാരം ന്യായമായിരിക്കയില്ല.

MR. S. PIRAVI PERUMAL PILLAI (*Commerce and Industry, South*): അച്ഛനും സഹോദരനും ഇല്ലാത്ത അവസരത്തിൽ എങ്ങിനെ ആണ് കല്യാണം നടത്തുന്നത്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അച്ഛനും സഹോദരനും ഇല്ലെങ്കിൽ അടുത്ത മുറക്കാരൻ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ ഉടമ്പടിയും അല്ലാത്ത വേറെ വിവാഹങ്ങളും നടത്തുന്നതിന് ആചാരം അനുവദിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഇല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഗാന്ധർവ്വവിവാഹം നടപ്പുണ്ടോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഇല്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): പ്രായപൂർത്തിയായ ഒരു സ്ത്രീയുടെ സമ്മതപ്രകാരം ഒരു പുരുഷനു അവരെ വിവാഹംചെയ്യുകൊടുക്കുന്നതിൽ പിതാവു് പ്രതിബന്ധമായി നിൽക്കുമെന്നു സംശയിക്കാൻ കാരണം വല്ലതും ഉണ്ടോ?

MR. K. N. KESAVAN NUMPUTIRIPAD (*Jenmies*): ഇല്ല.

MR. A. THANU PILLAI (*Trivandrum*): ഒരു പ്രായപൂർത്തിവന്ന സ്ത്രീയെ അവളുടെ സമ്മതംകൂടാതെ പിതാവൊ സഹോദരനൊ വിവാഹം ചെയ്യുകൊടുത്താൽ അതു സാധുവാകുമൊ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): നിയമപ്രകാരം സാധുവാകും.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): അച്ഛനൊ സഹോദരനൊ ചേർന്നില്ലെങ്കിൽ Religious ceremony പൂർത്തിയാകുമൊ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): പൂർത്തിയാകയില്ല. അങ്ങനെ ഉള്ള ഒരു വകുപ്പുണ്ടായിക്കഴിഞ്ഞാൽ ഇന്നു സമുദായത്തിൽ അവിവാഹിതകളായിരിക്കുന്ന അനേകം കന്യകകളുടെ വിവാഹത്തിനു് ഇതു ഒരു പ്രേരകമായിത്തീരുമെന്നാണു് എന്റെ വിശ്വാസം. പതിനെട്ടുവയസ്സായസ്ത്രീയുടെ സമ്മതംകൂടെ വേണം എന്നു് ഒരു ഭേദഗതി വന്നിട്ടുള്ളതുകൊണ്ടു് അതു സ്വീകരിക്കുന്നതു് നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): ഈ വകുപ്പിനെ എതിർക്കണമെന്നാണു് എനിക്കു തോന്നുന്നതു്. അതിനുള്ള കാരണമിതാണു്. ഒരു കുടുംബത്തിലെ കാരണവൻ വിവാഹം ചെയ്യാനുള്ളസ്ത്രീയുടെ അച്ഛനൊ നേരെ സഹോദരനൊ ആണെങ്കിൽ ആ അച്ഛനൊ സഹോദരനൊ ആ സ്ത്രീയുടെ വിവാഹത്തിനു തടസ്സമായി നിൽക്കുംഎന്നുള്ളതു സംഭാവ്യമല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അപ്രകാരമാണെങ്കിലൊ?

MR. A. THANU PILLAI (*Trivandrum*): ഞാൻ അതു പറഞ്ഞില്ലല്ലൊ, അഥവാ അങ്ങനെ തടസ്സം വരുന്നപക്ഷം ആ തടസ്ഥമുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu pillai.]

സന്ദർഭം വളരെ ചുരുക്കമായിരിക്കയേയുള്ള. അങ്ങനെ അപൂർവമായി വരുന്ന ഒരു സംഗതിയെ കരുതി സാധാരണനിയമത്തിൽ കേറി കൈകടത്തണമെന്നു പറയുന്നതു ശരിയല്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I rise to a point of order. In the original Bill which has been placed before the Select Committee there is no provision for marriage.

PRESIDENT: It has been allowed to be discussed. You ought to have raised the point when the discussion began.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I was able to go through the Rules only just now.

PRESIDENT: Let him finish the discussion.

MR. A. THANU PILLAI (*Trivandrum*): പിന്നെ രക്തബന്ധം നോക്കിയാൽ അകന്ന ആളുകൾ ആരെങ്കിലും കാരണവന്മാരായിരിക്കുന്ന കാലങ്ങളിലാണ് ഇങ്ങനെയുള്ള വ്യവസ്ഥ ആവശ്യമായിട്ടുള്ളതു്. ഈ സംഗതിയിൽ സമുദായത്തിന്റെ തന്നെ അഭിപ്രായം എന്താണെന്നറിയുന്നതിന് നമുക്കിപ്പോൾ ശരിയായ മാർഗ്ഗം ഇല്ലാതെയാണിരിക്കുന്നതു്. ഇവിടെ ഏതുസമുദായത്തെ ഉദ്ദേശിച്ചു നാം ഈ ബിൽ ആലോചനക്കു് എടുത്തിരിക്കുന്നുവോ ആ സമുദായത്തിലെ അംഗങ്ങളിൽ ഇവിടെ ഹാജരുള്ള ഏതാനുംപേരുടെ അഭിപ്രായംതന്നെ ഒരുപോലെ ഇരിക്കുന്നില്ല. ആ സ്ഥിതിക്ക് ആ സമുദായത്തിന്റെ അഭിപ്രായംതന്നെ എന്താണെന്നു നമുക്കു് അറിയേണ്ടിയിരിക്കുന്നു. ഈ ഭേദഗതി നടപ്പിൽവരുത്തിയാൽതന്നെയും സമുദായം അതു് എങ്ങിനെ സ്വീകരിക്കും എന്നും ഊഹിക്കാൻ നിവൃത്തിയില്ല. ആ സമുദായത്തെ എങ്ങിനെ ബാധിക്കാൻ പോകുന്നു എന്നു് അറിയാൻ പാടില്ലാതിരിക്കുന്നതിനാൽ അങ്ങിനെയുള്ള മാറ്റത്തിനു നാം തുനിയാതിരിക്കുന്നതു നല്ലതാണെന്നാണു് എന്റെ അഭിപ്രായം. ഒരുസ്ത്രീ പ്രായപൂർത്തിവന്നുകഴിഞ്ഞാൽ അവരുടെ ഹിതംപോലെ വിവാഹം ചെയ്യുന്നതിനു് അധികാരം കൊടുക്കയും അതുസംബന്ധമായ ചിലവിനങ്ങളും സ്ത്രീധനവുംകിട്ടാതിരുന്നാൽ കുടുംബത്തിൽനിന്നും ഈടാക്കാൻ അവകാശം കൊടുക്കയുംചെയ്യുന്ന ഒരു വ്യവസ്ഥ ഇതിൽ ചേർക്കണമെന്നു പറയുകയാണെങ്കിൽ അതിൽ എനിക്കു യാതൊരുവിരോധവുമില്ല. അങ്ങിനെ ചെയ്യുന്നതു മതത്തിനും ഇപ്പോഴത്തെ നടപ്പിനും വിരുദ്ധം ആയതുകൊണ്ടു് അതുചെയ്യാൻ പാടില്ലാഎന്നു തർക്കിക്കുന്നു. പ്രായപൂർത്തിവന്ന സ്ത്രീക്കു ഹിതമുള്ള ഭർത്താവിനെ വരിക്കാനുള്ള അവകാശംകൊടുക്കാതെ അതു കുടുംബത്തിലെ ഏതെങ്കിലും അംഗങ്ങളുടെ ഇഷ്ടംപോലെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടതാണെന്നും അതിന്റെ ചിലവു് ആ അംഗംവാങ്ങിക്കൊള്ള ണംഎന്നും ഉള്ള ഭേദഗതി ഈഅവസരത്തിൽ ചെയ്യാതിരിക്കുന്നതാണു് ഉത്തമം. അങ്ങിനെ ഒരു വ്യവസ്ഥചെയ്യുന്നതായാൽ പല കഡുംബങ്ങളി ലും വലിയ കഴപ്പുമണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഗ്രണം ചെയ്യാൻ ഉദ്ദേശിച്ചു ചെയ്യുന്ന പ്രവൃത്തിനിമിത്തം ദോഷംവരുത്തുന്നതു ശരിയല്ല. മി. തുപ്പൻനമ്പൂതിരിപ്പാടു് പ്രസ്താവിച്ചതുപോലെ അച്ഛൻ കൊള്ളാ വുന്ന ഒരു ഭർത്താവു വരട്ടെ എന്നു വിചാരിച്ചുനോക്കിയിരുന്നു എന്നുവരാം. അപ്പോൾ കന്യകക്കു് പതിനാറോ പതിനെട്ടോ വയസ്സുതികഞ്ഞ തരം നോക്കി അവളെ എങ്ങിനെ എങ്കിലുംപറഞ്ഞു വശത്താക്കി കഡുംബത്തി ലെ അകന്ന ഒരു അംഗം തനിക്കു് ഇഷ്ടമുള്ള ഒരാളിനു വിവാഹം ചെയ്തു കൊടുക്കാൻ ഉത്സാഹിക്കുകയും അതു ചിലപ്പോൾ സാധിക്കുകയും ചെയ്തു എന്നു വന്നേക്കാം. അല്ലെങ്കിൽ അച്ഛനു് ആദ്യത്തെ ഭാര്യയിൽ ഒരു മക ളുണ്ടു് എന്നുവിചാരിക്കുക. അച്ഛൻ രണ്ടാമതും ഒരു വിവാഹംചെയ്തു. ആ അച്ഛൻമകളോടു വളരെ സ്നേഹമായിട്ടു വർത്തിക്കയാണു്. എന്നാൽ ശരിയായ ഒരു വരനെ കിട്ടുന്നതിനു അല്പംകാലതാമസം നേരിടുന്നു. അ ങ്ങിനേവരുന്നസന്ദർഭത്തിൽ അമ്മനു സ്നേഹമില്ലാ എന്നു് ആ കന്യക തെ റ്റായി ധരിക്കുന്നതിനും മറ്റുള്ളവരുടെ പ്രേരണക്കു വശംഗതയായി വേറെ ഒരാളിനെ വിവാഹംകഴിക്കാൻ ഇടവരികയുംചെയ്തു എന്നുവരാൻ എളുപ്പമുണ്ടു്. ഇങ്ങനെയുള്ള കഴപ്പങ്ങൾക്കു് ഇടവരുത്തരുതു്. സമു ദായത്തിന്റെ അഭിപ്രായം എന്തെന്നും അതു് എങ്ങിനെ സമുദായത്തെ ബാധിക്കുന്നു എന്നും നമുക്കറിയാൻ പാടില്ലാത്തതുകൊണ്ടും ഇതു് ഒരു നൂ തനമായ വ്യവസ്ഥ ആയിരിക്കുന്നതുകൊണ്ടും ഇതിനെ ഈ അവസരത്തി ൽ ഉൾപ്പെടുത്താതിരിക്കണമെന്നാണു എന്റെ അഭിപ്രായം.

MR. V. CHELLAM PILLAI (*Tovala*): ഒരു സ്ത്രീയെ പതിനാറുവയ സ്സിനുമുമ്പു കല്യാണം കഴിച്ചുകൊടുക്കാനുള്ള അധികാരം ഇല്ലത്തിലെകാ രണവന്മാരുമേ ഉള്ളോ, വേറേആരെക്കെങ്കിലും ഉണ്ടോ?

MR. A. THANU PILLAI (*Trivandrum*): കഡുംബത്തിലെ ചുമതലയുംചി ലവും വഹിക്കുന്നതു കാരണവനായതുകൊണ്ടു് ആ അധികാരം കാരണവ നാണുള്ളതു്.

MR. V. CHELLAM PILLAI (*Tovala*): കാരണവസ്ഥാനം അനുജന്റെ മേൽ ആണെന്നു വയ്ക്കുക. അയാൾ നല്ലഭർത്താവിനെ കൊണ്ടുവരുന്നില്ലെ ങ്കിൽ എന്തുചെയ്യും?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*) : കാരണവൻ മനഃപൂർവമായി ദോഷം ചെയ്യുന്ന എങ്കിൽ ആ കാരണവനെ കുടുംബത്തിൽനിന്നും നീക്കാൻ കുടുംബാംഗങ്ങൾക്കു അധികാരമുണ്ടു്.

MR. V. CHELLAM PILLAI (*Tovala*) : കാരണവസ്ഥാനം നീക്കാൻ ഹൈക്കോടതിവരെ പോകണമെല്ലൊ. അതിനു് മുമ്പു് കല്യാണം കഴിച്ചുകൊടുക്കാനുള്ള സംഗതിയെപ്പറ്റി ആണു് ചോദിച്ചതു്.

MR. A. THANU PILLAI (*Trivandrum*): ആ സംഗതിക്കു് ഈ കുട്ടികുടുംബവ്യവസ്ഥപ്പാട്തന്നെ മാറണം. ഓരോ വ്യക്തിക്കും സ്വാതന്ത്ര്യത്തിനുള്ള നിയമം ഉണ്ടാക്കണം. അതൊന്നും ഇല്ലാതെ കുട്ടികുടുംബവ്യവസ്ഥപ്പാട്ടു് ഇരിക്കുകയുംവേണം. ദോഷങ്ങളൊന്നും ഉണ്ടാകയുമരുതു്. എന്നു വിചാരിച്ചാൽ സാധിക്കുകയില്ല. കുട്ടികുടുംബത്തെ വച്ചുകൊണ്ടു് ഒരു നിയമം വേണമെന്നു് സമുദായാംഗങ്ങൾ ആവശ്യപ്പെടുന്ന എങ്കിൽ ഇതു തോതിലെ സാധിക്കുകയുള്ളു.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഇന്നു് ഇങ്ങനെ ആക്കെങ്കിലും വിവാഹം കഴിച്ചുകൊടുക്കാമെന്നുള്ള വ്യവസ്ഥവച്ചുകഴിഞ്ഞാലും അച്ഛൻ ഇരിപ്പുണ്ടെങ്കിൽ അച്ഛന്റെസമ്മതം കൂടാതെ ആ വിവാഹം നടക്കുന്നതിനു് ഇടയില്ലെന്നു് മെമ്പർക്കു് അറിയാമൊ?

MR. A. THANU PILLAI (*Trivandrum*): അതിനെപ്പറ്റി ചോദിക്കുന്ന ആൾക്കുതന്നെയാണു് കൂടുതൽ അറിയാൻ സൗകര്യമുള്ളതു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതുകൊണ്ടു് അതിനു് ഒരു അധികാരം കൊടുക്കുന്ന ഈ വകുപ്പു് വച്ചാലും അതു് പ്രയോജനത്തിൽ വരികയില്ലെന്നാണു് എന്റെ അഭിപ്രായം.

MR. A. THANU PILLAI (*Trivandrum*): അതുകൊണ്ടു് വലിയ തകരാറിനു് ഇടയാകും. അതു് മലയാളബ്രാഹ്മണകുടുംബത്തിനു മാത്രമല്ല ഏതു കുടുംബത്തിനും ഉണ്ടാകും. ഈ വകയെല്ലാദുഷ്യങ്ങൾക്കും ശരിയായ ഒരു പരിഹാരമാർഗ്ഗം ഈ കുട്ടികുടുംബ വ്യവസ്ഥപ്പാട്ടു് വേണ്ടെന്നു വയ്ക്കുകയാണു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): കല്യാണം സംബന്ധിച്ചു് വ്യവസ്ഥകൾ ഭേദഗതിയിൽ ഉൾപ്പെടുത്തണമെന്നു് ഒരു പക്ഷക്കാരും അതു് വേണ്ടെന്നു് ചില ആളുകളും പറയുന്നുണ്ടു്. പരമാർത്ഥത്തിൽ ഒരു സ്ത്രീയുടെ വിവാഹത്തെ സംബന്ധിച്ച നിയമത്തിൽ ഒരു ക്ലാസ് ചേർക്കണമെന്നു് പറയുന്നതു് അവസാനത്തിലെങ്കിലും ചേർക്കാതിരിക്കുന്നതു് വലുതായ അപവാദമാണു്. അപ്രകാരം ഒരു വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

ചേക്കുന്നതു ശരിയല്ലെന്നു പറയുന്നുണ്ടെങ്കിൽ ഈ ഭാഗത്തെ വകുപ്പിനു ഒരു ഭേദഗതി ഹാജരാക്കീട്ടുണ്ടു്. അതിൽ ഏതംഗങ്ങൾക്കും മെയിൻറനൻസിനു് അവകാശമുണ്ടെന്നു് പറയുന്നുണ്ടു്. അങ്ങനെ പല സംഗതികൾകൊണ്ടാണു് മിസ്റ്റർ നീലകണ്ഠപിള്ളയും മറ്റുള്ളവരും എഴുത്തതു്. അങ്ങനെ വിഷമിച്ചിരിക്കുന്നാലട്ടത്തിൽ ഈ സംഗതിയെപ്പറ്റി ലേഡിമെമ്പറിന്റെ അഭിപ്രായം അനുസരിച്ചു് പ്രവർത്തിക്കുന്നതു് നന്നായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): നമ്പൂതിരി സമുദായത്തെ ബാധിക്കുന്ന ഈ ബില്ലിനെക്കുറിച്ചു് ആ സമുദായത്തിന്റെ അഭിപ്രായം അറിയാതെ കന്യകാദാനത്തെപ്പറ്റി ഒരു വകുപ്പുചേർക്കുന്നതു് യുക്തമായിരിക്കുകയില്ലെന്നും ആ സമുദായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഈ വകുപ്പു് ചേർക്കുന്നതു് നല്ലതല്ലെന്നും മിസ്റ്റർ താണുപിള്ള അഭിപ്രായപ്പെട്ടകയുണ്ടായി. എന്നാൽ നമ്പൂതിരിസമുദായത്തിന്റെ അഭിപ്രായങ്ങളോടും, ഭേദഗതിയോടും ഏകദേശം യോജിച്ചതാണു് കൊച്ചിയിൽ പാസായനമ്പൂതിരിബിൽ. അതനുസരിച്ചാണു് ഈ വകുപ്പു ചേർക്കാൻ നമ്പൂതിരിമെമ്പന്മാർ പറഞ്ഞതെന്നു് നമുക്കു മനസ്സിലാക്കാം.

MR. A. THANU PILLAI (*Trivandrum*): കൊച്ചിയിൽ എത്ര നമ്പൂതിരിമെമ്പറന്മാർ ഉണ്ടായിരുന്നു എന്നു് മെമ്പർക്കു് അറിയാമൊ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): നമ്പൂതിരിസമുദായത്തിന്റെ അഭിപ്രായം അനുസരിച്ചാണു് ആ ബിൽകൊണ്ടുവന്നതെന്നു് അറിയാം.

MR. MURUVELIL PACHU PILLAI (*Shertallai*): ആ ബിൽ പാസാക്കികിട്ടിയൊ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): പാസാക്കികിട്ടുന്നതിനു ആളകമേ അവിടെ പട്ടിണികിടക്കുകടിചെയ്യു. കൊച്ചിഗവണ്മെൻറു് അതിനെ ഏതൊരുകാരണവശാൽ നടപ്പിൽവരുത്തിയില്ല.

MR. R. RAMAN PILLAI (*Kottayam*): ഈ ഉദ്ദേശമായ ചില വകുപ്പുകൾ ഉള്ളതുകൊണ്ടാണു് അതു് നടപ്പിൽവരുത്താത്തതെന്നു് മനസ്സിലാക്കിയിട്ടുണ്ടൊ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കൊച്ചിയിലെ നിയമങ്ങളെ നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നതു് ശരിയല്ല. കൊച്ചിയിലെ നിയമ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. S. Damodaran Asan.]

സഭയിൽ പാസാക്കിയബില്ലിനെ നടപ്പിൽ വരുത്താത്തതു ഗവണ്മെൻറു ചെയ്ത ഒരു അനീതി ആണെന്ന് മാത്രമെ ഇവിടെ പറയുന്നുള്ളൂ.

PRESIDENT: You said it is not proper to refer to that and you are speaking about that.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether the framers of the Bill have deliberately omitted the chapter on marriage?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എനിക്കറിഞ്ഞുകൂടാ. ഇവിടത്തെ സ്ഥിതിനോക്കുകയാണെങ്കിൽ ഈ നിയമസഭയിൽ മൂന്ന് നമ്പൂതിരി മെമ്പറന്മാരുണ്ട്. അവരിൽ ഇതു് അവതരിപ്പിച്ചതു് പ്രായം കൂടിയആളും വൈദീകനുമാണ്. അതിനെ ചെറുപ്പക്കാർ സ്വീകരിക്കുന്നുമുണ്ട്.

MR. A. THANU PILLAI (*Trivandrum*): ആ രണ്ടു പേരുടെ അഭിപ്രായവും മദ്ധ്യവയസ്കനായി ഇടയ്ക്കുള്ള അംഗത്തിന്റെ അഭിപ്രായവും ഉദ്ധ്യശക്തിയുള്ളതായി വിചാരിക്കാമല്ലൊ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇവിടെയുള്ള നമ്പൂതിരി അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അതു് സ്വീകരിക്കാമെന്നാണ്. പിന്നീടു് അവർ ഒരു തടസ്ഥം പറയുന്നതു് അച്ഛനാണ് ഈ അടിയന്തിരം സാധാരണ നടത്തേണ്ടതു്. അദ്ദേഹം മകളുടെ ക്ഷേമത്തെ ഉദ്ദേശിച്ചു് ന്യായമായിട്ടേ പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ടു് ന്യായമായിട്ടുപ്രവർത്തിക്കുന്നതിനു് നിയമമാന്യം വേണ്ടാ എന്നാണ്. നിയമരഹിതമായി പ്രവർത്തിക്കുന്നതിനെ തടയുന്നതിനാണ് നിയമം ആവശ്യമുള്ളതു്.

MR. A. THANU PILLAI (*Trivandrum*): ഈ വിഷയത്തിൽഅനീതി പ്രവർത്തിക്കുന്നതു് വളരെ അപൂർവമായിട്ടേവരികയുള്ളൂ. ആ സ്ഥിതിക്കു കന്യകയെ വിവാഹം ചെയ്തുകൊടുക്കുന്നതിനു് കാരണവനല്ലാത്ത മറ്റംഗങ്ങൾക്കു അധികാരമുണ്ടെന്നു് ചേക്കണമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എത്ര അപൂർവമായാലും അനീതിഅനീതിതന്നെയാണ്. പക്ഷെ അതു് ഒരാളേയോ രണ്ടാളേയോ മാത്രമേ ബാധിക്കയൊള്ളൂ എന്നു വിചാരിച്ചു അതിനെ അവഗണിക്കാൻ പാടില്ല. ഉദാസീനതമൂലം കാരണവൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചു കൊടുക്കാതെയിരുന്നാൽ തീർച്ചയായിട്ടും ആ കുടുംബത്തിലെ മറ്റൊരംഗത്തിനു് ആ സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കാൻ അവകാശം വേണമെന്നാണ് പറയുന്നതു്. അച്ഛൻ യോഗ്യനായ ഒരു ഭർത്താവിനെ അന്വേഷിക്കുന്നതുകൊണ്ടു് ഫസ്റ്റു വയസ്സു് കഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പോയി എന്നുവരാം. അങ്ങനെ യോഗ്യനായ ഒരു ഭർത്താവിനോട്ടുകൂടി അയക്കുന്നതിന് ബുദ്ധിമുട്ടുണ്ടില്ലെങ്കിൽ എന്നേ പറയുന്നുള്ളൂ. ഞാൻ ഇംഗ്ലീഷും മലയാളവും വായിച്ചുനോക്കി. കാരണവൻ ഉദാസീനത കാണിച്ചാൽ പ്രായപൂർത്തിയായ ശേഷം വേറെ ഒരാളിന് വിവാഹം ചെയ്യിക്കുന്നതിനുള്ള അവകാശം വേണമെന്നേയുള്ളൂ. അങ്ങനെ വരുമ്പോൾ കാരണവന്റെ ഉദാസീനത തെളിയിക്കണം.

MR. A. THANU PILLAI (*Trivandrum*): വിവാഹം കഴിഞ്ഞശേഷമല്ലേ ഉദാസീനത ഉണ്ടോ ഇല്ലയോ എന്ന് തീർച്ചപ്പെടുത്തുന്നത് ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങനെ അല്ല. യോഗ്യൻ അല്ലാത്ത ഒരാളിന് വിവാഹം കഴിച്ചുകൊടുക്കാൻ ഒരു അംഗം തുനിയുന്നു എങ്കിൽ നല്ല മനസ്സുള്ള അച്ഛന് ഉടനെ ഒരു കേസുകൊടുത്തു് ഇൻജെംക്ഷൻകൊടുക്കാൻ പ്രയാസമില്ലല്ലോ.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): പ്രായപൂർത്തിയായാൽ ഇൻജെംക്ഷന്റെ ആവശ്യമെന്താണ് ? ഇപ്പോൾ പോലെ ആകാമല്ലോ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിനെപ്പറ്റി പറയുകയാണെങ്കിൽ അവരുടെ ആചാരപ്രകാരം ഇന്നാരൊക്കെ ചേർന്നിട്ടേ വിവാഹം നടക്കുകയുള്ളൂ എന്നുണ്ട്. ആ സ്ഥിതിക്കു് ഈ നിയമം പാസാക്കിയാലും അതിന് ഉദ്ദേശിതമുണ്ടോ എന്ന് സംശയമാണ്. ആചാരത്തിനു് വിപരീതമായി സാധിക്കുകയില്ല. അതുതന്നെ കോടതിയിലും വരും. അച്ഛൻ ചേർന്ന് നടത്തിയാലും അമ്മ ചേർന്നു നടത്തിയാലും കാരണവന്റെ ഉദാസീനതകൊണ്ട് വിവാഹം നടക്കാതിരിക്കുന്നുവെങ്കിൽ അടുത്തുള്ള മുറക്കാരന് വിവാഹം നടത്താവുന്നതാണ്. അതിന് അച്ഛൻ വന്നില്ല എന്നുവിചാരിച്ച് അസാധുവാകുകയില്ല. അങ്ങിനെയുള്ള വിവാഹത്തിന് നിയമസാധുത്വവുമുണ്ട്. അവിവാഹിതകളും പ്രായപൂർത്തിവന്നവരുമായ സ്ത്രീകളെ സ്നേഹവും ഉത്തരവാദിത്വവും ഇല്ലാത്ത കാരണവന്റെ അധീനതയിൽ വിടുന്നതു് ഭംഗിയാണോ എന്നാണ് നോക്കേണ്ടതു്. മിസ്റ്റർ നീലകണ്ഠപ്പിള്ള പ്രായപൂർത്തിയായ എല്ലാവക്കും ചിലവിന് കൊടുക്കാൻ വേറെ ഒരു വ്യവസ്ഥയുണ്ടെന്നു പറയുകയുണ്ടായി. അതുകൊണ്ട് അവരെ ഉടനെതന്നെ വിവാഹം കഴിച്ചുകൊടുക്കാൻ എളുപ്പമുണ്ട്. ഇപ്പോഴത്തെ പരിവർത്തനം നോക്കിയാൽ അവിവാഹിതയായ ഒരു സ്ത്രീ നാൽപ്പതു വയസ്സായാലും മൈനറാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): പ്രായപൂർത്തിവന്നശേഷം അധികാരമുള്ള അച്ഛനോ കാരണവനോ ഒരു സ്ത്രീയെ വിവാഹംകഴിച്ചുകൊടുക്കാതിരുന്നാൽ വേറെ ചിലക്ക് ആ സ്ത്രീയെ വിവാഹംകഴിപ്പിച്ചുകൊടുക്കാം എന്ന് നിയമം പാസാക്കിയാൽ ആ സ്ത്രീക്ക് സ്വാതന്ത്ര്യമായി വിവാഹംകഴിക്കാൻപാടില്ല എന്ന് വരുന്നില്ലേ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സ്ത്രീയുടെ സമ്മതത്തോടുകൂടി എന്ന് പറയുന്നുണ്ട്. സമ്മതമുണ്ടെങ്കിലേ ഉള്ളൂ.

MR. P. S. MAHOMED (*Nominated*): സമ്മതം ഉണ്ടെങ്കിലും ഇല്ലെങ്കിലും വേറെ ഒരാളിന്റെ ഇഷ്ടം വേണമെന്ന് വരുന്നുണ്ടല്ലോ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എന്നുണ്ട്. ഈ വകുപ്പിൽപറയുന്നത് ഒരു കുടുംബത്തിൽ ഫ്ര പേരുണ്ടെങ്കിൽ ഫ്ര-ൽ ഒരാൾ വിചാരിച്ചാൽ ഒരു സ്ത്രീയെ അവളുടെ സമ്മതത്തോടുകൂടി വിവാഹം കഴിച്ചുകൊടുക്കാമെന്നാണ്.

MR. P. S. MAHOMED (*Nominated*): വേറെ ഒരു ആളും വേണമെന്ന് പറയുന്നത് മതസംബന്ധമായ കാര്യങ്ങൾക്കാണ് അല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഒരു കുടുംബത്തിൽ ഫ്ര പേരുണ്ടെങ്കിൽ ഫ്ര പേരും വിസ്സമ്മതിച്ചാലും ഒരാൾ വിചാരിച്ചാൽ കാര്യം സാധിക്കുമെന്ന് പറഞ്ഞു ഈ ഫ്ര പേരിൽ അച്ഛൻ വിസമ്മതിച്ചാൽ ഇന്നത്തെ സമുദായാചാരം മാറുന്നതുവരെ ആ വിവാഹം നടക്കുമോ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ നിയമംവന്നാൽനടക്കും. അതു സാധുവും ആണ്. ഈ വകുപ്പിൽ പറയുന്നതു കാരണവന്റെ ഉദാസീനതമൂലം വിവാഹം കഴിക്കാതെ ഇരുന്നാൽ വേറെ ആൾക്കെങ്കിലും നടത്താമെന്നാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): വിവാഹം കഴിക്കാൻവരുന്ന പുരുഷനും സ്ത്രീക്കും മാത്രം സമ്മതമുണ്ടെങ്കിൽ ഇന്നത്തെ ആചാരപ്രകാരം വിവാഹം നടക്കുമെന്ന് വിചാരിക്കുന്നുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ നിയമം നടപ്പിൽവന്നാൽ അങ്ങനെ നടക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether under the existing custom a junior member has a right to give the girl in marriage and recover the expenses?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇന്നത്തെ നടപടി എന്നുതന്നെയായിരുന്നാലും ഈ നിയമംവരുന്നതുവ

LIBRARY ARCHIVES Kerala Legislative Assembly

രെയുള്ള നടപടിയോ, ചട്ടമോ ഭേദപ്പെടുത്താൻ നിയമസഭയ്ക്ക് അധികാരമുണ്ട്.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I inform the member that even without this provision a junior member has a right to give a girl in marriage and recover the charges?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എനിക്ക് അറിഞ്ഞുകൂടാ. ആ ഭാഗത്തിന് മറുപടിപറയാനുള്ള അവകാശം ഞാൻ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്തന്നെ വിട്ടുകൊടുക്കുന്നു. എന്റെ അഭിപ്രായത്തിൽ കുടുംബത്തിലുള്ള വേറെ ഏതെങ്കിലും അംഗത്തിന് സ്ത്രീയുടെ സമ്മതത്തോടുകൂടി വിവാഹം ചെയ്തുകൊടുക്കാമെന്നുള്ളതിന് പകരം ഫ വ വയസ്സ് പൂർത്തിയായിട്ടും കാരണവൻ വിവാഹം നടത്താതിരുന്നാൽ സ്ത്രീയുടെ ഇഷ്ടംപോലെ വിവാഹം നടത്താമെന്നുള്ള ഭേദഗതിതന്നെയാണ് നല്ലത് എന്നാണ്. അതിന് നിവർത്തിയില്ലെന്ന് ഭൂരിപക്ഷവും വിധിക്കുന്നപക്ഷം അതുപോലെ ചെയ്യുന്നതിന് എനിക്കു വിരോധമില്ല.

MR. P. S. MAHOMED (*Nominated*): നംപൂതിരിമാരുടെയിടയിൽ കല്യാണം വെറും ആചാരമായ ഒരു സംഗതിയാണൊ, അതല്ല മതസംബന്ധമായ സംഗതിയാണൊ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ആചാരമെന്നും മതസംബന്ധമെന്നും പറയുന്നതിന്റെ വ്യത്യാസം മനസ്സിലാകുന്നില്ല.

MR. P. S. MAHOMED (*Nominated*): ഈ കല്യാണം വെറും ലൗകീകമായ സംഗതിയാണൊ അതല്ല മതസംബന്ധമായതാണൊ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ലൌകീകമാണൊ ദൈവീകമാണൊ എന്നാണൊ ചോദിക്കുന്നത്?

MR. P. S. MAHOMED (*Nominated*): മതത്തിന്റെ അർത്ഥമെന്താണ്?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എനിക്കറിഞ്ഞുകൂടാ. അത് വിവാഹം കഴിക്കുന്നവരുടെ മനഃസ്ഥിതി അനുസരിച്ചിരിക്കും. നംപൂതിരിസമുദായത്തിന്റെ ഇടയിൽ നടക്കുന്ന വിവാഹങ്ങളിൽ ചിലത് വൈദികമായിട്ട് നടക്കുന്നു. ലൌകീകമായ സംഗതികളെമാത്രം ആശ്രയിച്ച് വിവാഹംകഴിക്കുന്നവരും കാണുമായിരിക്കാം.

MR. C. N. TUPPAN MAMPUTIRIPAD (*Co-opted*): ഇങ്ങിനെയുള്ള ഭേദഗതി ഉണ്ടായിരുന്നാലും നമ്പൂതിരിമാരുടെയിടയിൽ അച്ഛന്റെ സമ്മതംകൂടാതെ വിവാഹംനടത്താൻ സാധിക്കുമൊ എന്നറിഞ്ഞാൽകൊള്ളാം?

LIBRARY ARCHIVES Kerala Legislative Assembly

MR. ITTOOP ITTEECHAN (*Kunnatnad*): അമെൻറുമെൻറിലെ ഉദ്ദേ ഗതിയിൽ മി: ആശാൻെറ അഭിപ്രായത്തോട്ട ഞാൻ യോജിക്കുന്നു. കാരണം മനുസ്മൃതിപ്രകാരം ഫറ വയസ്സ് കഴിഞ്ഞാൽ ഒരു സ്ത്രീയെ ഒരു ന്യായമായ ഭർത്താവിന് കൊടുക്കുന്നതിനു അവരുടെ രക്ഷകർത്താക്കന്മാർ അനേഷിക്കുന്നില്ലെങ്കിൽ ആ സ്ത്രീക്ക് സ്വന്തമായി ഒരു ഭർത്താവിനെ വരിക്കാമെന്നുണ്ട്. ആയുർവേദപ്രകാരം ഫന്ത വയസ്സിലാണ് ഒരു സ്ത്രീയുടെ വിവാഹകാലം വച്ചിരിക്കുന്നതു്. ഈ നമ്പൂതിരിമാരുടെ ഇല്ലങ്ങളിൽ രണ്ടുതരം വിവാഹമാണ് നടന്നുവരുന്നതു്. ഒന്ന് സ്ത്രീധനംകൊടുത്തു ചെയ്യുന്നതും മറെറാന്ന് സ്ത്രീധനം ഇല്ലാതെ ഒരു സ്ത്രീയെ അങ്ങോട്ടും മറെറാരു സ്ത്രീയെ ഇങ്ങോട്ടും കല്യാണം കഴിക്കുന്നതുമാണ്. ഇങ്ങിനെ നടക്കുന്ന കല്യാണങ്ങളിൽ ചിലതു് ഒരു ഭാഗത്തുനിന്നും ഉള്ള വിസമ്മതംകൊണ്ട് കല്യാണം മാറിവയ്ക്കുകയും പിന്നീട്ട അവർ യോജിച്ച് കല്യാണം നടത്തുകയും ചെയ്തതായിട്ട എനിക്കറിയാം. ഇങ്ങിനെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന കല്യാണമായതുകൊണ്ട് ഭാര്യാഭർത്താക്കന്മാരുടെ തൃപ്തിയോട്ടുകൂടിയാണ് നടത്തുന്നതെന്നുള്ള വിചാരം എനിക്കില്ല. അതുകൊണ്ട് ഫന്ത വയസ്സുകഴിഞ്ഞാൽ ഒരു സ്ത്രീയെ ന്യായമായിട്ട് തൻെറ അച്ഛനോ സഹോദരനോ വിവാഹം ചെയ്കുന്നതിനു പ്രതിബന്ധമായിരിക്കുകയാണെങ്കിൽ മറേറതെങ്കിലും അംഗം ആ സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുഎങ്കിൽ അതു് ഏറെറവും ഉചിതമായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

MR. D. C. JOSEPH (*Agastisvaram*): இவிடத்தில் தற்போது நடந்து வருகிற நம்பூதிரிபில் விஷயமாக—

MR. A. THANU PILLAI (*Trivandrum*): Sir, the permission was only to speak in Malayalam so that Mr. Jathavedan Namputiripad may understand, but not in Tamil. (*Laughter.*)

MR. D. C. JOSEPH (*Agastisvaram*): தற்காலம் இங்கே பேசிய விஷயத்தில் பேதகதி வேண்டுவதில்லையென்று நான் சொல்லுகிறேன். ஆகையால் நான் இந்த அமெண்டுமெண்டை எதிர்க்கிறேன்.

MR. MURUVELIL PACHU PILLAI (*Shertallai*): ഈ ബിൽ ഇവിടെ ആദ്യമായിട്ട അവതരിപ്പിച്ചപ്പോൾതന്നെ ഈ വിവാഹത്തെ സംബന്ധിച്ച ഒരു വ്യവസ്ഥകൂടി ചേർക്കണമെന്ന അന്നത്തെ നിയമസഭയിലെ മെമ്പറന്മാർ വാദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിൻെറ പ്രയോകതാവു് തന്നെ ഈ വിവാഹത്തെ സംബന്ധിച്ച ഒരു വ്യവസ്ഥകൂടി ബില്ലിൽ ചേർക്കണമെന്ന അന്നു വിചാരിച്ചില്ല. അതിനെ സംബന്ധിച്ച് സിലക്ട് കമ്മിറിയിൽ വച്ച ചേർക്കാമെന്നാണ് അന്നു തീരുമാനിച്ചതു്. എന്നാൽ ആ ബിൽ സിലക്ട് കമ്മറിയിൽ പോയ ശേഷവും വി

LIBRARY ARCHIVES Kerala Legislative Assembly

വാഹത്തെ സംബന്ധിച്ചുള്ള സംഗതികൾ ഒന്നും തന്നെ അവിടെ ആലോചിച്ചതായിട്ടു കാണുന്നില്ല. അതിനുശേഷം സിലക്ട് കമ്മിറ്റിയുടെ ആലോചനയും കഴിഞ്ഞു് ഈ സഭയുടെ ആലോചനക്കായിട്ടു് ഈ ബിൽ വന്നിരിക്കുന്ന അവസ്ഥയിലാണു് വിവാഹത്തെ സംബന്ധിച്ചിടത്തോളം ഒരു ഭേദഗതി കൊണ്ടു വന്ന ബില്ലിൽ ഉൾപ്പെടുത്തണമെന്നു വാദിക്കുന്നതു്. ഇതിൽ പറയുന്നതു കാരണവന്റെ ഉദാസീനത മൂലം ഒരു സ്ത്രീയെ വിവാഹം കഴിക്കാതെ ഇരിക്കുന്നതിനു് ഇടവരുന്ന പക്ഷം കുടുംബത്തിലെ മറ്റേതെങ്കിലും അംഗത്തിനു് ആ സ്ത്രീയെ വിവാഹം ചെയ്യുകൊടുക്കാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നാണു്. ഇപ്പോൾ നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ തക്ക സമയത്തു വിവാഹം കഴിയാതെ ഉ ള വയസ്സു വരെ ഇരിക്കുന്നു എന്നു പറയുന്നതു് കാരണവന്റെ ഉദാസീനത കൊണ്ടു മാത്രമാണെന്നു തോന്നുന്നില്ല. നേരെ മറിച്ചു് മറ്റു പല പ്രതിബന്ധങ്ങളും വരാം. പിന്നെ ഏകയോഗക്ഷേമമായികഴിഞ്ഞു പോരുന്ന കുടുംബങ്ങളിലെ ഏതെങ്കിലും ഒരംഗം ഒരു സ്ത്രീയുടെ വിവാഹത്തിനു പ്രതിബന്ധമായി പുറപ്പെടുമെന്നു വിചാരിക്കാനും പാടില്ല. ഒരു കാരണവൻ—അഭിമാനമുള്ള ഒരു കാരണവൻ—ആണെങ്കിൽ ഇതു വളരെ പ്രായമാകുന്നതുവരെ തന്റെ ഇല്ലത്തിൽ സ്ത്രീകൾ വിവാഹം കഴിക്കാതിരിക്കുന്നതു് തനിക്കു അഭിമാനക്ഷയമാണെന്നും കുടുംബത്തിനു് ചീത്തപ്പേരായിട്ടാണെന്നും വിചാരിച്ചു കഴിയുന്നതും ജാഗ്രതയോടുകൂടി തക്കസമയത്തു് തക്കതായ ആളുകളെ കണ്ടു പിടിച്ചു വിവാഹം കഴിച്ചു കൊടുക്കുന്നതാണു് ന്യായമുള്ളതു്. അതു കൊണ്ടു കാരണവന്റെ ഉദാസീനത കൊണ്ടാണു് വിവാഹം നടക്കാതിരിക്കുന്നതുഎന്നു സംശയിക്കാൻ ന്യായമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Karthikapalli*): കാരണവന്റെ ഉദാസീനതകൊണ്ടും വരാമല്ലോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഒരു കാരണവന്റെ ഉദാസീനത ഒരു പക്ഷെ ഒരു ഇല്ലത്തിലെ പെൺകുട്ടിയെ കുറിച്ചും വന്നേക്കാം. അതു് എല്ലാ ഇല്ലങ്ങളിലുമുള്ള എല്ലാ പെൺകുട്ടികളേയും ബാധിക്കുന്നതല്ല. ഒരു വ്യക്തിയെ ഉദ്ദേശിച്ചു മാത്രം കൊണ്ടുവന്ന ബില്ലല്ല ഇതു്. സമുദായത്തെ പൊതുവേ ഉദ്ദേശിച്ചു കൊണ്ടു വന്നിട്ടുള്ളതാണു്. അതുകൊണ്ടു് ഒരു വ്യക്തിയെ മാത്രം ഉദ്ദേശിച്ചു ഒരു കാരണവൻ പ്രവർത്തിച്ചാൽതന്നെയും അതു് ഫലപ്പെടുവാൻ എളുപ്പമില്ലാ. നമ്പൂതിരി സമുദായത്തിലെ പല ഇല്ലങ്ങളിലും ഉള്ള യോഗ്യന്മാർ ചേർന്നു്, തക്കസമയത്തു് തന്നെവിവാഹം കഴിച്ചു കൊടുക്കുന്നതിനു് കാരണവൻ ഉദാസീനത കാണിച്ചാൽ തന്നെയും, കാരണവനെ പ്രേരിപ്പിക്കാനും ഇടയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. ITTOOP ITTEECHAN (*Kunnatnad*): ഇല്ലത്തിൽ നിന്നും വെളിയിൽ പോയി വിവാഹം ചെയ്യുന്ന നമ്പൂതിരി പുരുഷന്മാർ ധാരാളമുണ്ടോ; കുറവാണോ?

MR. MURUVELIL PACHU PILLAI (*Shertallai*): ധാരാളമുണ്ട്. തൻ നിമിത്തം പുരുഷന്മാരെ കിട്ടുന്നതിനും വിഷമമുണ്ട്.

MR. ITTOOP ITTEECHAN (*Kunnatnad*): നായർ കുടുംബങ്ങളിൽ സംബന്ധത്തിനു പോകുന്നില്ലേ?

MR. MURUVELIL PACHU PILLAI (*Shertallai*): ഈ ബില്ലനുസരിച്ച് അവർ തമ്മിൽ വിവാഹം ചെയ്യാൻ വിരോധമില്ല. അതിനെയും ക്രമേണ പരിഹരിക്കാൻ ഇടയാകുന്ന എങ്കിൽ നംപൂതിരി സമുദായത്തിൽ ആളു കിട്ടാതെ വരുമെന്നു സംശയിക്കാനില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): വിവാഹത്തിനു പ്രായപൂർത്തിയായ ശേഷം അവിവാഹിതകളായിട്ടിരിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെക്കാൾ നല്ലതായ ഒരു മാർഗ്ഗം സജാതീയ വിവാഹം നിർബന്ധിതമാക്കുകയാണെന്നു മെമ്പർക്കു വിശ്വാസമുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): നിശ്ചയമായിട്ടും നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നുണ്ട്; ഒരു സ്ത്രീയെ ഇത്ര വയസ്സിനു മേലുള്ള പുരുഷനു വിവാഹം കഴിച്ചു കൊടുക്കുന്നതു ശിക്ഷാർഹമാണെന്നു ക്രമേണ വ്യവസ്ഥ വയ്ക്കണം. കാരണവനെ ബന്ധിപ്പിക്കണമെന്നാണെങ്കിൽ അതിൽ ഭേദം ഇത്ര വയസ്സിനു മേൽ ഒരു സ്ത്രീ വിവാഹം കഴിയാതെ ഇരിക്കുകയാണെങ്കിൽ കാരണവൻ ശിക്ഷാർഹനാണെന്നു വ്യവസ്ഥ ചെയ്യുകയാണു വേണ്ടതു്. അതുകൊണ്ടു തക്കസമയത്തു വിവാഹം കഴിച്ചു കൊടുക്കാതിരിക്കുന്നതു ശിക്ഷാർഹമാണെന്നു ഭയന്നു തക്കസമയത്തു തന്നെ വിവാഹം കഴിച്ചു കൊടുക്കാൻ ഇടയാകുന്നതാണു്. ഇതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ആ വകുപ്പു ഇതിനു ബാധകമാണോ?

MR. MURUVELIL PACHU PILLAI (*Shertallai*): അല്ല. എന്നാൽ അഭിമാനം ഉള്ള ഒരു കാരണവൻ തക്കസമയത്തു് തന്നെ ഒരു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാൻ ഒട്ടും അജാഗ്രത വിചാരിക്കയില്ലെന്നാണു് എന്റെ വിശ്വാസം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അഭിമാനം ഇല്ലാത്ത ഒരു കാരണവന്റെ ഉദാസീനത നിമിത്തം അങ്ങനെ വന്നാലോ?

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI (*Shertallai*): അങ്ങിനെ കാരണവൻ അഭിമാനമില്ലാത്തവനായി കാണുകയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇന്ന ഈ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ഇരിക്കുന്നതു കാരണവന്റെ ഉദാസീനത കൊണ്ടല്ലെന്ന മെമ്പർക്കു അഭിപ്രായമുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): എനിക്കു അങ്ങിനെ അഭിപ്രായമില്ല. ഒരു കാരണവന് ആ ആളിന്റെ സ്ഥിതി അനുസരിച്ചുള്ള ഒരാളെ കണ്ടു പിടിക്കുന്നതിൽ പ്രയാസം നേരിടാം.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അപ്പോൾ അതല്ലേ പരിഹരിക്കേണ്ടതു?

MR. MURUVELIL PACHU PILLAI (*Shertallai*): തന്നെ. അതിലേക്കു ഒരു വ്യവസ്ഥ ഈ ബില്ലിൽ ചേർക്കണം. ഇതിനു എളുപ്പമായ ഒരു മാർഗ്ഗമുണ്ടു. ഇന്ന വിവാഹം ചെയ്തിട്ടില്ലാത്ത നംപൂതിരിമാർ വിചാരിച്ചാൽ ഒരു സ്ത്രീയും അവിവാഹിതകളായിട്ടു ഒരു നിമിഷവും ഇല്ലത്തു ഇരിക്കാൻ സാധിക്കുകയില്ല. വിവാഹം ചെയ്യുന്നതിനുള്ള തക്ക സമയത്തിനു മുമ്പു തന്നെ വേണ്ടിയിരുന്നാൽ വിവാഹം ചെയ്യാൻ സാധിക്കും. ഇപ്പോൾ ക്ഷത്രിയ സമുദായത്തിൽ തന്നെ തിരുമൽപ്പാടന്മാരും തമ്പാക്കന്മാരും അന്യോന്യം വിവാഹം നടത്താമെന്ന തീരുമാനിച്ചിരിക്കുന്നു. ഇതിനു മുമ്പു ഈ സമുദായങ്ങൾ തമ്മിൽ ഇപ്രകാരം വിവാഹം നടപ്പില്ലായിരുന്നു. ഇപ്പോൾ ഇങ്ങിനെ ഒരു തീരുമാനം വന്നശേഷം ഈ സമുദായങ്ങളിലുള്ളവർക്കു തക്ക സമയത്തു് പുരുഷന്മാരെ ധാരാളമായി ലഭിക്കുന്നുണ്ടു. അതുപോലെ നംപൂതിരി സമുദായത്തിലുള്ള അവിവാഹിതരായ യുവാക്കന്മാർക്കുടി തീർച്ചപ്പെടുത്തുകയാണെങ്കിൽ ഒരു സ്ത്രീക്കും തക്കസമയത്തു് വിവാഹം കഴിക്കാതിരിക്കാൻ ഇടവരികയില്ല.

MR. R. RAMAN PILLAI (*Kottayam*): മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടു് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. മിസ്റ്റർ ആശാൻ പറഞ്ഞതു പോലെ മലയാള ബ്രാഹ്മണരിൽ ഏറ്റവും പ്രായം കുടിയ ഒരാൾ ഈ ഭേദഗതികൊണ്ടു വരികയും പ്രായം കുറഞ്ഞയാൾ അതിനെ സ്വീകരിക്കുകയും ചെയ്തു. പണ്ഡിതനായ ലാ മെംബരുടെ ഉപദേശത്തിൽ കുടുങ്ങീട്ടോ എന്തൊ മിസ്റ്റർ തുപ്പൻ നമ്പൂതിരിപ്പാടു് ഏറെക്കുറെ സമ്മതിച്ചു എന്നാണു് എനിക്കു തോന്നുന്നതു്. വയസ്സു് ഏവ എന്നും സ്ത്രീയുടെ സമ്മതം വേണമെന്നും ചേർത്തപ്പോൾ ഏറക്കുറെ മിസ്റ്റർ തുപ്പൻ നമ്പൂതിരിപ്പാടും സമ്മതിച്ചതായിട്ടു തോന്നുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഈ വകുപ്പുകൊണ്ട് പ്രയോജനമില്ലന്നാണ് ഞാൻ പറഞ്ഞതെന്ന് മെംബറക്ക് അറിയാമോ?

MR. R. RAMAN PILLAI (*Kottayam*) : ഏറെക്കുറെ സമ്മതിച്ചു എന്നാണ് പറഞ്ഞത്, അല്ലാതെ പരിപൂർണ്ണമായി സമ്മതിച്ചു എന്ന് പറഞ്ഞില്ല. നമ്പൂതിരി സമുദായം കേരളത്തിൽ യാഥാസ്ഥിതികന്മാരായി ജീവിക്കുന്നവരാണും. അതിലെ ഉൽപതിഷ്ണുക്കൾക്ക് മുന്നോട്ട് പോയാൽ കൊള്ളാമെന്ന് കരുതി കുതിച്ചു ചാടുകയാണെങ്കിൽ അപത്തുണ്ടാകും. ഈ വയസ്സായ ഒരു അന്തർജനത്തിന്റെ ഒരു സമ്മതം എങ്ങിനെ ആണ് വാങ്ങിക്കുന്നതെന്ന് വളരെ സംശയമായിരിക്കുന്നു. അച്ഛൻതന്നെ ആ സ്ത്രീയോട് സംസാരിക്കുമോ എന്ന് സംശയമാണ്, സഹോദരനാണെങ്കിൽ അതിലും അധികം സംശയമാണ്. അഛന്റെ കാര്യവും അങ്ങനെതന്നെ. പിന്നെ കൂടെയുള്ള സ്ത്രീകൾ മുഖേനയാണ് സമ്മതം വാങ്ങിക്കേണ്ടിയിരിക്കുന്നത്. യാതൊരുപുരുഷനും തന്റെ കുടുംബത്തിലുള്ള സ്ത്രീയെ മംഗല്യസൂത്രം ധരിപ്പിക്കാതെ വച്ചു കൊണ്ടിരിക്കണമെന്ന് ഒരിക്കലും വിചാരിക്കയില്ല. അഭിമാനമുള്ളവരാരും അങ്ങനെ ചെയ്യുമെന്ന് തോന്നുന്നില്ല. അഭിമാനഹീനന്മാരാരും മലയാളബ്രാഹ്മണരുടെ ഇടയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ അതിനെ അനുഭവിക്കയും വേണം. അങ്ങനെ വല്ല വിഡ്ഢിയും ഉണ്ടായിരിക്കാം എന്നു വിചാരിച്ചു, നമ്പൂതിരിസമുദായത്തെ പാടെ ഇളക്കി മറിക്കുന്ന ഒരു വകുപ്പ് ചേർക്കുന്നതു നീതിയല്ല. ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ട് നാലു വർഷത്തോളമായി. പണ്ഡിതന്മാരായ നിയമസഭാ സാമാജികന്മാരുൾപ്പെട്ട ഒരു സിലക്ട് കമ്മിറ്റി ഉണ്ടായിട്ടുണ്ട്. അതിൽ ഈ വകുപ്പിനെപ്പറ്റി ഒന്നും ആലോചിച്ചു കാണുന്നില്ല. പെട്ടെന്ന് ഇന്നലെയോ മിനിഞ്ഞാന്നോ ഈ വിവാഹവിഷയത്തെപ്പറ്റി നമ്പൂതിരി സമുദായം ലവലേശം അറിയാത്ത ഒരു വലിയ ഭേദഗതി സമുദായത്തിനിടയിൽ വരുത്തിക്കൂട്ടുന്നതു വളരെ അക്രമമാണ്. അതിനാൽ മിസ്റ്റർ താണുപിള്ള പറഞ്ഞതു വളരെ പരമാർത്ഥമാണ്.

MR. ITTOOP ITTEECHAN (*Kunnatnad*) : ബ്രിട്ടീഷ് ഇൻഡ്യയിൽ ശാരദാബിൽ പാസാക്കിയതായിട്ട് അറിയാമോ?

MR. R. RAMAN PILLAI (*Kottayam*): ബ്രിട്ടീഷ് ഇൻഡ്യയിൽ പാസായതായിട്ട് അറിയാം. കൊച്ചിയിൽ പാസായതും അറിയാം. പ

LIBRARY ARCHIVES Kerala Legislative Assembly

ക്കേ ഇതൊന്നും തിരുവിതാംകൂറിനെ ബാധിക്കേണ്ട ആവശ്യമില്ല. ശാരദാബിൽ ഇത്രവയസ്സു കഴിഞ്ഞേ വിവാഹം പാടുള്ളു എന്നാണു്. അതിനും ഒരു വെറും മൈനാറിട്ടി മാത്രമേ സമ്മതിക്കാതെയൊള്ളു. തിരുവിതാംകൂറിലെ ബ്രാഹ്മണരിൽത്തന്നെ ഭൂരിപക്ഷം ആളുകളും ഈ നിയമത്തിനു് വിപരീതമായി നിൽക്കുന്നു എന്നു അറിയാം. ചെറുപ്പക്കാരായ ഉൽപതിഷ്ണുക്കളും ഏറെക്കുറെ അംഗീകരിച്ചു സഹായിക്കുന്നുണ്ടു്. സമുദായത്തിന്റെ അഭ്യുന്നതിയ്ക്കും വളർച്ചക്കും അതു് വളരെ അത്യാവശ്യമാണെങ്കിലുംഇപ്പോഴത്തെ യാഥാസ്ഥിതികന്മാരായ വൃദ്ധന്മാരുടെ അഭിപ്രായത്തെ പാടെ അവഗണിച്ചു കൊണ്ടു് ഒരു നിയമം പാസാക്കിക്കളയാം എന്നു വിചാരിക്കുന്നതു് സമുദായത്തിനു് വളരെ ദോഷം ചെയ്യുന്നതാണെന്നു് എല്ലാവരുംമനസ്സിലാക്കണം. വിവാഹകാര്യം എല്ലാവർക്കുംഅത്യാവശ്യമാണു് എങ്കിലും സമുദായത്തിലെമറ്റുള്ളവരുടെഅഭിപ്രായം അറിയാതെ പെട്ടെന്നു കൊണ്ടു വന്നിരിക്കുന്ന ഈ ഭേദഗതി—ഭേദഗതിയെന്നല്ല പറയേണ്ടതു്, ഇതിനു് ശരിയായിട്ടുള്ള മലയാളവാക്കു കിട്ടുന്നില്ല—'ഒളിയമ്പു്' (interpolation കൊണ്ടുവന്നിരിക്കുന്നതിനെ) അതു് വളരെ ഭയങ്കരമാണു്, ഒരിക്കലും അനുകൂലിക്കരുതു് എന്നാണു് എന്റെ പ്രത്യേകമായ അപേക്ഷ. ബ്രാഹ്മണസമുദായം പുരാതനതത്വത്തിൽ ജീവിക്കുന്നവരാണു്. അവരുടെ ഇടയിൽ ഉള്ളുവിവാഹം മുതലായ സംഗതികളിൽ അന്തഃഛിദ്രം ഉണ്ടാക്കുകയോ, സ്വാഭാവികമായി നടന്നുവരുന്നതിനു് തടസ്ഥം ഉണ്ടാക്കുകയോ ചെയ്യുന്നതിനു് ഇടകൊടുക്കരുതു്. സ്ത്രീകൾ വിവാഹം ചെയ്യാതെയിരിക്കുന്നതും, വൃദ്ധന്മാർക്കു വിവാഹം ചെയ്തുകൊടുക്കുന്നതും, കാരണവന്മാർ മനസ്സില്ലാത്തതുകൊണ്ടും മറ്റും അല്ല. മലയാളബ്രാഹ്മണരിലുള്ള സജാതീയവിവാഹം കഴിക്കാൻ പാടില്ലാത്തപുരുഷന്മാരുടെ വിവാഹം ഇതരസമുദായത്തിൽ ഉറപ്പിച്ചു വച്ചിരിക്കുന്നതു കൊണ്ടാണു് അതാതുകാലത്തു് സ്ത്രീകളെ വിവാഹം ചെയ്യുന്നതിനു് ആളുകിട്ടാത്തതു്. അതുവേണ്ടെന്നു് അവരുടെ സമുദായം തീച്ചപ്പെടുത്തിക്കഴിഞ്ഞാൽ അവരുടെ സ്ത്രീകളുടെ തക്കസമയത്തുള്ള വിവാഹത്തിനു് ധാരാളം ആളുകൾ കിട്ടുന്നതാണു്. അതു് ചെയ്യാതെ സ്വത്തു ഭിന്നിച്ചു പോകുമെന്നു വിചാരിച്ചോ, സ്വത്തു ഒന്നായിതന്നെയിരിക്കണമെന്നു് വിചാരിച്ചോ, കാലം കഴിച്ചു കൂട്ടുന്നതു് ശരിയല്ല. അതിനാൽ മിസ്റ്റർ താണുപിള്ളയുടെ അഭിപ്രായത്തെ അനുകൂലിക്കുന്നു.

MR. V. J. DOMMEN (*Commerce and Industry, North*) : ഏതൊരു സമുദായത്തിന്റെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചു് ഈ ബിൽ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

കൊണ്ടുവന്നവോ, ആ സമുദായത്തിലെ പ്രതിനിധികളിൽ മൂന്ന മെംബർമാർ ഈ നിയമസഭയിൽ ഉണ്ട്. ഈ മെംബർമാരെ സംബന്ധിച്ച്, ഈ മെംബർമാരുമായിട്ട് ഇവിടെ വന്നതിൽ പിന്നീടുള്ള പരിചയം കൊണ്ട് അതിൽ ഒരാൾ കുറെപ്രായം ക്കുടിയ ആളും ഒരു മുഴുത്ത യാഥാസ്ഥിതികൻ ആണ് എന്നാണ് എന്റെ അഭിപ്രായം. രണ്ടാമത്തെയാൾ മദ്ധ്യവയസ്കനും, ഉൽപതിഷ്ണുവിനെക്കാൾ അല്പം മുന്നോട്ടുകടന്ന ആളും ആണ്. മൂന്നാമത്തെയാൾ ഒരു വലിയ ഉൽപതിഷ്ണുവും ആണ്. ഈ മൂന്നുപേരും യോജിച്ചുള്ള സമുദായത്തിന്റെ ഭൂരിപക്ഷമായ അഭിപ്രായത്തോടുകൂടി ബാക്കിയുള്ളവരും യോജിച്ച് അമെൻഡുമെൻറിനെ സംബന്ധിച്ചിടത്തോളം പ്രവർത്തിക്കണമെന്നാണ് എന്റെ അഭിപ്രായം. ലാ മെംബർ അവർകൾ ഫസ്റ്റ വയസ്സ് എന്നുള്ളതു് ഫസ്റ്റ വയസ്സ് ആക്കണം എന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഫസ്റ്റ വയസ്സുവരെ ഒരുപെൺകുട്ടിയെവിവാഹം കഴിക്കാതെയിരിക്കുന്നപക്ഷം ആ പെൺ കുട്ടിക്ക തനിക്ക ഇഷ്ടമുള്ള ഒരുവരനെ സ്വീകരിക്കാനുള്ള അവകാശം ഉണ്ടായിരിക്കണം എന്ന് എന്റെ സ്നേഹിതൻ മിസ്റ്റർ ആശാനും അഭിപ്രായപ്പെട്ടു.

MR. R. RAMAN PILLAI (*Kottayam*): ഇതു് വൈദികാചാരങ്ങൾക്ക തടസ്ഥമായിട്ട നില്ക്കുന്ന എന്നറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അതു് എനിക്ക നല്ല പരിജ്ഞാനമില്ല.

MR. R. RAMAN PILLAI (*Kottayam*): അതുകൂടി പരിഗണിച്ചിട്ടുവേണ്ടേ ഒരു അഭിപ്രായം പറയാൻ?

MR. V. J. OOMMEN (*Commerce and Industry, North*): ആ സമുദായത്തിലെ മൂന്ന പ്രതിനിധികളുംകൂടി പരിഗണിച്ചാണല്ലോ ഒരഭിപ്രായം ഇവിടെ പുറപ്പെടുവിച്ചതു്.

MR. R. RAMAN PILLAI (*Kottayam*): മതസംബന്ധമായ കാര്യങ്ങളിൽ ഈ മൂന്ന സാമാജികന്മാരല്ല കേരളത്തിലെ വിധികർത്താക്കളായിട്ടുള്ളതു് എന്ന് അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങനെയാണെങ്കിൽ ഈ ബില്ലിനെ പാടെ തള്ളുകയാണ് നല്ലതു്.

MR. R. RAMAN PILLAI (*Kottayam*): വൈദികാചാരപ്രകാരമല്ലാതെ ഒരു കന്യക അന്യകുടുംബത്തിൽ വന്ന ചേർന്നാൽ ആ സ്ത്രീക്ക് ആ കുടുംബസ്വത്തിന്മേൽ അവകാശം കിട്ടുകയില്ല എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*) : അറിഞ്ഞു കൂടാ.

MR. R. RAMAN PILLAI (*Kottayam*) : അന്യകുഡുംബത്തിലാണ് സ്ത്രീയുടെ സ്വത്തവകാശമെന്നും, സ്ത്രീഎത്ര വയസ്സുവരെയും അവിവാഹിതയായിരുന്നാൽ മൈനറായിട്ടെ ഗണിക്കപ്പെട്ടുകയുള്ളു എന്നും ബ്രാഹ്മണമെംബർതന്നെ പ്രസ്താവിച്ചതായി ഓർക്കുന്നുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*) : ഞാൻ ഓർക്കുന്നില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : പ്രായം ചെന്ന ഒരു മെംബർ അല്ലേ ഈ അമെൻഡുമെൻറു അവതരിപ്പിച്ചിട്ടുള്ളത്?

MR. V. J. OOMMEN (*Commerce and Industry, North*) : അതു പ്രായം ചെന്ന ആളം അല്ല.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : ഈ മുന്നു മെമ്പർമാരും പറഞ്ഞ അഭിപ്രായം വ്യക്തിപരമായതാണോ, അതല്ല സമുദായത്തിൻെറതാണോ എന്നു മെമ്പർ ചോദിച്ചറിഞ്ഞിട്ടുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*) : നിയമസഭാമെമ്പർമാർ ഇവിടെ വ്യക്തിപരമായ അഭിപ്രായമല്ല പറയേണ്ടതു്. അതുകൊണ്ടു് ഈ ചോദ്യംതന്നെ അസ്ഥാനത്തിലാണു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : നിയമസഭാമെമ്പർമാക്കു വ്യക്തിപരമായ അഭിപ്രായവും പുറപ്പെടുവിക്കാൻ അവകാശമുണ്ടെന്നു് അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*) : നിയമസഭാമെമ്പർമാർ പറയുന്നതു് അവർ പ്രതിനിധീകരിക്കുന്ന സമുദായത്തിൻെറയൊ നിയോജകമണ്ഡലത്തിൻെറയൊ അഭിപ്രായമാണു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : മെമ്പർ ഇപ്പോൾ പറയുന്നതു് ആരുടെ അഭിപ്രായമാണു്?

MR. V. J. OOMMEN (*Commerce and Industry, North*) : ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൻെറ അഭിപ്രായം ആണു്.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May I know from the member whether he is aware that the two members elected by the Namputiri community for the purpose of this Bill are equally divided in their opinion with reference to this Clause?

MR. V. J. OOMMEN (*Commerce and Industry, North*) : May be, I am not quite sure. അതുകൊണ്ടു് എൻെറ സ്നേഹിതൻ മിസ്റ്റർ രാമൻപിള്ള പറഞ്ഞതുപോലെ നമ്പൂതിരിസമുദായത്തിൽ ചുരുക്കം ചിലർമാത്ര

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

മേ കന്യകമാരെ വിവാഹംചെയ്യുകൊടുക്കുന്നതിൽ വിമുഖന്മാരായിട്ട കാണുന്നുള്ളൂ. വല്ല നിവർത്തിയുമുണ്ടെങ്കിൽ വിവാഹം ചെയ്യുകൊടുക്കും.

MR. R. RAMAN PILLAI (*Kottayam*): നമ്പൂതിരിസമുദായത്തിൽ വിവാഹത്തിന് തക്കതായ പുരുഷന്മാരെ കിട്ടുന്നതു് പ്രയാസമാണെന്നു് അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങനെയുള്ള പ്രതിബന്ധത്തെ നീക്കുകയാണു് ആദ്യമായിട്ടു് വേണ്ടതു്.

MR. R. RAMAN PILLAI (*Kottayam*): അതിലേക്കു വല്ല മാർഗ്ഗവും ഈ ബില്ലിൽ ചേർത്തിട്ടുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): ചേർത്തിട്ടില്ലെങ്കിൽ ചേർക്കണമെന്നു് മെമ്പർ അഭിപ്രായപ്പെടണം (ചിരി). അതിനാൽ ഞാൻ മിസ്റ്റർ ദാമോദരൻ ആശാന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): ഈ ബില്ലിനെ പലപ്രാവശ്യവും ഞാൻ വായിച്ചുനോക്കിയതിൽ ഒരുഭാഗത്തും ഈ വിവാഹത്തിനെ കുറിച്ചുള്ള ഡെഫ നിഷൻ കാണുന്നില്ല. ആ സ്ഥിതിക്കു് ഇന്നു് സമുദായത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആചാരമനുസരിച്ചു് ഉള്ള വിവാഹസമ്പ്രദായമാണു് യഥാർത്ഥത്തിൽ ആ സമുദായം സ്വീകരിച്ചിരിക്കുന്നതു് എന്നുവേണം ഉദ്ദേശിക്കാൻ. അങ്ങനെ വിവാഹത്തെ സംബന്ധിച്ചു് പ്രത്യേകം ഒരു ഡെഫനിഷൻ ഇല്ലാതിരിക്കയും സമുദായ ആചാരം മാത്രം വച്ചുംകൊണ്ടു് വിവാഹം നടത്തുകയും ചെയ്യുവരുന്നതിനാൽ വിവാഹത്തെ സംബന്ധിച്ചു് ഒരു ഭേദഗതി ഈ ബില്ലിൽ പ്രത്യേകമായി കൊണ്ടുവരണമെന്നു പറയുന്നതു് ഒരിക്കലുംശരിയല്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വിവാഹത്തിനുശേഷം ഇതിൽ ഒരു ഡെഫനിഷൻ കൊടുക്കാൻ സാധിക്കുമെന്നു അറിയാമോ?

MR. P. S. MAHOMED (*Nominated*): ഇതുവരെ കൊടുത്തിട്ടില്ല. ഇനി കൊടുത്തതുകൊണ്ടു് ഉപയോഗവുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ രണ്ടാമത്തെ വകുപ്പു് ഇന്നിമേലാണു് ആലോചനക്കു എടുക്കാൻപോകുന്നതു് എന്നറിയാമോ?

MR. P. S. MAHOMED (*Nominated*): അറിയാം. എന്നാൽ വിവാഹത്തിനെപ്പറ്റി ഒരു ഡെഫനിഷൻ കൊടുക്കണമെങ്കിൽ ഈ സമുദായത്തിലുള്ള വൈദീകാചാരപരമായ പല സംഗതികളും ആലോചിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

അതിലേക്ക് വേണ്ട തെളിവുകൾ എടുത്തു് ചെയ്യേണ്ടതാണു് എന്നാണു് എന്റെ അഭിപ്രായം.

MR. K. P. NILAKANTA PILLAI (*Chirayinkil*) : ഈ വിവാഹത്തിനെപ്പറ്റി പറയുന്നതായ മെംബർമാർ ആരും അതിനെപ്പറ്റി യാതൊരു അമൻഡുമെന്റും കൊണ്ടുവന്നിട്ടില്ല എന്നു അറിയാമോ?

MR. P. S. MAHOMED (*Nominated*): അറിയാം. അതുകൊണ്ടു് ഈ വിവാഹത്തെ സംബന്ധിച്ചു് ഒരു ഡെഫനിഷൻ ഒരു മിന്നിട്ടുകൊണ്ടു ഉണ്ടാക്കിക്കളയാം എന്നു വല്ല മെംബർമാരും വിചാരിക്കുന്നുവെങ്കിൽ അവർ നമ്പൂതിരിസമുദായത്തിന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുന്നവരല്ല. വൈദികവിഷയമായി നൂനതവരുന്ന നിബന്ധനകൾ ഈ ബില്ലിൽ വരുത്തുന്നതു ശരിയല്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. TAMARAPALLIL KOCHU TOMMAN (*Pattanamtitta*): സർ, മലയാളബ്രാഹ്മണർ സമുദായത്തിൽ അവിവാഹിതകളായസ്ത്രീകൾ വളരെകൂടുവാണ്. അച്ഛനും സഹോദരനും എപ്പോഴും സ്ത്രീയെ വിവാഹംകഴിച്ചു കൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായി കണ്ടുവരുന്നുണ്ടു്. ചെങ്ങന്നൂരിൽത്തന്നെ "അകത്തു് മൂവായിരം പുറത്തു മൂവായിരം" എന്നു് ഒരു കഥ കേട്ടിട്ടുണ്ടു്. ഫസ്റ്റ്-ലെ സെൻസസ്സിൽ ജനസംഖ്യ പതിനായിരമായിരുന്ന മലയാളബ്രാഹ്മണർ ഫൈനൽ-ൽ പതിനയ്യായിരമായിവർദ്ധിച്ചിട്ടുണ്ടെന്നു് കാണുന്നുണ്ടു്. ഇങ്ങനെ ഒരു സമുദായത്തിലും പത്തുകൊല്ലത്തിനിടയ്ക്കു ജനസംഖ്യ ഇതു വർദ്ധിച്ചുകാണുന്നില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : നമ്പൂതിരികുടുംബത്തിലെ എല്ലാപുരുഷന്മാരും വിവാഹം ചെയ്തുവരുന്നുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : ഇല്ല. കുടുംബഭരണം ചെയ്യുന്ന ഇല്ലത്തിലെ മൂപ്പൻമാത്രമേ സജാതീയ വിവാഹം ചെയ്യുന്നുള്ളൂ.

മലയാളബ്രാഹ്മണർ മറ്റു സമുദായത്തേക്കാൾ ഏറ്റവും മുന്നണിയിൽ നിൽക്കുന്നു എന്നുള്ളതു് ജനസംഖ്യ കാണിക്കുന്നുണ്ടു്. ഇപ്പോൾ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടു് കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഇവിടെ ആവശ്യമുള്ളതല്ല. വിവാഹത്തെസംബന്ധിച്ചു് ബിൽ റാജരാക്കിയകാലത്തു് ഒന്നും ചേർത്തിട്ടില്ലായിരുന്നു. സിലക്ട് കമ്മിറ്റിയിൽ അതിനെപ്പറ്റി വാദപ്രതിവാദവും നടത്തിട്ടില്ല. ഈ സന്ദർഭത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tamarapallil Kochutommen.]

ഭേദഗതി അംഗീകരിക്കപ്പെടാവുന്നതാണെങ്കിൽ അംഗീകരിക്കേണ്ടതാണ്.

MR. V. S. KRISHNA PILLAI (*Tiruvalla*): ഇവിടെ വാദത്തിലിരിക്കുന്ന ഭേദഗതി അനാവശ്യമാണ് എന്നും തെളിയിക്കുന്നതിന് അധികം ആലോചിക്കണമെന്ന് തോന്നുന്നില്ല. നംപൂതിരിസമുദായത്തിന്റെ പ്രതിനിധ്യം വഹിക്കുന്നവരും ഈ വിഷയത്തെപ്പറ്റി നല്ലപോലെ ആലോചിക്കുന്നവരും ആലോചിച്ചിട്ടുള്ളവരും യോഗ്യന്മാരും ആയ പല അംഗങ്ങളും ആദ്യം വാദത്തിനു കൊണ്ടുവന്ന അവസരത്തിൽ, ഈ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ധാരാളംഉണ്ടെന്നും ൪൦–൫൦–൬൦ വയസ്സ് ചെന്ന വൃദ്ധകൾ പോലും അവിവാഹിതകളായിട്ട് ധാരാളം ഇരിക്കുന്നുണ്ടെന്നും ഇവിടെപ്രസ്താവിച്ചു കഴിഞ്ഞു. വാസ്തവത്തിൽ ഇതു കേൾക്കുമ്പോൾ അനുകമ്പ തോന്നാത്ത മനുഷ്യഹൃദയം ഉണ്ടെന്നു തോന്നുന്നില്ല. നംപൂതിരിസമുദായത്തിലെ ഒരു ഇല്ലത്തിലെ കാരണവൻ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ഈ വകുപ്പു കൊണ്ടുവന്നവരോട് ഒരു ചോദ്യം ചോദിക്കുമായിരുന്നു. കാരണവന്റെ ദുഷ്യംകൊണ്ടു മാത്രമാണൊ ഈ അധികം ഇല്ലങ്ങളിലും അവിവാഹിതകളായി പ്രായം അധികമുള്ള സ്ത്രീജനങ്ങൾ ഇരിക്കുന്നതെന്ന് ചോദിക്കുമായിരുന്നു. എന്നാൽ ഇവരുടെ ഉത്തരം എന്തായിരിക്കും. ഒരുകാലത്തും കാരണവന്റെ ദുഷ്യംകൊണ്ടും ഉപേക്ഷകൊണ്ടുമാണെന്ന് വിചാരിക്കാൻ ന്യായമില്ല. എത്രമാത്രം ദോഷിയായ ഒരു കാരണവനായാലും ഇങ്ങിനെയുള്ള കാര്യത്തിൽ തീച്ചയായിട്ടും മനുഷ്യസ്വഭാവമനുസരിച്ച് ഏതുപ്രകാരത്തിലെങ്കിലും വിവാഹം നടത്തിക്കണമെന്നതന്നെ വിചാരിക്കും. പ്രായപൂർത്തിയായ ഒരു സ്ത്രീയെ ഒരില്ലത്തിൽ വച്ചുകൊണ്ടിരിക്കുന്നതു ദുരിതമാണെന്ന് കരുതാത്തയാതൊരു കാരണവനും—ദോഷിയായ കാരണവനും—ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇങ്ങിനെയിരിക്കുന്ന ഈ വിഷയത്തിൽ കാരണവന്റെ ദുഷ്യംകൊണ്ട് വിവാഹം ചെയ്യുകൊടുക്കാതിരുന്നാൽ ഇളമുറക്കാരനു മുന്നിട്ട് നിന്നു അതു വിവാഹം നടത്താമെന്നു ഒരു വകുപ്പു കൊണ്ടുവന്നിരിക്കുന്നതു പൊതുവേ കാരണവസ്ഥാനത്തിനു അധിക്ഷേപാർഹമാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവിവാഹിതകളായ സ്ത്രീജനങ്ങളുടെ വർദ്ധിക്കുന്നതിനുള്ള കാരണം പറയാം. എന്റെ സ്നേഹിതൻ ഇവിടെ മൂണ്ടിക്കാണിച്ചതുപോലെ നംപൂതിരികുടുംബത്തിലുള്ള ഇളമുറക്കാർ സജാതീയവിവാഹം ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിൽകാണിക്കുന്നഉപേക്ഷയായിരിക്കണം പ്രധാനമായ കാരണം. അ ല്ലാതെ കാരണവന്റെ അപ്രാപ്തി ആണെന്ന് ഒരിക്കലും വിചാരിച്ചുകൂടാ.

MR. A. G. MENON (*Parur*) : മുത്തമകനല്ലാതെ അതിനടുത്തുള്ള ആ ളുകളെ കാരണവൻ വിവാഹം നടത്താൻ സമ്മതിക്കുകയില്ലെന്ന് അറി യാമോ?

MR. V. S. KRISHNA PILLAI (*Tiruvalla*): അങ്ങിനെ സമ്മതിക്കാതി രിക്കുന്നതിന്റെ ഫലമാണ്, ജരയും നരയും വന്നാലും വിവാഹം ചെയ്യാ തിരിക്കുന്നതിന് ഇടയായിട്ടുള്ളതു്. അതുകൊണ്ട് അങ്ങിനെയുള്ള ഒരു നിയമമൊഭേദഗതിയോ ഉണ്ടാക്കിയാൽ അതു് വളരെ ഭംഗിയായിരിക്കും. അതുകൊണ്ടു് കാരണവന്റെ ഉദാസീനതകൊണ്ടു്, മാത്രമല്ല, അവിവാ ഹിതകളായിട്ടിരിക്കുന്നതു്.

MR. A. G. MENON (*Parur*) : അതിനു് നാലുമാസത്തിനുമുമ്പു് നോ ട്ടീസുകൊടുക്കണം; പിന്നെ നടത്താം.

MR. V. S. KRISHNA PILLAI (*Tiruvalla*): ആ സ്ഥിതിക്കു് കാ രണവന്റെ ദുഷ്യംകൊണ്ടാണെന്ന് വിവാഹം കഴിക്കാത്തതായ പ്രായാധി ക്യമുള്ള സ്ത്രീജനങ്ങളം ഇരിക്കുന്നതു് എന്ന് വിചാരിക്കാൻ എന്തു് ന്യാ യമാണുള്ളതെന്ന് സ്നേഹിതന്മാർ ആലോചിച്ചുനോക്കണം. ഒരുകാല ത്തും കാരണവന്റെ ദുഷ്യമായിരിക്കുകയില്ല. എത്ര ദുർബുദ്ധിയായ ഒരു കാരണവനായിരുന്നാലും അവിവാഹിതകളായ സ്ത്രീകളെ വിവാഹംചെ യ്യുകൊടുത്തു് ഇല്ലം പരിശുദ്ധമാക്കണമെന്ന് വിചാരിക്കുന്നതിനേ തര മുള്ളൂ. അങ്ങിനെ വിചാരിക്കാത്ത ഒരു വ്യക്തിയും ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല.

MR. A. G. MENON (*Parur*) : പണമുള്ള ഇല്ലങ്ങളിൽപോലും കേവ ലം പണം കൊടുക്കാൻ മടിച്ചിട്ട് മരിക്കാറായിക്കിടക്കുന്ന വൃദ്ധനെക്കൊ ണ്ടു ചിലപ്പോഠം വിവാഹം കഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

MR. V. S. KRISHNA PILLAI (*Tiruvalla*) : അതും ഞാൻ മുമ്പുപറഞ്ഞ കാര്യമാണ്. പതിനാറൊ പതിനെട്ടൊ വയസ്സായി വിവാഹത്തിനു് പ്രായം വന്നിട്ടുള്ള സ്ത്രീകളെ ന്യൂ.-ം വൃ.ം-ം വയസ്സായവൃദ്ധന്മാക്കു് വിവാ ഹം കഴിച്ചുകൊടുക്കുന്നതുകൊണ്ടുതന്നെ കാരണവന്മാർ വിവാഹംകഴിച്ചു കൊടുക്കുന്നതിൽ വിമുഖന്മാരല്ലാ എന്ന് തെളിയുന്നു. അനുരൂപനായ ഒരു ഭർത്താവിനെ കിട്ടാത്ത അവസരത്തിൽപോലും വൃദ്ധന്മാക്കു് വിവാ ഹം കഴിച്ചുകൊടുത്തെങ്കിലും വിവാഹം നടത്തിക്കളയാമെന്ന് കാരണ വൻ വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. ITTOOP ITTEECHAN (*Kunnatnad*): കാരണവൻ എങ്ങിനെയെങ്കിലും ഉപേക്ഷ കാണിക്കുന്ന എങ്കിൽ അതു് അനന്തിരവനു് ആയിക്കൊള്ളാമെന്നാണെല്ലൊ ബില്ലു കൊണ്ടുവരുന്നതു്.

MR. V. S. KRISHNA PILLAI (*Tiruvalla*): അങ്ങിനെ ഉപേക്ഷ വരികയില്ല.

MR. V. CHELLAM PILLAI (*Tovala*): സ്ത്രീകളെ കല്യാണംകഴിച്ചു കൊടുക്കുമ്പോൾ സ്ത്രീധനം കൊടുക്കാറുണ്ടോ?

MR. V. S. KRISHNA PILLAI (*Tiruvalla*): കൊടുക്കുന്നുണ്ടു്.

MR. V. CHELLAM PILLAI (*Tovala*): എന്തു് തുകകൊടുക്കും?

MR. V. S. KRISHNA PILLAI (*Tiruvalla*): അതു് വരുന്ന ഭർത്താവിന്റെ അപ്പോഴത്തെ സന്ദർഭവും യുക്തവുംപോലെയാണു് സ്ത്രീധനത്തിന്റെ കാര്യം നിശ്ചയിക്കുന്നതു്. വളരെ ക്ലേശിച്ചു് എങ്ങിനെയെങ്കിലും ഭർത്താവിനെ കിട്ടിയാൽ മതിയെന്നു് വിചാരിക്കുന്ന എങ്കിൽ അടിയന്ത്രം ഭംഗിയായി നടത്തും. സമുദായത്തിൽ മറുമക്കൾവരുടെയിടയിലും അന്യസമുദായത്തിനിടയിലും ആക്ഷേപം വരാതിരിക്കത്തക്കവിധത്തിൽ കാര്യം നിവഹിക്കണം. കുടുംബക്കാരനും ബുദ്ധിമാനുമായ ഒരാളാണെങ്കിൽ അതിന്നനുസരണമായിട്ടു് ചെയ്യണം.

MR. V. CHELLAM PILLAI (*Tovala*): ഭർത്താക്കന്മാരെകിട്ടാൻ പ്രയാസമാണെന്നിരിക്കെ വയസ്സായവരെ കിട്ടുമ്പോഴും വല്ലതും കൊടുക്കേണ്ടിവരികയില്ലയോ?

MR. V. S. KRISHNA PILLAI (*Tiruvalla*): അതു രണ്ടുവിധത്തിലും വരാം. വയസ്സായ ഒരാളിനു് ഒരു ചെറുപ്പക്കാരിയായ ഭാര്യയെ കിട്ടുന്നതുകൊണ്ടു് സ്ത്രീധനം ഇല്ലാതെതന്നെ വിവാഹം നടത്തി എന്നു് വരാം.

MR. ITTOOP ITTEECHAN (*Kunnatnad*): പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും വിവാഹം ചെയ്യുന്നില്ലേ?

MR. V. S. KRISHNA PILLAI (*Tiruvalla*): അതു് നംപൂതിരിസമുദായത്തെപ്പോലെ മറെറല്ലാസമുദായങ്ങളിലും നടക്കുന്നുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അതിനേപ്പററി ഇവിടെ പ്രതിപാദിക്കേണ്ടയാവശ്യമില്ല.

MR. V. CHELLAM PILLAI (*Tovala*): നമ്പൂതിരിഇല്ലത്തിലെ കാരണവനും അനന്തിരവനും ആയിട്ടു് രസക്കേടു വരാറില്ലെ?

MR. V. S. KRISHNA PILLAI (*Tiruvalla*): അതൊന്നും ഞാൻ അന്വേഷിക്കാറില്ല. അതിനാൽ ഈ ഭേദഗതി അനാവശ്യമാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സമുദായത്തിന്റെ ആചാരങ്ങളെപ്പറ്റിയും മറ്റും നമ്പൂതിരി സ്നേഹിതന്മാർ തന്നെ പല പ്രകാരത്തിലും വിസ്തരിച്ചു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഈ ഭേദഗതി നിമിത്തം ഗുണമോ ദോഷമോ എന്നുള്ളതിനെപ്പറ്റി ധാരാളം തെളിയിച്ചിട്ടുണ്ടു്. അവിവാഹിതകളായ നംപൂതിരി അന്തർജ്ജനങ്ങളുടെ ശോച്യാവസ്ഥയെ പരിഹരിക്കുന്നതിനു് ഏതുപ്രകാരത്തിലുള്ള ഒരു വകുപ്പു് ഗുണമാണെന്നു് വിചാരിക്കുന്നവൊ അതിനു് നമ്പൂതിരി സ്നേഹിതന്മാരും അവരോടു് അനുകൂലമുള്ള മറ്റു സ്നേഹിതന്മാരും ചേർന്നു് ഗാഢമായി ആലോചിച്ചു് ചെയ്യുന്നതു് കുറെക്കൂടി നന്നായിരിക്കുമെന്നു് വിചാരിക്കുന്നു. ഇതു് കേവലം നിസ്സാരമായ ഒരു വിഷയമല്ല. കാരണവൻ ദോഷിയാണൊ, അവിവാഹിതകളെ വിവാഹിതകൾ ആക്കിക്കളയാൻ ഏതെങ്കിലും അനന്തിരവൻ വിചാരിച്ചാൽമതിയൊ, അതിന്റെ പ്രതിഫലവും അടിയന്തരച്ചിലവും എല്ലാം കുടുംബത്തിൽ നിന്നും ഈടാക്കാമൊ, എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കാതെ തീർച്ചപ്പെടുത്തുന്നതു് ശരിയല്ല. അതിനാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. K. N. KESAVAN NAMPUTIRIPAD (*Jennies*): I move that the question be now put.

PRESIDENT. Let him finish his speech.

MR. V. S. KRISHNA PILLAI (*Tiruvalla*): ഈ കാരണങ്ങളാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

MRS. ELIZABETH KURUVILA (*Nominated*): Sir, I wish to support this amendment. It seems to me that the Namputiri Bill has been introduced in order to further the interests of the Namputiri community and to bring about some progress in that community. I think that every Clause that stands for the betterment of the conditions of the members of that community should be supported by all the members of this House. Members who opposed this amendment, opposed it chiefly on the ground that the introduction of the Clause before the House would cause some upheaval in the community itself. I think any new step that stands for the progress of any community is bound to cause upheaval among certain number of people. On that ground alone I do not think such Clauses should be objected to.

The main thing we should look at in such matters is, whether this Clause really helps the men and women of that community. It seems to me that the Clause as it stands, with the amendment, "the 18th year of age," and "with her consent" after the words "right to get her married" will not be more of a hindrance to the women than are the existing customs. On the other hand it will only help the cause of the community. It is true we cannot eliminate all the difficulties that might come about, if this amendment is adopted. It was suggested by one of the members that even with the adoption of

LIBRARY ARCHIVES Kerala Legislative Assembly

[Mrs. Elizabeth Kuruvila.]

the new Clause a girl might be given in marriage to a man who is older than herself by getting her consent through other women in the Illom. I do not see why the opinion that is got through other women should be objected to. At the same time it is open to the girl who has been forced into marriage, to refuse that marriage at the moment of her marriage. I think that difficulty can be got over in that way. The Clause as far as it stands only helps the women of that community. I would have liked to see it go very much further. But, since that is not possible now, I do not propose to say anything more. I think this Clause deserves the support of every member of this House, because it does help the cause of the Namputiri community in furthering and bettering its conditions. (Mr. A. S. Damodaran Asan, *Hear ! Hear !*)

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞാൻ ഭേഭഗതിയെ അനുകൂലിക്കുന്നു. ഒരു ക്ലിപ്തകാലത്തിനു് മുമ്പു് മലയാള ബ്രാഹ്മണകുടുംബത്തിലെ ഒരു സ്ത്രീയെ ആ കുടുംബത്തിലെ ഗൃഹനായകൻ വിവാഹം ചെയ്തു കൊടുത്തില്ലെങ്കിൽ ആ കുടുംബത്തിലെ മറേറതെങ്കിലും അംഗത്തിനു് ആ കൃത്യം നിവ്വഹിക്കുന്നതിനു് അധികാരം നല്കുന്ന ഈ ഭേഭഗതി ഏറവും കാലോചിതവും ആവശ്യവുമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇതു് ഗൃഹനായകനു് ദുഷ്യമല്ല. അദ്ദേഹത്തിന്റെ ഉദാസീനതയൊ അപ്രാപ്തിയൊകൊണ്ടു് ഒരു വിവാഹം നടക്കുന്നില്ലെങ്കിൽ ആ അധികാരം കുടുംബത്തിലെ മറേറതെങ്കിലും അംഗം നടത്തുന്നതുകൊണ്ടു് അദ്ദേഹത്തിനു് അതുകൊണ്ടു് യാതൊരു പോരായ്മയും വരാനില്ല. അതിന്റെ ചിലവു് കുടുംബം വഹിക്കണമെന്നേയുള്ളു. അതുകൊണ്ടു് കായ്യം കുറെക്കൂടി നടക്കാനാണു് എളുപ്പം.

MR. V. S. KRISHNA PILLAI (*Tiruvalla*): താൻ നടത്തേണ്ടുമതല്ല വേറൊരാൾ നടത്തുന്നതുകൊണ്ടു് കാരണവൻ അപ്രാപ്തനാണെന്നാണല്ലെന്നൊ അഭിപ്രായം?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പ്രവൃത്തികൊണ്ടു് അപ്രാപ്തനൊ, പ്രാപ്തനൊ, ഉദാസീനനൊ എന്നു വെളിപ്പെടുത്തുന്നില്ലെ? വിവാഹം നടത്തിയില്ലെങ്കിൽ അതു കാരണവന്റെ അപ്രാപ്തികൊണ്ടല്ലെ. അല്ലെങ്കിൽ മനസ്സില്ലായ്മ കൊണ്ടാണെന്നു വേണം വിചാരിക്കുവാൻ. ഒരാൾ നടത്താത്തകായ്യത്തെ മറൊരാൾ നടത്തുകയാണു ചെയ്യുന്നതു്. അതുകൊണ്ടു കുടുംബത്തിനു അപമാനമല്ലാവരുന്നതു്, നേരെമറിച്ചു് ബഹുമാനവും കാരണവനു് കായ്യശേഷിയും ഉണ്ടാക്കുകയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. S. KRISHNA PILLAI (*Tiruvalla*): കൊള്ളരുതായ്കകൊണ്ട് ബഹുമാനമാണൊവരുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): രോഗംകൊണ്ടുള്ള അപ്രാപ്തിയാലൊ മനസ്സില്ലായ്മയാലൊ കാര്യം നടക്കാതെ ഇരിക്കുന്നഎങ്കിൽ അതു് കുടുംബത്തിനു് അപമാനമാണു്. അതിനെ പരിഹരിക്കേണ്ടതു് കുടുംബത്തിലേ എല്ലാഅംഗങ്ങളുടേയും കടമയാണു്. ആ കടമ നടത്തുന്നതിനു് ഒരു നിയമംമൂലം സൗകര്യം ലഭിക്കുന്നതു് മലയാളബ്രാഹ്മണ സമുദായത്തിനു് അഭിമാനകരമായ ഒരു സംഗതിയാണു്. ഒരുക്ലിപ്തകാലത്തിനുമുമ്പു വിവാഹം നടത്തിയില്ലെങ്കിൽ അതു് ഒരു ഇളമുറക്കാരൻ നടത്തണമെന്നു് ഒരു നിയമം മൂലം അനുമതി നൽകുന്നതെയുള്ളു.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അങ്ങിനെയാണെങ്കിൽ ഇന്നു വിവാഹം കഴിച്ചുകൊടുക്കുന്നതിനുള്ള കാരണവന്റെ ചുമതലയ്ക്കു് കുറെക്കൂടി കുറവു വരുമെന്നു് മെമ്പർക്കു് വിശ്വാസമുണ്ടൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): കൃത്യബോധമുള്ള ഒരാൾ സ്വന്തകൃത്യം ചെയ്യാതിരുന്നാൽ അതു് മറെറാരാൾ ചെയ്തുകൊള്ളുമെന്നു് സമാധാനപ്പെടാൻ സാധിക്കുകയില്ല. അവനവൻ ചെയ്യേണ്ടതു് അവനവൻതന്നെ ചെയ്യും. അപ്രാപ്തികൊണ്ടൊ ഉദാസീനതകൊണ്ടൊ ചെയ്യാതിരിക്കുന്നെങ്കിൽ മാത്രമെ മറെറാരാൾ ചെയ്യുകയുള്ളു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇതുകൊണ്ടു് കാരണവൻ അപ്രാപ്തനാണെന്നു് ഒരുപ്രഖ്യാപനം കൂടി ഉണ്ടാകയല്ലെ ചെയ്യുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അങ്ങിനെ ഉണ്ടാകുമായിരിക്കാം. പക്ഷെ മറെറാരാൾ ആ കാര്യം നിവഹിക്കുന്നതു കൊണ്ടുകാരണവനു പോരായ്മ ഒന്നുമില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): അവിവാഹിതകളായിട്ടുള്ളസ്ത്രീജനങ്ങൾ ഉണ്ടായിരിക്കുന്നതു് കാരണവന്റെ ഉദാസീനതകൊണ്ടാണൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അങ്ങിനെ ഞാൻപറഞ്ഞില്ല. എന്തു കാര്യമായാലും കാരണവൻ നടത്താത്ത ഒരു കാര്യത്തെ ഇളമുറക്കാരനു നടത്തുന്നതിനു് നിയമം മൂലം സൗകര്യം നൽകാൻ പാടില്ല എന്നു് പറയുന്നതിനു് എന്തുകാരണമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ണമെന്നുള്ളതു്. നിശ്ചയമായിട്ടും വിവാഹം നടക്കേണ്ടതാണു്. അതു് നടത്തുന്നില്ല. അതു നടത്തുന്നതിനു് മറ്റൊരാൾക്കു കൂടി അധികാരം കൊടുത്തിരുന്നാൽ അവർ ശ്രമിച്ചു് അതു് നടത്തിക്കുന്നവരാം. മനസ്സില്ലായ്മകൊണ്ടു് ഒരാൾ നടത്താൻ തുനിയുന്നില്ലെങ്കിൽ അതിനു് മറ്റൊരാളിനു് അധികാരമില്ലെങ്കിൽ അതു് നടക്കുകയില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : ഉദാസീനതകൊണ്ടാണു് കാരണവൻ തക്കസമയത്തു് വിവാഹം ചെയ്തു കൊടുക്കാതിരിക്കുന്നതു് എന്നു് പറയുന്നു. അതിനെ പരിഹരിക്കാൻ മറ്റൊരാളിനെക്കൂടി ചുമതലപ്പെടുത്തുന്ന ഇപ്പുതിയവ്യവസ്ഥകൊണ്ടു് കാരണവനെക്കുറെക്കൂടി ഉദാസീനനായിരിക്കാൻ സഹായിക്കുകയല്ലെ ചെയ്യുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : അങ്ങിനെ ഉദാസീനനായിരിക്കുന്നതിനു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള പറഞ്ഞതുപോലെ കാരണവനെ ശിക്ഷിക്കണമെന്നു ഞാൻ പറയുന്നില്ല. ആ വ്യവസ്ഥ ആക്ഷേപനിർഭ്ഭയമായിട്ടുള്ളതാണു്. കാരണവന്റെ ഉദാസീനതകൊണ്ടു് വിവാഹം നടക്കാതിരിക്കുന്നു എങ്കിൽ അതിനു് കാരണവനെ ശിക്ഷിക്കണമെന്നു പറയുന്ന മാമൂലിനു വിരുദ്ധമായ അഭിപ്രായം എനിക്കില്ല. അതിനെ പരിഹരിക്കുന്നതിനു് കാരണവന്റെ ഇളമുറക്കാരനു് വിവാഹം നടത്തുന്നതിനുള്ള അധികാരം കൊടുത്താൽ സാധിക്കുന്നതാണു്. അതിനാൽ ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*) : There has been sufficient discussion on this Clause and therefore I move that the Clause be now put.

MR. A. G. MENON (*Parur*) : I would like to say one word in favour of the Bill. Of course, on all occasions when there is any provision brought forward it is considered to be a little above the normal level of social opinion of the day. It is often the case that people will fight against it irrespective of the merits of the question. Here it has been repeatedly said by my friends that we are discussing a provision regarding marriage. There is no Chapter about marriage, nor was anything said about marriage in the Select Committee. They did not say how this discussion would come. First there is a provision here regarding the Karanavan's powers. Secondly, we have to see how those powers are to be delegated. While we are going through the provision regarding the powers of the Karanavan, incidentally, we came upon this point. It is but a natural consequence of the order in which we have to proceed. Incidentally, this is one of the duties of the Karanavan. Suppose he neglects his duty. In such cases, that duty which is considered to be one of the most important of the Karanavan's

LIBRARY ARCHIVES Kerala Legislative Assembly

it is our duty to see it performed by any other member of the family who is able and willing to do it. I do not think this amendment in any way derogates or casts any reflection on the Karanavan. Owing to several reasons a karanavan might not be able to get the girl married. Some of my friends who are hard at this amendment, if they knew the real condition of the women and the sort of marriages they sometimes go through—as an instance, there are examples of girls who are given in marriage to people who are in death-bed knowing that they will die, simply because they wanted to get the girl married. One's blood boils at the thought of such instances. Of course, it may be due not exactly always to the Karanavan's studied neglect. But so many factors conspire and produce such a kind of unnatural position among the Namputiri community. I do not want to dilate upon these topics. All I say is, it is the duty of all of us to see the community progress, and those who are of that opinion should give their full and free vote to this amendment.

MR. REVATI NAL RAMA VARMA RAJA (*Edavagai*): മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ അമെൻറ്മെൻറിനോട് അനുകൂലിക്കാൻ നിവൃത്തിയില്ല. അതു് ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്ക് പലവിധ കുഴപ്പങ്ങളും ഉണ്ടായേക്കാനിടയുള്ളതുകൊണ്ടു് സപ്ലിമെന്ററി ചോദ്യത്തോടുകൂടി ഒരു അഭിപ്രായം ഞാൻ പറയാമെന്നു് വിചാരിക്കുന്നു. അതിനെ അവർ സമ്മതിക്കുന്നതായാൽ നന്നായിരിക്കും. എന്റെ ചില നമ്പൂരിസ്നേഹിതന്മാരും ഈ അഭിപ്രായത്തോടു യോജിക്കുന്നു എന്നുപറകയാൽതന്നെയാണു് ഞാൻ അതിനെഇവിടെ പ്രസ്താപിക്കണമെന്നു വിചാരിക്കുന്നതു്.

"Any member of the Illom" എന്നുള്ളതിനു് പകരം "അച്ഛനൊ സഹോദരനൊ അവർ ഇല്ലാത്തപക്ഷം ഉടകപൂവ്വം കന്യകാദാനം ചെയ്തു കൊടുക്കുന്നതിനു അവകാശമുള്ള ആളൊ" അതായതു് nearest relation എന്നു് ചേർത്താൽ കുറെക്കൂടി നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നതുകൊണ്ടു് ഈ അഭിപ്രായത്തെ ഇവിടെ പറഞ്ഞുകൊള്ളുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മിസ്റ്റർ രേവതിനാൾ രാമവർമ്മ രാജാവിന്റെ ഭേദഗതിയോടു് ഞാൻ യോജിക്കുന്നു.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കാൻ തയ്യാറാണു്.

PRESIDENT: I think I might say that the House has reason to feel gratification at the way in which it has dealt with this matter this evening. Almost every member has shown interest in the subject and the point at issue has been discussed from all possible aspect so far as one can see. At the last moment we find a kind of compromise suggested which both sides seem to be prepared to accept. We have now come to the end of the time today and the discussion will be treated as having closed. Tomorrow when we meet, there will be no

LIBRARY ARCHIVES Kerala Legislative Assembly

[President.]

discussion. But if the Namputiri members of this House could, when we meet tomorrow morning, tell us that they have agreed upon a particular compromise and give us an amendment worded so as to suit that compromise, it might be of very great help to the House in arriving at a discussion on the point. The discussion therefore is closed and tomorrow there will only be the voting.

The House will now rise and meet again tomorrow at 11-30 A. M.

The Council adjourned at 5 P. M. to meet again the next day at 11-30 A. M.

P. N. KRISHNA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly